# സുന്നി അഫ്കാർ

2011 ജനുവരി 26 | 21 സ്വഫർ 1432 | പുസ്തകം 01 ലക്കം 20

21/പിണങ്ങോട് അബൂബക്ർ
ഐക്യചർച്ചകളിലെ
മുൻഗണനാക്രമങ്ങൾ

25/ഉമർ റഹ്മാനി പുല്ലൂർ
സ്വൂഫിയായ
ജ്ഞാനസേവകൻ

30/ജലീൽ ഫൈസി പുല്ലങ്കോട്
മറ്റൊരാളുടെ
നന്മയാണ് കാര്യം

## കാവിഭീകരതയുടെ പുതിയ വെളിപ്പെടുത്തലുകൾ

08



ശഫൂഖ് പന്നൂർ

## ഭീകരതയുടെ പുതിയ ഗുരുക്കൻമാർ



12

ശാഹിദ് തിരുവള്ളൂർ

## വിയോജിപ്പിനുമപ്പുറം യോജിപ്പിന്റെ ഒരു കൈ

15



നാസർ ഫൈസി കൂടത്തായ്

വായനക്കാരുടെ എഴുത്തുകൾ
എഡിറ്റോറിയൽ
വാർത്തകൾ
വിചാരപഥം

മാനേജിങ് ഡയറക്ടർ : പാണക്കാട് സയ്യിദ് ഹൈദറലി ശിഹാബ് തങ്ങൾ

**ചീഫ് എഡിറ്റർ**
പ്രൊഫ. കെ ആലിക്കുട്ടി മുസ്‌ലിയാർ
**എക്സിക്യൂട്ടീവ് എഡിറ്റർ**
പിപി മുഹമ്മദ് ഫൈസി
**എഡിറ്റർ**
വേങ്ങൂർ സ്വലാഹുദ്ദീൻ റഹ്മാനി

**എക്സിക്യൂട്ടീവ് ഡയറക്ടർ**
ഹാജി കെ മമ്മദ് ഫൈസി
**ജനറൽ മാനേജർ**
അബ്ദുസ്സമദ് പൂക്കോട്ടൂർ
**പബ്ലിഷർ**
എംപിഎം അസ്സൻ ശരീഫ് കുരിക്കൾ

**സർക്കുലേഷൻ**
സിപി ഇഖ്ബാൽ
**കവർ**
ശംസീർ
**ലേ-ഔട്ട്**
ഹമീദ് മേൽമുറി

**വില 5 രൂപ**
സമസ്താലയം, ചേളാരി
തേഞ്ഞിപ്പലം - 673 636
മലപ്പുറം ജില്ല, കേരള
ഫോൺ: 0494 2400938
sunniafkar@gmail.com

# വായനക്കാരുടെ എഴുത്തുകൾ

കത്തുകൾ ഇ-മെയിലും ചെയ്യാം: editorsunniafkar@gmail.com



# നമ്മുടെ ചിന്താമണ്ഡലങ്ങൾ ദാർശനിക വരൾച്ച നേരിടുന്നു

**യൂസുഫലി കോട്ടുമല**
മലപ്പുറം

സമ്പൂർണ ക്രിയാത്മകതയോടെയുള്ള പ്രത്യയശാസ്ത്രമാണ് ഇസ്‌ലാം ലോകത്തിനു സമർപ്പിച്ചത്. അന്ത്യപ്രവാചകരുടെയും പിൻഗാമികളുടെയും സ്പർശത്താൽ അതിന്റെ യഥാർത്ഥ അനുയായികളിലേക്കെത്തിച്ചേർന്നിരിക്കുകയാണത്. എന്നാൽ, പുണ്യ റസൂലിന്റെയും അനുജരൻമാരുടെയും കാലത്തുണ്ടായ ഇസ്‌ലാമിന്റെ ശീഘ്രഗതിയിലുള്ള വളർച്ച ഇപ്പോൾ വരൾച്ചയായി മാറുകയാണോ എന്നു സംശയിക്കുകയാണ്.

മുസ്‌ലിം സ്പെയ്നിന്റെ ആധുനിക ശോഭനമായ ചരിത്രം ആധുനിക മുസ്‌ലിംകൾക്ക് ഉദാത്തമായ മാതൃകയാണ്. അങ്ങനെയൊരു സ്പെയിനും കോർദോവയും ആധുനിക ലോകത്ത് സൃഷ്ടിച്ചെടുക്കാൻ സാധിക്കാത്തതാണ് ഇസ്‌ലാമിക ചിന്താസരണി നേരിടുന്ന വലിയ വരൾച്ച. ഈ മനുഷ്യമഹാസഞ്ചയം മൗനത്തിൽ പുതഞ്ഞ്കിടക്കുകയാണ്. ജീവനുണ്ടെന്ന് തോന്നിപ്പിക്കുംവിധം ഞെരക്കങ്ങൾ മാത്രം കേൾക്കാം. ഇന്ത്യയിലെ ദുർബല ന്യൂനപക്ഷങ്ങളായ മുസ്‌ലിംകളെക്കുറിച്ച് രാം മനോഹർ ലോഹ്യ പറഞ്ഞ വാക്കുകളാണിത്. ഇന്ത്യയിലെ മുസ്‌ലിംകളെക്കുറിച്ചാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞതെങ്കിലും ഇന്നത് ആഗോള മുസ്‌ലിംകളുടെ കാര്യത്തിൽ വരെ വാസ്തവമാണ്. ആരുടെയൊക്കെയോ ആട്ടും തുപ്പുമേറ്റ് ചവറ്റുകൊട്ടയിൽ കിടന്ന് ചീഞ്ഞളിഞ്ഞു കൊണ്ടിരിക്കുകയാണോ മുസ്‌ലിംകൾ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നവ ലിബറൽ വ്യവസ്ഥിതിക്കെതിരെ ഇസ്‌ലാം ശക്തിയായി പ്രതിഷേധിക്കുന്നുണ്ടെങ്കിലും ലോകഭൂപടത്തിൽനിന്നു തന്നെ ഇസ്‌ലാമിനെ പിഴുതെറിയാൻ

സാമ്രാജ്യത്വ ശക്തികൾ തക്കം പാർത്തിരിക്കുകയാണ്.

ദിനേനെയുള്ള ഇസ്‌ലാമിന്റെ ശീഘ്രഗതിയിലുള്ള മുന്നേറ്റമാണ് അവരെ ഇതിനുവേണ്ടി പ്രേരിപ്പിക്കുന്നത്. ഇതര മതങ്ങളിൽ നിന്നും ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്യുന്നവരുടെ സംഖ്യ ഗണ്യമായി വർധിച്ചുവരുകയാണ്. ഇതവരെ ഭയപ്പെടുത്തുകയും തൻമൂലം ഇസ്‌ലാമിനെതിരെ അവരെ പ്രേരിപ്പിക്കുകയും ചെയ്തു. സാമുവൽ ഹണ്ടിംഗ്ടൺ രചിച്ച The clashes of civilization എന്ന കൃതിയിലും ഇതേക്കുറിച്ചുള്ള പരാമർശങ്ങളുണ്ടായി. ഇന്ന് ലോകത്ത് ക്രൈസ്തവ മതത്തോട് ഏറ്റുമുട്ടാൻ കഴിയുന്ന ഒരു മതം നിലനിൽക്കുന്നുണ്ടെങ്കിൽ അത് ഇസ്‌ലാം മാത്രമാണെന്ന് ഹണ്ടിംഗ്ടണിന്റെ പ്രസ്താവന ഇവിടെ ചേർത്തുവായിക്കുമ്പോൾ ആധുനിക യുഗത്തിലെ ഇസ്‌ലാമിന്റെ ശക്തി നമുക്ക് തിരിച്ചറിയാനാവും. ഒരുപക്ഷെ, ഒരു കാര്യത്തിൽ നമുക്ക് അഭിമാനിക്കാം. സാമ്രാജ്യത്വ ശക്തികളുടെ ഇത്തരം കോപ്രാട്ടിത്തരങ്ങൾക്ക് പ്രോത്സാഹനമേകുന്നത് ഇസ്‌ലാമിന്റെ ശക്തിയും ഉയർച്ചയുമാണല്ലോ എന്നതിൽ.

ഇസ്‌ലാമിന്റെ മൗലികമായ ആശയങ്ങൾ അതിന്റെ ഉള്ളറ ചികഞ്ഞ് പരിശോധിക്കുകയും സത്യം മനസ്സിലാക്കിയിട്ടും അതിനെ വിമർശിക്കുകയും ചെയ്യുന്ന ഓറിയന്റലിസവും അമേരിക്കയിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ള തീവ്ര-ക്രൈസ്തവ വിഭാഗമായ ഇവാഞ്ചലിസ്റ്റുകളും രൂപീകരിക്കപ്പെട്ടത് തന്നെ ഇസ്‌ലാമിന്റെ ഉന്മൂലനത്തിനു വേണ്ടിയാണെന്ന് ചരിത്രത്താളുകളിൽ നിന്നും നമുക്ക് മനസ്സിലാക്കാം. അതിനുവേണ്ടി അവരുടെ പണിപ്പുരകൾ കോപ്പു കൂട്ടിക്കൊണ്ടിരിക്കുകയാണെന്നത് പരസ്യമായ രഹസ്യമാണ്.

2001 സെപ്തംബർ 11-ന് ശേഷം ലോകത്ത് ഉയർന്നുവന്ന രണ്ട് ആശയങ്ങളാണല്ലോ എക്സ്ട്രമിസവും ടെററിസവും. മുസ്‌ലിം നാമധാരികളായ ഒന്നോ രണ്ടോ പേർ ഏതെങ്കിലും തീവ്രവാദ ഭീകരവാദ കേസുകളിൽ പിടിക്കപ്പെടുമ്പോഴും ഇസ്‌ലാമിനെ തീവ്രവാദി സംഘടനയായും മുസ്‌ലിംകളെ അവമതിച്ചും കാണാൻ ശ്രമിക്കുന്നത് ഇവർക്കേറെ താൽപര്യമുള്ള കാര്യമാണ്. അതിനുവേണ്ടി അവർ പല വഴികളും ഉപയോഗിക്കുന്നു. സിനിമകളുടെയും സീരിയലുകളുടെയും പ്രധാന സന്ദേശം മുസ്‌ലിം ഭീകരതയാക്കി മാറ്റി അവർ.

1960-ൽ അമേരിക്കയിൽ റിലീസ് ചെയ്ത 'ഇക്സോഡസ്' എന്ന സിനിമയുടെ ഉള്ളടക്കം പതിനഞ്ചുകാരിയെ ഒരുകൂട്ടം അറബികൾ ക്രൂരമായി വധിക്കുന്ന രംഗമായിരുന്നു. ഇതവർ ലോകത്തിനു മുന്നിൽ പ്രദർശിപ്പിച്ചപ്പോൾ നിഷ്കളങ്കരായ മനുഷ്യരുടെ ഹൃദയത്തിൽ ഇസ്‌ലാമിനോട് ഒരുതരം നെഗറ്റീവ് ചിന്താഗതി ഉദിച്ചുവന്നു. ഇതിന്റെ തുടർച്ചയെന്നോണം അവർക്കിടയിൽ 'എക്സ്ട്രമിസം+ടെററിസം=ഇസ്‌ലാം' എന്ന ഒരു സമവാക്യം ഉടലെടുത്തു. മാത്രമല്ല, ബിബിസി, സിഎൻഎൻ പോലുള്ള



മാധ്യമങ്ങൾ ഇസ്‌ലാമിനെ നിരന്തരം വേട്ടയാടിക്കൊണ്ടിരിക്കുന്നു.

പ്രശ്നങ്ങൾക്കുമേൽ പ്രശ്നങ്ങൾ കുമിഞ്ഞുകൂടിയപ്പോൾ അതിനെ ചെറുത്തുതോൽപ്പിക്കാൻ ധാരാളം പദ്ധതികൾ ആവിഷ്കരിക്കേണ്ടിവന്നിരിക്കുകയാണിപ്പോൾ. മുസ്‌ലിം ലോകത്തുതന്നെയുള്ള അനൈക്യത്തിനു അറുതിവരുത്താൻ സാധിക്കണം. 'അല്ലാഹുവിന്റെ പാശത്തെ നിങ്ങൾ മുറുകെപ്പിടിക്കുക' എന്ന ഖുർആനിക വചനം ഉൾകൊണ്ട് പ്രവർത്തിച്ചെങ്കിൽ ഇസ്‌ലാമിന്റെ ശത്രുക്കൾ മുസ്‌ലിം ലോകത്തുള്ള അനൈക്യം മുതലെടുക്കുകയും അതവരുടെ ശത്രുതക്കു കൂടുതൽ ആക്കം കൂട്ടുകയും ചെയ്യും.

അതുപോലെ മതവിദ്യാഭ്യാസം അവഗണിച്ചു അസ്തിത്വമില്ലാത്ത വിജ്ഞാനീയങ്ങളെ വാരിപ്പുണരുന്ന സാക്ഷാൽ മുസ്‌ലിം സഹോദരൻമാരും ജാഗ്രതപാലിക്കണം. പട്ടിണിയാണ് മറ്റൊരു സമസ്യ. സഊദി അറേബ്യ സമ്പന്നതയുടെ സിംഹാസനത്തിൽ വിരാജിക്കുമ്പോൾ മറ്റൊരു മുസ്‌ലിം രാജ്യമായ ആഫ്രിക്ക പട്ടിണിയുടെ പിടിയിലാണ്.

"അവസാന കാലഘട്ടത്തിൽ, പാത്രത്തിലേക്കു കൈനീട്ടുംപോലെ മുസ്‌ലിംകൾക്കുമേൽ ശത്രുക്കൾ കൈനീട്ടും" എന്ന പ്രവാചക വചനം അന്വർത്ഥമാക്കുംവിധമാണ് ഇപ്പോൾ കാര്യങ്ങൾ. ഇസ്‌ലാമിന്റെ പ്രകൃതിയിൽ ദൈവികത സന്നിവേശിപ്പിച്ചിട്ടുണ്ട്. അത് ഭർത്സിക്കുംതോറും ഉയിർകൊള്ളുകതന്നെ ചെയ്യും' എന്ന അല്ലാമ ഇഖ്ബാലിന്റെ വചനങ്ങൾക്ക് യഥാർത്ഥ സാക്ഷാത്ക്കാരമുണ്ടാകണമെങ്കിൽ ഇസ്‌ലാം ദാർശനികമായും സാംസ്കാരികമായും മറ്റൊരു സ്പെയ്നിനു അടിത്തറ പാകേണ്ടിയിരിക്കുന്നു.

## വായനക്കാരുടെ എഴുത്തുകൾ

# മദ്റസകളുടെ സാമൂഹിക സ്വാധീനങ്ങളെ വേണ്ടപോലെ വിലയിരുത്തപ്പെടുന്നില്ല

യാസീൻ ഷറഫ് എ.കെ



**അ**റിവ് അമൂല്യവും ആയുധവുമാണ്. എന്നാൽ ബോധമാണ് പ്രധാനം. തിരിച്ചറിവും ആത്മബോധവുമാണ് സമ്മാനിക്കേണ്ടത്. അറിവുള്ളവനായതുകൊണ്ട് വിദ്യാഭ്യാസം നേടിയതുകൊണ്ടോ തിരിച്ചറിവും വകതിരിവും ഉണ്ടായിക്കൊള്ളണമെന്നില്ല. ഒരാൾ യഥാർത്ഥ ജ്ഞാനിയാണെങ്കിൽ അയാൾ അറിവുള്ളവനും വിദ്യാഭ്യാസമുള്ളവനുമായിരിക്കും. അതോടൊപ്പം തിരിച്ചറിവിന്റെ നിറവിൽ നിൽക്കുന്ന വിവേകിയും പക്വമതിയുമായിരിക്കും.

ഇസ്‌ലാം അറിവിന് ഏറെ സ്ഥാനം നൽകിയിട്ടുണ്ട്. ഒരു ദർശനമെന്നനിലയിൽ അറിവിന്റെ ആവശ്യകത ഊന്നിപ്പറയുകയും പഠിക്കാൻ പ്രേരിപ്പിക്കുകയും ചെയ്ത ഇസ്‌ലാമല്ലാത്ത മറ്റൊരു മതത്തെ വേറെ കാണുകയില്ല. അന്ത്യപ്രവാചകൻ(സ) നേതൃത്വം നൽകിയ വൈജ്ഞാനിക വിപ്ലവത്തിന്റെ ജ്വാലകളിൽനിന്ന് കൊളുത്തിയെടുത്ത പന്തങ്ങളുമായി ദിഖണ്ഡങ്ങളിൽ കയറിയിറങ്ങിയ അറബികളിലൂടെയാണല്ലോ ആധുനിക ലോകം പച്ചപിടിച്ചത്. അനന്തമായ അന്വേഷണവുമായി അറിവിന്റെ പുത്തൻ ചക്രവാളങ്ങളെ കണ്ടെത്താൻ അവർക്ക് പ്രചോദനമേകിയത് തീർച്ചയായും അവർ അംഗീകരിച്ച പ്രത്യയശാസ്ത്രമാണ്.

കേരളത്തിൽ പ്രത്യേകിച്ച് മലബാറിൽ സാധാരണ ജനങ്ങൾ മതവിദ്യാഭ്യാസത്തിന് മുന്തിയ പരിഗണന നൽകിവരുന്നു. മതപഠനം, മുതിർന്നവരോടുള്ള പെരുമാറ്റം, പൗരബോധം, സത്യസന്ധത, മാതാപിതാക്കളോടുള്ള കടപ്പാടുകൾ, അയൽപ്പക്കബന്ധം, സാമ്പത്തിക രംഗത്തു സ്വീകരിക്കേണ്ടുന്ന അച്ചടക്കം, ധനാഗമന മാർഗങ്ങളിലെ സത്യസന്ധത, കാരുണ്യം, സ്നേഹം, സമഭാവന, വ്യക്തിത്വവികാസം, ചുമതലാബോധം തുടങ്ങിയ നന്മകൾ ഏതൊരു തുറന്ന സമൂഹത്തിലും പ്രതിഫലിക്കേണ്ടവയാണ്. ഇതൊന്നും പഠിക്കാതെ കേവലം ചില ഭാഷകളും തത്വങ്ങളും അക്ഷരങ്ങളും കണക്കുകളും പഠിച്ചാൽ തീരുന്നതല്ല മുസൽമാന്റെ പാട്.

മതപഠനത്തിന് വല്ല കോട്ടവും സംഭവിച്ചാൽ ഭാവി കേരളത്തിനതു വലിയ നഷ്ടമാണുണ്ടാക്കുക എന്നത് നഗ്നയാഥാർത്ഥ്യമാണ്. നമ്മുടെ തലമുറകൾക്ക് വ്യക്തിത്വബോധവും സംഘബോധവും അവകാശബോധവും ചുമതലാബോധവുമുണ്ടാക്കുന്ന സ്ഥാപനങ്ങളാണ് മദ്റസകൾ. ഇതറിയാതെ താൽക്കാലിക ലാഭത്തിനു വികസനവാദികളായി ആധുനിക തീരുമാനമെടുത്താൽ ദുഃഖിക്കേണ്ടിവരും.

# മണ്ണിന്റെ ഗന്ധമുള്ള ഇടങ്ങൾ

**എല്ലാ** അപശബ്ദങ്ങളിൽനിന്നും മാറി മണ്ണിന്റെ ഗന്ധമുള്ള ഇടങ്ങളെയും ജീവിതങ്ങളെയും അനുഭവിക്കുക വലിയ സംതൃപ്തിയാണ്. പുതുമഴയത്ത് കൂടെ പൊടിയുന്ന മണ്ണിന്റെ മണത്തിനുനേരെ മൂക്കു പിടിച്ചുകൊടുക്കുന്നു നമ്മൾ.

ചെറുപ്പത്തിൽതന്നെ കുട്ടികൾ മണ്ണിനോട് പരിചയം കൂടുന്നു. നിലത്ത് കിടന്നുരുണ്ടും തലയിൽ മണ്ണ് വാരിയിട്ടും മനസ്സിൽ തോന്നുന്നതൊക്കെ മണ്ണുകൊണ്ടുണ്ടാക്കിയും മണ്ണു പുരണ്ടുനിൽക്കുന്നു നമ്മുടെ കുട്ടിക്കാലം; മണ്ണിൽനിന്നും വന്നവൻ മണ്ണിനെ അനുഭവിച്ചുതുടങ്ങുന്നു എന്ന്.

എല്ലാറ്റിന്റെയും അടിവേര് മണ്ണാണ്. മണ്ണിനെ ബന്ധപ്പെട്ടുകിടക്കുന്നു എല്ലാ വസ്തുക്കളുടെയും നിൽപ്പ്. മനുഷ്യന്റെ മൂന്നു ജീവിതഘട്ടങ്ങളിലും മണ്ണിന്റെ സാന്നിധ്യമുണ്ട്. 'നാം മനുഷ്യരെ സൃഷ്ടിച്ചതും മടക്കുകയും പുനർജീവിപ്പിക്കുകയും ചെയ്യുന്നതും മണ്ണിൽനിന്നാണെന്ന്' അല്ലാഹു പറയുന്നുണ്ട്.

മണ്ണിനെ ശുദ്ധീകരണത്തിന്റെ ബദൽ സംവിധാനമോ ഉപസംവിധാനമോ ആക്കി നൽകി അല്ലാഹു ഈ ഉമ്മത്തിന്. വെള്ളമില്ലെങ്കിലും മണ്ണുപയോഗിച്ച് എക്കാലത്തും ശുദ്ധിയുള്ളവരാകട്ടെ എന്നാണ് അതിന്റെ താൽപര്യം. ഭൂമിയെ മൊത്തം ശുദ്ധമാക്കിയത് ഈ സമുദായത്തിന്റെ വലിയ സവിശേഷതയാണെന്നു കാണാം.

ഉയർന്നുനിൽക്കുന്ന മുഖത്തെ അഞ്ചു നേരവും സുജൂദിൽ നിലത്തുതാഴ്ത്തി താഴ്മ കാണിക്കുന്നു വിശ്വാസി. നമ്മൾ കാലിട്ടു ചവിട്ടുന്ന മണ്ണിനെ മുഖവും നെറ്റിയും വെച്ച് ചുംബിക്കലാണ് ഏറ്റവും ശ്രേഷ്ഠമായ ആരാധന.

തിരുനബി(സ) പറഞ്ഞു: "ഒരു പ്രവാചകനും നൽകപ്പെടാത്ത ചില കാര്യങ്ങൾ എനിക്ക് നൽകപ്പെട്ടിട്ടുണ്ട്." ഞങ്ങൾ ചോദിച്ചു: "അവ ഏതാണ്." തിരുനബി(സ) പറഞ്ഞു: "ഭയം കൊണ്ട് ഞാൻ സഹായിക്കപ്പെട്ടു. ഭൂമിയുടെ താക്കോലുകൾ നൽകപ്പെട്ടു. അഹമ്മദ് എന്ന് വിളിക്കപ്പെട്ടു. മണ്ണ് എനിക്ക് ശുദ്ധമാക്കപ്പെട്ടു. എന്റെ ഉമ്മത്ത് ഏറ്റവും ഉത്തമ സമുദായമായി നിശ്ചയിക്കപ്പെട്ടു."

ഉയർന്നു നിൽക്കുന്ന മുഖത്തെ അഞ്ചുനേരവും സുജൂദിൽ നിലത്തു താഴ്ത്തി താഴ്മ കാണിക്കുന്നു വിശ്വാസി. നമ്മൾ കാലിട്ടു ചവിട്ടുന്ന മണ്ണിനെ മുഖവും നെറ്റിയും വച്ച് ചുംബിക്കലാണ് ഏറ്റവും ശ്രേഷ്ഠമായ ആരാധന.

സുജൂദിന് വലിയ മഹനീയത കൈവരുന്നത് മനുഷ്യനു താഴ്ന്നു കൊടുക്കാനുള്ള മനസ്സ് നൽകുന്നു എന്നതുകൊണ്ടാണ്. 'അടിമ അല്ലാഹുവിനോട് ഏറ്റവും അടുക്കുന്ന സന്ദർഭം അവൻ സുജൂദിൽ വീഴുമ്പോഴാണെ'ന്ന് തിരുനബി(സ) പറഞ്ഞിട്ടുണ്ട്.

**-എഡിറ്റർ**



# കാവിഭീകരതയുടെ പുതിയ വെളിപ്പെടുത്തലുകൾ

പ്രധാന സ്റ്റോറി

● ശഫീഖ് പന്നൂർ

**രാ**ജ്യത്തിന്റെ അഖണ്ഡതയിലും അന്തസ്സിലും അഭിമാനംകൊള്ളുന്ന ഓരോ ഭാരതീയനും ആശ്വാസം നൽകുന്ന പുതിയ വെളിപ്പെടുത്തലുകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ജനാധിപത്യവും മതേതരത്വവുമൊക്കെ രാഷ്ട്രീയക്കാരന്റെ അധരവ്യായാമങ്ങളിലെ കൊച്ചുവാക്കുകളാവുന്ന ഇക്കാലത്ത് അതിനോട് പ്രതിബദ്ധതയും പ്രതിപത്തിയുമുള്ള ചില രാഷ്ട്രീയ പ്രവർത്തകരും ഉദ്യോഗസ്ഥരുമൊക്കെ ഉണ്ടെന്ന ആശാവഹമായ സൂചനകൾകൂടി ഈ വെളിപ്പെടുത്തലുകൾ നൽകുന്നുണ്ട്.

രാജ്യസുരക്ഷ മുമ്പെങ്ങുമില്ലാത്ത വിധം ഭീഷണിപ്പെടുത്തിയും സ്വസ്ഥജീവിതത്തെ അപകടപ്പെടുത്തിയും ഇന്ത്യയിലെ പ്രമുഖ നഗരങ്ങളിലും റെയിൽവേ സ്റ്റേഷനുകളിലും തീവണ്ടികളിലും വർഷങ്ങൾക്ക് മുമ്പ് അത്യുഗ്രൻ സ്ഫോടനങ്ങൾ നടന്നിരുന്നു. അതിൽ കൊല്ലപ്പെട്ടത് കുട്ടികളും സ്ത്രീകളുമുൾപ്പെടെയുള്ള സാധാരണക്കാരായ ജനങ്ങളായിരുന്നു. ഇതിന്റെയൊക്കെ പിന്നിൽ പാകിസ്ഥാൻ ചാരസംഘടനയും അവരിൽ നിന്നു സാമ്പത്തിക സഹായം പറ്റുന്ന ഇന്ത്യൻ മുസ്‌ലിം സംഘടനകളുമാണെന്നായിരുന്നു കുറ്റാന്വേഷണ വകുപ്പിന്റെ ആദ്യനിഗമനങ്ങൾ. അതിന്റെ അടിസ്ഥാനത്തിൽ നിരവധി മുസ്‌ലിം യുവാക്കളെ ചോദ്യം ചെയ്യാതെ തന്നെ ജയിലിലടച്ചു. മുസ്‌ലിം വീടുകളിൽ അസമയത്ത് കയറിച്ചെന്ന് സഹോദരിമാരെ അറസ്റ്റ് ചെയ്തു കൊണ്ടുപോവുകയും റെയ്ഡ് നടത്തുകയും ചെയ്തു. ആരാധനാലയങ്ങളുടെയും മദ്റസകളുടെയും പ്രവർത്തനങ്ങൾ



*ഇന്ദ്രേഷ്കുമാർ, സുനിൽ ജോഷി, സ്വാമി അസ്സിമാനന്ദ, സന്ദീപ് ഡാംഗെ*

മാസങ്ങളോളം സ്തംഭിപ്പിച്ചു. തൊപ്പി ധരിച്ചവരെയും താടിവെച്ചവരെയുമൊക്കെ സംശയത്തിന്റെ നിഴലിലാക്കി നിർത്തി. മുഖ്യധാരാ മാധ്യമങ്ങൾ മനോഹരമായി ഈ അവസരം ഉപയോഗപ്പെടുത്തി. തലപ്പാവ് ധരിച്ച പ്രതികളുടെ ചിത്രങ്ങളും അഞ്ചു കോളം വാർത്തകളും ഒരു ദിവസവുമൊഴിയാതെ അച്ചടിച്ചു വന്നു. ഭീകരാക്രമണത്തിന്റെ ലൈവ്ഷോയും നാടകീയ രംഗങ്ങളും ദൃശ്യമാധ്യമങ്ങൾ ഇടമുറിയാതെ പ്രക്ഷേപണം നടത്തി. വാർത്തകൾക്ക് കൊഴുപ്പ് കൂട്ടാൻ മാധ്യമങ്ങൾ മത്സരിച്ചതോടെ നാടകം ഗംഭീരമായി അരങ്ങേറി.

ജനാധിപത്യത്തിന്റെ പൊയ്മുഖത്തിൽ ഹിന്ദുത്വ ദേശീയതയുടെ അജണ്ട നടപ്പാക്കുന്ന ബിജെപിയും സവർണ ഫാഷിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ പരോക്ഷവാക്താക്കളായ രാഷ്ട്രീയ സ്വയം സേവക് സംഘം ഈ അവസരം വേണ്ടരീതിയിൽ മുതലെടുക്കുകയും രാഷ്ട്രീയ നേട്ടം കൈവരിക്കുകയും ചെയ്തു. ഇന്ത്യൻ ചരിത്രത്തിൽ മുമ്പൊന്നുമില്ലാത്ത വിധം പച്ചമനുഷ്യരെ ചുട്ടുകൊന്നു ത്രിശൂലമുപയോഗിച്ച് വയർപിളർത്തിയും ഗുജറാത്തിൽ വംശീയ ഉന്മൂലനത്തിനു നേതൃത്വം നൽകിയ മോഡി വീണ്ടും അധികാരാരോഹിതനായി. മുസ്‌ലിം സമുദായത്തെ മുഴുവൻ തീവ്രവാദത്തിന്റെ അച്ചിലമർത്തി മുദ്രകുത്താനും അവരുടെ സാമൂഹികവും ജനകീയവുമായ നവോത്ഥാന സംരംഭങ്ങളെയും ധൈഷണിക മുന്നേറ്റങ്ങളെയും നിസ്സങ്കോജം തടഞ്ഞിടാനും തദ്വാരാ അവർക്കു സാധിച്ചു.

മുസ്‌ലിം സമുദായത്തെ ഉന്മൂലനാശംവരുത്താനും അവരുടെ ജനാധിപത്യ പങ്കാളിത്തത്തെ നിരാകരിച്ച് ഭീകരവാദത്തിന്റെ അച്ചുപതിക്കാനും ഭരണകൂടവും നിയമപാലകരും മാധ്യമങ്ങളുമൊക്കെ മറയാക്കിയ ഭീകരാക്രമണങ്ങളുടെ യഥാർത്ഥ ചിത്രമാണ് ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്നത്. സ്ഫോടനാനന്തരം പ്രതികളായി പിടിക്കപ്പെട്ടവർ മുഴുവൻ നിരപരാധികളാണെന്നും രാജ്യസ്നേഹത്തിന്റെ അപ്പോസ്തലന്മാരായ പല സംഘടനകളുമാണ് ഇതിന്റെ പിന്നിലെന്നുമാണ് ഇപ്പോൾ പുറത്തുവന്നിട്ടുള്ളത്. കുങ്കുമവും കാവിയും സൈനിക സഹായവുമൊക്കെ ആസൂത്രിതമായി സംവിധാനിച്ച് ഹിന്ദുത്വ ശക്തികൾ നടത്തിയതായിരുന്നു മിക്ക സ്ഫോടനങ്ങളും. ഭരണകൂടത്തിലെ

**മുസ്‌ലിം സമുദായത്തെ ഉന്മൂലനാശംവരുത്താനും അവരുടെ ജനാധിപത്യ പങ്കാളിത്തത്തെ നിരാകരിച്ച് ഭീകരവാദത്തിന്റെ അച്ചുപതിക്കാനും ഭരണകൂടവും നിയമപാലകരും മാധ്യമങ്ങളുമൊക്കെ മറയാക്കിയ ഭീകരാക്രമണങ്ങളുടെ യഥാർത്ഥ ചിത്രമാണ് ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്നത്; സ്ഫോടനാനന്തരം പ്രതികളായി പിടിക്കപ്പെട്ടവർ മുഴുവൻ നിരപരാധികളാണെന്നും രാജ്യസ്നേഹത്തിന്റെ അപ്പോസ്തലന്മാരായ പല സംഘടനകളുമാണ് ഇതിന്റെ പിന്നിലെന്നും.**





സവർണ തമ്പ്രാക്കൻമാരെയും സൈന്യത്തിലെ സംഘ്പരിവാർ സേവകരെയും അവർക്കു വീട്ടുവേല ചെയ്യുന്ന മാധ്യമങ്ങളെയും തന്ത്ര പൂർവ്വം ഉപയോഗപ്പെടുത്തിയായി രുന്നു ഈ അക്രമണങ്ങൾ മുഴുവൻ നടന്നത്.

ഇവയ്ക്ക് പിന്നിൽ ഹിന്ദു സംഘട നകളാണെന്ന നിലയിലുള്ള ആദ്യ സൂചനകളും തെളിവുകളും നൽകി യത് മുംബൈ ഭീകരവിരുദ്ധ തലവനാ യിരുന്ന ഹേമന്ത് കർക്കരെയായിരു ന്നു. അതുവരെ മുൻവിധികളെയും പത്രഭാഷ്യങ്ങളെയുമൊക്കെ ആധാര മാക്കി മാത്രം നടന്നിരുന്ന കേസന്വേ ഷണം രാഷ്ട്രീയ സമ്മർദ്ധങ്ങളെയും ഹിന്ദുത്വ ഭീഷണിയെയുമൊക്കെ അവ ഗണിച്ച് വസ്തുതാപൂർണമാക്കിയത് കർക്കരെയായിരുന്നു. അതോടുകൂടെ സ്ഫോടനങ്ങളുടെ പിന്നിലെ വിധ്വംസക ശക്തികൾ ആരാണെന്ന ചിത്രം പുറത്തുവരാനും തുടങ്ങി. കേസന്വേഷണങ്ങളുടെ ഗതിയെ തന്നെ മാറ്റിമറിച്ച കാർക്കറെയുടെ കണ്ടെത്തുലകൾ പകരം അദ്ദേഹത്തിനു നൽകേണ്ടി വന്നത് സ്വന്തം ജീവനായിരുന്നു. മുംബൈ ഭീകരാക്രമണ സമയത്ത് അക്രമികളെ

**കർക്കരെയുടെ വധത്തിൽ സംശയമുണ്ടെന്നും അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ട കേന്ദ്രമന്ത്രി ആന്തുലക്കു പോലും രക്ഷയുണ്ടായില്ല. മാധ്യമങ്ങളും രാഷ്ട്രീയക്കാരും ആന്തുലക്കെതിരെ കുരച്ചുചാടി. മന്ത്രി സ്ഥാനത്തിനു വരെ ഇളക്കം സംഭവിച്ചു. ന്യായവും പിൽക്കാലത്ത് സ്ഥിരപ്പെട്ടതുമായ ഒരു വിഷയത്തിൽ അഭിപ്രായം പറഞ്ഞ ആന്തുലയെ സംരക്ഷിക്കാനോ ന്യായീകരിക്കാനോ സ്വന്തം പാർട്ടി പോലും രംഗത്തു വന്നില്ല.**

നേരിടാനിറങ്ങിയ കർക്കരെ കസബ് എന്ന പേരിലുള്ള ഒരാക്രമി വെടി വെച്ചു കൊല്ലുകയായിരുന്നുവത്രെ. എന്നാൽ പിൽകാല വിവരങ്ങളും അന്വേഷണങ്ങളും നൽകിയത് തീർത്തും വ്യത്യസ്തമായ ചിത്രമായി രുന്നു.

പാകിസ്താൻ സംഘടനകളുടെ പേരിൽ ആരോപിക്കപ്പെട്ട മുംബൈ ഭീകരാക്രമണത്തിന്റെ യഥാർത്ഥ പ്രതി കളും ആസൂത്രകരുമൊക്കെ ഇന്ത്യ ക്കാർ തന്നെയായിരുന്നു. രാജ്യത്തെ തകർത്തെറിഞ്ഞ ബോംബ് സ്ഫോട നങ്ങളുടെ അന്വേഷണഗതി തിരിച്ചു വിട്ട കർക്കറെയെ വധിക്കാൻ ഹിന്ദുത്വ തീവ്രവാദികൾ തന്നെ നടത്തിയ ആസൂത്രിതമായ ഭീകര നാടകമായി രുന്നു മുംബൈ ഭീകരാക്രമണം. അതിലവർ ലക്ഷ്യം കാണുകയും ചെയ്തു. അന്നുതന്നെ കർക്കറയുടെ വധത്തിലെ അസ്വാഭാവികതയെ കുറിച്ച് സംശയമുണർന്നിരുന്നു. പക്ഷേ, രാജ്യവിരുദ്ധനായും ഭീകര നായും തെറ്റിദ്ധരിക്കപ്പെടുമെന്നു ഉറ പ്പുള്ളതിനാൽ ആരും ഗൗരവമായ ഈ വിഷയത്തിലേക്ക് എടുത്തു

ചാടാൻ ധൈര്യപ്പെട്ടില്ല. അന്വേഷണ ഉദ്യോഗസ്ഥരും മുഖ്യധാരാ മാധ്യമങ്ങളും പറഞ്ഞുതന്ന കൽപിത കഥകൾ നാം അപ്പാടെ വിഴുങ്ങുകയും ചെയ്തു.

കർക്കരെയുടെ വധത്തിൽ സംശയമുണ്ടെന്നും അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ട കേന്ദ്രമന്ത്രി ആന്തുലക്കു പോലും രക്ഷയുണ്ടായില്ല. മാധ്യമങ്ങളും രാഷ്ട്രീയക്കാരും ആന്തുലക്കെതിരെ കുരച്ചുചാടി. മന്ത്രി സ്ഥാനത്തിനു വരെ ഇളക്കം സംഭവിച്ചു. ന്യായവും പിൽക്കാലത്ത് സ്ഥിരപ്പെട്ടതുമായ ഒരു വിഷയത്തിൽ അഭിപ്രായം പറഞ്ഞ ആന്തുലയെ സംരക്ഷിക്കാനോ ന്യായീകരിക്കാനോ സ്വന്തം പാർട്ടി പോലും രംഗത്തു വന്നില്ല. മുസ്‌ലിമായ ആന്തുലയെ രാജ്യത്തെ സവർണ രാഷ്ട്രീയ പാർട്ടികളും സംഘ്പരിവാർ സംഘടനകളും രാജ്യദ്രോഹിയായി മുദ്രകുത്തി. സത്യത്തിൽ, മുംബൈ ഭീകരാക്രമണത്തിന്റെ പിന്നിലെ നഗ്ഗൂഢതയിലേക്കുള്ള ആദ്യസൂചനകളായിരുന്നു ആന്തുലെ നൽകിയത്. പിന്നീട് അതേ അഭിപ്രായം എ.ഐ.സി.സി. ജനറൽ സെക്രട്ടറിയായ ദിഗ്‌വിജയ് സിംഗും പറഞ്ഞു. അക്രമികളെ നേരിടാൻ പോകുന്നതിന്റെ മുമ്പേ തനിക്ക് കർക്കരെ ഫോൺ ചെയ്തിരുന്നുവെന്നും ഹിന്ദുത്വ ശക്തികളുടെ ഭീഷണിയുണ്ടായിരുന്നുവെന്ന് അപ്പോഴദ്ദേഹം തന്നോട് പറഞ്ഞിരുന്നുവെന്നും ദിഗ്‌വിജയ്സിംഗ് വെളിപ്പെടുത്തി. ഉടനെ തന്നെ ബിജെപിയും സംഘ്സംഘടനകളും സിംഗിനെതിരെ കുരച്ചു ചാടി. അദ്ദേഹം ജനറൽ സെക്രട്ടറി സ്ഥാനം രാജിവെക്കണമെന്നുവരെ മുറവിളിയുണ്ടായി. പതിവുപോലെ കോൺഗ്രസ് തടിയൂരി. അഭിപ്രായം ദിഗ്‌വിജയ്സിംഗിന്റേതാണെന്നും പാർട്ടിയഭിപ്രായമല്ലെന്നും കോൺഗ്രസ് വ്യക്തമാക്കി. പക്ഷേ, സിംഗ് തന്റെ അഭിപ്രായത്തിൽ ഉറച്ച് നിൽക്കുകയും കർക്കരെ ഫോൺ ചെയ്തതിന്റെ നമ്പറും സമയവു മുൾകൊള്ളുന്ന വ്യക്തമായ തെളിവുകൾ പുറത്തുവിടുകയും ചെയ്തു. ആന്തുലെയുടെയും ദിഗ്‌വിജയ്സിംഗിന്റെയും അഭിപ്രായം ഇന്നു കോൺഗ്രസിന്റെ അഭിപ്രായമായി മാറിക്കഴിഞ്ഞു. ഇന്ത്യ നേരിടുന്ന ഏറ്റവും വലിയ ഭീഷണി ഹിന്ദുത്വഭീകരതയാണെന്ന് എ.ഐ.സി.സി. ജനറൽ സെക്രട്ടറി രാഹുൽ ഗാന്ധി അമേരിക്കൻ നയതന്ത്ര പ്രതിനിധിയുമായി സ്വകാര്യ സംഭാഷണത്തിൽ പങ്കുവെച്ചത് വീക്ക്‌ലീക്സ് പുറത്തുവിട്ടിരുന്നു. ഹിന്ദുത്വഭീകരത രാജ്യത്ത് ശക്തിയാർജ്ജിക്കുന്നതായി ആഭ്യന്തര മന്ത്രി ചിതംബരം തന്നെ ഒരിക്കൽ വ്യക്തമാക്കിയിരുന്നു. കോൺഗ്രസിന്റെ പ്ലീനറി സമ്മേളനം പാസാക്കിയ പ്രമേയം ഹിന്ദുത്വ ഭീകരതയെ കുറിച്ച് ഊന്നിപ്പറയുന്നുണ്ട്.

## സ്ഫോടനങ്ങൾ അന്നും ഇന്നും

| സ്ഫോടനങ്ങളുടെ പേര്, മരണ നിരക്ക്, സമയം എന്നീ ക്രമത്തിൽ | ആദ്യ നിഗമനങ്ങളും നടപടികളും | പുതിയ വെളിപ്പെടുത്തലുകളും നടപടികളും |
|---|---|---|
| മലേഗാവ് സ്ഫോടനം, 2006 സെപ്തംബർ 8, 37 മരണം | സൽമാൻ ഫാരിസി, ഫാറൂഖ് ഇഖ്ബാൽ മഖ്ദൂം, റഈസ് അഹമ്മദ്, നൂറുൽ ഹുദ, ഷബീർ എന്നിവരെ അറസ്റ്റ് ചെയ്തു. | സ്ഫോടനം നടത്തിയത് ആർ.എസ്.എസുകാരനായ അസീമാനന്ദ. പുനരാന്വേഷണം നടക്കുന്നു |
| സംഝോദാഎക്സ്പ്രസ് സ്ഫോടനം . 2007 ഫെബ്രുവരി, 68 മരണം. ഭൂരിപക്ഷവും പാകിസ്ഥാനികൾ | പിന്നിൽ ലശ്കറെ ത്വയ്ബ, ജയ്ഷെ മുഹമ്മദ് എന്ന് ആരോപണം. പാക് സ്വദേശി അസ്മത് അലി അറസ്റ്റിൽ | ആർ.എസ്.എസ് നേതാക്കളായ സന്ദീപ് സാംഗെ, രാംജി കൽസാഗ്റെ എന്നിവർക്കായി ലുക്കൗട്ട് നോട്ടീസ്. ആർ.എസ്.എസ്. മുതിർന്ന നേതാവ് ഇന്ദ്രേഷ്കുമാർ പ്രതിയെന്നു കണ്ടെത്തൽ. |
| മക്കാ മസ്ജിദ് സ്ഫോടനം, 2007 മെയ് 18, മരണം 14 | 80-ലധികം മുസ്‌ലിം യുവാക്കളെ കസ്റ്റഡിയിലെടുത്തു. 25 പേരെ അറസ്റ്റ് ചെയ്തു | പ്രതികൾ സ്വാമി അസിമാനന്ദ ഇന്ദ്രേഷ്കുമാർ, സന്ദീപ്, ഡാംഗെ രാംജികൽസാംഗറെ എന്നിവരെ കണ്ടെത്തുന്നവർക്ക് 10 ലക്ഷം ഇനാം |
| അജ്മീർ ദർഗ സ്ഫോടനം 2007 ഒക്ടോബർ 11 മൂന്നു മരണം | പിന്നിൽ ഹർക്കത്തുൽ ജിഹാ ദെ ഇസ്‌ലാമി, ലശ്കറെ ത്വയ്യിബെ എന്ന് ആരോപണം. അബ്ദുൽ ഹാഫിസ് ഷമീം, കൗശിബൂർ റഹ്മാൻ എന്നിവർ അറസ്റ്റിൽ | പിന്നിൽ ഇന്ദ്രേഷും സംഘവും മുഖ്യസൂത്രധാരൻ കൊല്ലപ്പെട്ട സുനിൽ ജോഷിയെന്ന ആർ.എസ്.എസ് നേതാവ് |
| താനെ സിനിമാ ഹാൾ സ്ഫോടനം, 2008 ജൂൺ | മുസ്‌ലിംകളാണെന്ന് പ്രചാരം, എന്ന സിനിമ പ്രദർശിപ്പിച്ചതിനെ തുടർന്നാണ് ബോംബ് വെച്ചത്. | ഹിന്ദു ജനജാഗ്രതി സമിതി, സനാഥൻ സൻസത സംഘടനകളുടെ പ്രവർത്തകരായ രമേശ് ഹനുമന്ദ് ഗോദ്കരി, മന്ദീഷ് ദിൻകർ എന്നിവർ അറസ്റ്റിൽ. |





# ഭീകരതയുടെ പുതിയ ഗുരുക്കൻമാർ

പ്രധാന സ്റ്റോറി

● ശാഹിദ് തിരുവള്ളൂർ

**2006** സെപ്തംബർ 8-ന് മഹാരാഷ്ട്രയിലെ മലേഗാവ് നഗരത്തിൽ നടന്ന സ്ഫോടനത്തിൽ തൽക്ഷണം മരിച്ചത് 37 പേർ. സ്ഫോടനത്തിനു പിന്നിൽ ലഷ്കറെ ത്വയ്ബ, ഇന്ത്യൻ മുജാഹിദീൻ തുടങ്ങിയ സംഘടനകളാണെന്ന് പ്രഖ്യാപിക്കപ്പെട്ടു. സൽമാൻ ഫാരിസി, ഫാറൂഖ് ഇഖ്ബാൽ മഖ്ദൂം, റഈസ് അഹമ്മദ്, നൂറുൽ ഹുദ, ഷബീർ ബാറ്ററിവാല തുടങ്ങിയ മുസ്‌ലിം യുവാക്കൾ അറസ്റ്റ് ചെയ്യപ്പെട്ടു. എന്നാൽ സ്ഫോടനത്തെ കുറിച്ചുള്ള പുതിയ കണ്ടെത്തലുകൾ ഇങ്ങനെയാണ്: 2008-ൽ മലേഗാവിൽ വീണ്ടും നടന്ന രണ്ടാമത് മലേഗാവ് സ്ഫോടനം ഹിന്ദുത്വ ഭീകരർ നടത്തിയതാണെന്ന് എ.ടി.എസ്. കണ്ടെത്തിയ സാഹചര്യത്തിൽ ആദ്യ സ്ഫോടനത്തിൽ പുനരാന്വേഷണം വേണമെന്ന ആവശ്യം ശക്തമാവുകയും പുനരാന്വേഷണത്തിന്റെ ആദ്യഘട്ടത്തിൽതന്നെ നിലവിലെ പ്രതികൾക്കെതിരെ തെളിവില്ലെന്നു കണ്ടെത്തുകയും ചെയ്തു. കാര്യങ്ങൾ ഒന്നുകൂടി വ്യക്തമാകാൻ നമുക്ക് മറ്റുചില സ്ഫോടനങ്ങൾ കൂടി വിശകലനം ചെയ്യാം.

2007 ഫെബ്രുവരി 18-നു നടന്ന സംഝോദാ എക്സ്പ്രസ് സ്ഫോടനം. മരിച്ചത് 64 പേർ. ഭൂരിഭാഗവും പാക്കിസ്ഥാനികൾ. ആദ്യം പുറത്തു വിട്ടത്: ലഷ്കറെ ത്വയ്ബ, ജയ്ഷെ മുഹമ്മദ് തുടങ്ങിയ സംഘടനകളാണു പിന്നിൽ. ഈ പേരും പറഞ്ഞ് അസ്മത്ത് അലി എന്ന പാക് സ്വദേശിയെ പോലീസ് അറസ്റ്റ് ചെയ്തു. ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്നത്: കേസിൽ ഫലപ്രദമായി അന്വേഷണം നടത്തിയ എൻ.ഐ.എ സ്ഫോടനത്തിനു പിറകിൽ ഹിന്ദുത്വ ഭീകരരാണെന്നു കണ്ടെത്തി. ആർ.എസ്.എസ് നേ

താക്കളായ സന്ദീപ് ഡാംഗെ, രാംജി കൽസാംഗ്റെ എന്നിവർക്കായി ലുക്കൗട്ട് നോട്ടീസ്. മുതിർന്ന ആർ.എസ്.എസ് നേതാവ് ഇന്ദ്രേഷ് കുമാർ ഉൾപ്പെടെയുള്ളവർക്കു പങ്കുണ്ടെന്നു കണ്ടെത്തൽ. മലയാളിയായ സുരേഷ് കുമാറിന് നേരെയും തെളിവുകൾ. കൂടുതൽ അറസ്റ്റുകൾ ഉടനെയുണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.

2007 മെയ് 18 മക്കാമസ്ജിദ് സ്ഫോടനം. മരണം പതിനാല്. ആദ്യഘട്ടത്തിൽ സംഭവിച്ചത്: 80-ലധികം മുസ്‌ലിം യുവാക്കളെ പോലീസ് കസ്റ്റഡിയിലെടുത്ത് കഠിനമായി പീഡിപ്പിച്ചു. ഇതിൽ 25 പേരുടെ അറസ്റ്റ് മാത്രമേ രേഖപ്പെടുത്തിയുള്ളൂ. ശേഷം നിരപരാധികളെന്നു കണ്ടെത്തിയതിനെ തുടർന്ന് അധികപേരെയും വിട്ടയച്ചു. ഇപ്പോഴത്തെ വെളിപ്പെടുത്തൽ: സ്വാമി അസിമാനന്ദ, ഇന്ദ്രേഷ് കുമാർ എന്നിവരുടെ നേതൃത്വത്തിലുള്ള ഹിന്ദുത്വ ഭീകര സംഘമാണു സ്ഫോടനം നടത്തിയത്. അസിമാനന്ദ, ലോകേഷ് ശർമ തുടങ്ങിയ ആർ.എസ്.എസ്. നേതാക്കൾ അറസ്റ്റിൽ. സന്ദീപ് ഡാംഗെ, രാംജി കൽസാംഗ്റെ എന്നിവരെ കണ്ടെത്തുന്നവർക്ക് 10 ലക്ഷം രൂപ സമ്മാനം പ്രഖ്യാപിച്ചു.

2007 ഒക്ടോബർ 11-ന് നടന്ന അജ്മീർ ദർഗ സ്ഫോടനം. തൽക്ഷണം മൂന്നു പേർ മരിച്ചു. ആദ്യപ്രഖ്യാപനങ്ങൾ: ഹർക്കത്തുൽ ജിഹാദെ ഇസ്‌ലാമി, ലശ്കറെ ത്വയ്ബ തുടങ്ങിയ പാക് സഹായം പറ്റുന്ന ഭീകര സംഘങ്ങളാണ് സ്ഫോടനത്തിനു പിന്നിൽ. അബ്ദുൽ ഹാഫിസ് ഷമീം, കൗശിബുർറഹ്മാൻ, ഇംറാൻ അലി എന്നീ മുസ്‌ലിം യുവാക്കളെ ഇതിന്റെ പേരിൽ അറസ്റ്റ് ചെയ്തു. ഇപ്പോൾ പുറത്തുവരുന്നത്: ഇന്ദ്രേഷ് കുമാറും സംഘവുമാണു സ്ഫോടനത്തിനു പിന്നിൽ. ദേവേന്ദർ ഗുപ്ത, ചന്ദ്രശേഖർ, വിഷ്ണു പ്രസാദ് പടിദാർ തുടങ്ങിയവരെ സ്ഫോടനത്തിൽ പങ്കുണ്ടെന്നതിന്റെ പേരിൽ എൻ.ഐ.എ അറസ്റ്റ് ചെയ്തു. മുഖ്യ സൂത്രധാരൻ മുതിർന്ന ആർ.എസ്.എസ്. നേതാവ്. പേര്: സുനിൽ ജോഷി. ഇപ്പോൾ ജീവിച്ചിരിപ്പില്ല.

2008 ജൂൺ നാലിനു നടന്ന താനെ സിനിമാ ഹാൾ സ്ഫോടനം. പിന്നിൽ മുസ്‌ലിംകളെന്ന കുപ്രചരണം ആദ്യം അഴിച്ചുവിട്ടെങ്കിലും പിന്നീട് സ്ഫോടനം നടത്തി എന്ന പേരിൽ, ഹിന്ദു ജനജാഗ്രതി സമിതി, സനാഥൻ സൻസ്ത എന്നീ സംഘടനകളുടെ പ്രവർത്തകരായ രമേശ് ഹനുമന്ദ് ഗോദ്കരി, മങ്കീഷ് ദിൻകർ എന്നിവരാണെന്നു കണ്ടെത്തി എൻ.ഐ.എ.അറസ്റ്റ് ചെയ്തു.

മറ്റൊന്ന് 2006 ഏപ്രിൽ ആറിന് നന്ദേഡിൽ നടന്ന സ്ഫോടനമാണ്. തൊട്ടടുത്ത ദിവസം ഔറംഗാബാദിലെ മുസ്‌ലിം പള്ളിയിൽ സ്ഫോടനം നടത്താൻ തയ്യാറാക്കി വച്ചിരുന്ന ബോംബ് അബദ്ധത്തിൽ പൊട്ടിത്തെറിക്കുകയായിരുന്നു ഇവിടെയെന്നു പിന്നീട് വ്യക്തമായി. 2008 ഒക്ടോബർ 14-നു നടന്ന കാൺപൂർ സ്ഫോടനത്തിന്റെ സ്ഥിതിയും ഇതുതന്നെ. ബജ്റംഗ്ദൾ പ്രവർത്തകരായ രാജീവ് മിശ്ര, സിങ് എന്നിവർ കൊല്ലപ്പെട്ടു. ബോംബ് നിർമാണത്തിനിടെയായിരുന്നു സ്ഫോടനം.

ഏറെ പ്രധാനം, 2008 സപ്തംബർ 29-ന് നടന്ന മലേഗാവ് സ്ഫോടനം തന്നെയാണ്. സ്ഫോടനം നടന്നയുടനെ, കെട്ടിവെക്കപ്പെട്ടത് ഇന്ത്യൻ മുജാഹിദീന്റെ തലയിൽ. ഇപ്പോൾ പകൽപോലെ വ്യക്തം, ഇന്ത്യൻ മുജാഹിദീൻ ആ വഴിക്കേ വന്നിട്ടില്ലെന്ന്. സത്യത്തിൽ ഈ കേസ് അന്വേഷണമാണ് വഴിത്തിരിവായത്. അതുമുതലാണ് ഹിന്ദുത്വഭീകരരുടെ സ്ഫോടന പങ്കാളിത്തങ്ങൾ ഓരോന്നോരോന്നായി വെളിച്ചത്തുവന്നത്. അതിന് നേതൃത്വം നൽകിയതോ മഹാരാഷ്ട്ര എ.ടി.എസ്

**ഹേമന്ത് കാർക്കറെ പുറത്തു ചാടിക്കാൻ തുടങ്ങിയ ഹിന്ദുഭീകരക്കുടത്തിലെ പുതിയ ഭൂതങ്ങൾ ഓരോന്നോരോന്നായി കുടം ചാടി പറത്തെത്തുമ്പോൾ ഭീകരതയുടെ മാറുന്ന സമവാക്യങ്ങളിൽ അടങ്ങിയിരിക്കുന്ന പുതിയ യാഥാർത്ഥ്യങ്ങളെ കുറിച്ചുള്ള ചിത്രങ്ങളാണ് നമുക്ക് ദിനേനെ ലഭ്യമായിക്കൊണ്ടിരിക്കുന്നത്. ഒടുവിൽ ഇത് മലയാളിയായ ആർ.എസ്.എസ് കൊടുംഭീകരൻ സുരേഷ് കുമാറിൽ വരെ എത്തിനിൽക്കുന്നു.**



മലേഗാവ് കേസിലെ പ്രതി കേണൽ പുരോഹിതിന്റെ നേതൃത്വത്തിൽ നടന്ന ഹിന്ദുത്വരുടെ രഹസ്യയോഗമാണു രംഗം. ഇന്ത്യ ഹിന്ദുരാഷ്ട്രമാക്കാനുള്ള സായുധ സമരത്തിനുള്ള ഗൂഢാലോചനയിലാണ് അവരേർപ്പെട്ടിരിക്കുന്നത്. മറ്റു പ്രതികളായ റിട്ട. മേജർ രമേശ് ഉപാധ്യായ, ദയാനന്ദ് പാണ്ഡെ തുടങ്ങിയവരാണു യോഗത്തിലെ വിശിഷ്ടാതിഥികൾ.

കേണൽ പുരോഹിത്: "സ്വാമിജീ, ഒരു കാര്യം പറയാൻ വിട്ടു. നാം രണ്ട് ആക്രമണങ്ങളാണ് സംഘടിപ്പിച്ചത് രണ്ടും വിജയകരം.. പരിശീലനം നേടാനും ചർച്ചകൾക്കുമായി നമ്മുടെ ക്യാപ്റ്റൻമാരിലൊരാൾ ഇസ്രയേൽ സന്ദർശിക്കുകയും ചെയ്തു. അവരുടെ പ്രതികരണം സർവത്ര അനുകൂലമായിരുന്നു. നാലു കാര്യങ്ങളാണു നാം ഇസ്രയേലിനോട് ആവശ്യപ്പെട്ടത്. ആയുധങ്ങൾ വീഴ്ചയില്ലാതെ എത്തിക്കുക, പരിശീലനം സമഗ്രമായി നൽകുക, തെൽഅവീവിൽ സംഘ്പരിവാരത്തിന്റെ പ്രത്യേക ഓഫിസ് അനുവദിക്കുക, ഹിന്ദുരാഷ്ട്രം രൂപീകരിക്കാൻ യു.എന്നിൽ സമ്മർദ്ദം ചെലുത്തുക. പക്ഷേ, നാം എന്തെങ്കിലും ചെയ്തുകാണിക്കണമെന്നാണവർ പറയുന്നത്. ആയുധം എത്തിക്കാമെന്നും രാഷ്ട്രീയ പിന്തുണ നൽകാമെന്നും അവർ സമ്മതിച്ചു. എന്റെ പക്കൽ മുസ്‌ലിംകളുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള ജനസംഖ്യാകണക്കുകൾ കൃത്യമായുണ്ട്. എന്നാൽ, മൂന്ന് എ.കെ 47 തോക്ക് മാത്രമാണ് ഇപ്പോഴുള്ളത്. കൂടുതൽ വാങ്ങാനാണെങ്കിൽ പണവുമില്ല."

മേജർ രമേശ് ഉപാധ്യായ: "എ.കെ 47 തോക്ക് ഗോരക്പൂരിലെ കോക്സ് ബസാറിൽ കിട്ടും. പക്ഷേ, വിൽക്കുന്നവരൊക്കെയും ജിഹാദികളാണ്."

ദയാനന്ദ് പാണ്ഡെ: "നമുക്ക് ആവശ്യമുള്ളത്ര എ.കെ 47 തോക്കുകൾ നമുക്കു കിട്ടും. അതിൽ പേടിക്കേണ്ട".

പുരോഹിത്: "നമ്മൾ ഇത്തരത്തിൽ പ്രവർത്തിക്കുന്നുവെന്ന് വിശ്വസിക്കാൻ ഇസ്രയേൽ തെളിവ് ചോദിച്ചിട്ടുണ്ട്. എന്തു കൂടുതൽ തെളിവാണ് അവർക്കു വേണ്ടത്. നാം രണ്ട് ആക്രമണങ്ങൾ വിജയകരമായി നടത്തിയില്ലേ."

വിശ്വസിച്ചാലും ഇല്ലെങ്കിലും സംഭവം സത്യമാണ്. ടേപ്പുകൾ ഇപ്പോഴും എ.ടി.എസ്. സൂക്ഷിക്കുന്നു.

ഹേമന്ത് കാർക്കറെ പുറത്തു ചാടിക്കാൻ തുടങ്ങിയ ഹിന്ദുഭീകരക്കുടത്തിലെ പുതിയ ഭൂതങ്ങൾ ഓരോന്നോരോന്നായി കുടം ചാടി പറന്നെത്തുമ്പോൾ ഭീകരതയുടെ മാറുന്ന സമവാക്യങ്ങളിൽ അടങ്ങിയിരിക്കുന്ന പുതിയ യാഥാർത്ഥ്യങ്ങളെ കുറിച്ചുള്ള ചിത്രങ്ങളാണ് നമുക്ക് ദിനേനെ ലഭ്യമായിക്കൊണ്ടിരിക്കുന്നത്. ഒടുവിൽ ഇത് മലയാളിയായ ആർ.എസ്.എസ് കൊടുംഭീകരൻ സുരേഷ് കുമാറിൽ വരെ എത്തിനിൽക്കുന്നു. ഹിന്ദുത്വ ഭീകരർ ഏറ്റെടുത്ത് നടത്തുന്ന ഭീകരപ്രവർത്തനങ്ങളെ കുറിച്ച് സമഗ്രമായ അന്വേഷണത്തിന് ഭരണകൂടം തെയ്യാറെടുക്കുന്നത് വരെ രാജ്യം ഭീകരമുക്തമാവില്ലെന്നർത്ഥം. കാവി ഭീകരത തിരിച്ചറിഞ്ഞ കേന്ദ്രമന്ത്രിയും തെളിവുമായെത്തിയ ദിഗ്‌വിജയ് സിംഗും പകർന്നേകുന്ന പ്രതീക്ഷകൾ ഭരണകൂടത്തിന്റെ തുടർചലനങ്ങളിൽ നിർണായക സ്വാധീനം ചെലുത്തുമെന്ന് കരുതാം.

തലവനായിരുന്ന ധീരനായ ഹേമന്ദ് കർക്കരെയും. കേണൽ പുരോഹിത്, പ്രജ്ഞാസിങ് താക്കൂർ, സ്വാമി അസീമാനന്ദ, ദയാനന്ത് പാണ്ഡെ, മേജർ രമേശ് ഉപാധ്യായ തുടങ്ങി നിരവധി പേരെ അദ്ദേഹം അറസ്റ്റ് ചെയ്തു. പക്ഷേ, ഇതിന്റെ പേരിൽ അദ്ദേഹത്തിന് തന്റെ ജീവൻ തന്നെ വിലയായി നൽകേണ്ടി വന്നു. രാജ്യത്ത് പലപ്പോഴായി നടന്ന 20 സ്ഫോടനങ്ങൾ പുനരന്വേഷിക്കണമെന്നും അതിൽ ഹിന്ദുത്വ ഭീകരരുടെ പങ്കുണ്ടാകാമെന്നും അദ്ദേഹം മരണത്തിന് മുമ്പ് സർക്കാരിനോടാവശ്യപ്പെട്ടു. ഹിന്ദുത്വ ഭീകരർക്ക് ഇസ്രയേൽ ബന്ധമുണ്ടെന്നും അദ്ദേഹം പ്രസ്താവിച്ചിരുന്നു.

സത്യത്തിൽ, ഭീകരതയുടെ രീതികളും ഗുരുക്കന്മാരും മാറിമറിയുകയാണ്. മുമ്പ് താടിയും തലപ്പാവുമായിരുന്നു ഭീകരതയുടെ ചിഹ്നമെങ്കിൽ ഇന്ന് ഭീകരതയുടെ ചിഹ്നം വെപ്പുതാടിയും കാവിയുമാണ്. ചില മഠങ്ങളും സന്യാസിമാരുമാണ് പുതിയ കാലഘട്ടത്തിന്റെ ജിഹാദികൾ.

മുസ്‌ലിം ജനസമൂഹത്തെ രാഷ്ട്രനിർമാണ പ്രക്രിയയുടെ മുഖ്യധാരയിൽനിന്ന് മാറ്റിനിർത്താനായി ഭീകരതയുടെ സംഘപരിവാരം കളിച്ച സമർത്ഥമായ ഭീകരനാടകങ്ങളുടെ അമിട്ടുകൾ ഓരോന്നോരോന്നായി പുറത്തുവന്നുകൊണ്ടേയിരിക്കുന്നു. ഇനിയും വിശ്വാസമായില്ലെങ്കിൽ ഇത് കൂടി കേട്ടോളൂ. ദയാനന്ദ് പാണ്ഡെയുടെ ലാപ്ടോപ്പിൽ നിന്നു മലേഗാവ് കേസന്വേഷണത്തിനിടെ എ.ടി.എസ്. തലവൻ ഹേമന്ത് കർക്കരെ കണ്ടെടുത്ത 37 ഓഡിയോ ടേപ്പുകളിലൊന്നിലെ ഒരു ചെറിയ ഭാഗം മാത്രമാണിത്.




# വിയോജിപ്പിനുമപ്പുറം യോജിപ്പിന്റെ ഒരു കൈ

മനുഷ്യജാലിക
● **നാസർ ഫൈസി കൂടത്തായ്**

റിപ്പബ്ലിക് ദിനത്തിൽ ഇന്ത്യക്കകത്തും പുറത്തും എസ്കെഎസ്എസ്എഫ് *മനുഷ്യജാലിക* തീർക്കുന്നു

**യൂ**റോപ്യൻ ഫാഷിസം പ്രധാനമായും ഒന്നാം ലോകമഹായുദ്ധത്തോടു കൂടി ഉയർന്നുവരികയും രണ്ടാം ലോകമഹായുദ്ധമവസാനത്തോടുകൂടി മണ്ണടിയുകയുംചെയ്ത പ്രതിഭാസമാണ്. എന്നാൽ, ഇന്ത്യൻ ഫാഷിസത്തിന്റെ അടിവേരുകൾ യൂറോപ്യൻ ഫാഷിസത്തിന്റെ ആരംഭഘട്ടത്തിലേക്കു നീണ്ടുകിടക്കുകയാണെങ്കിലും മുഖ്യമായും അതൊരു സമകാലിക പ്രശ്നമാണ്. ജർമ്മനിയിൽ 1930-കളുടെ തുടക്കത്തിൽ നാസിസം ഉയർത്തിയ മുദ്രാവാക്യവും രീതിശാസ്ത്രവും ഇന്ത്യൻ ഫാഷിസം ഉയർത്തിപ്പിടിക്കുകയാണ്. ഇന്ത്യൻ ഫാഷിസം രൂപംകൊള്ളുന്നത് 1923-ൽ വി ഡി സവർക്കർ ഹിന്ദുവിന് നൽകിയ നിർവചനത്തോടെയാണ്. സിന്ധു നദി മുതൽ ഇന്ത്യൻ സമുദ്രം വരെ നീണ്ടുകിടക്കുന്ന ഭാരതഭൂമിയെ തന്റെ പിതൃഭൂമിയും പുണ്യഭൂമിയും തന്റെ മതത്തിന്റെ തൊട്ടിലുമായി കരുതുന്നയാളാണ് ഹിന്ദു എന്ന് *ഹിന്ദുത്വം; ആരാണ് ഹിന്ദു?* എന്ന തന്റെ ലഘുലേഖയിൽ പിതൃഭൂമി - പുണ്യഭൂമി സമവാക്യത്തിന്റെ വിവക്ഷകൾനൽകി വളരെ വ്യക്തമായി വിവരിക്കുന്നുണ്ട്.

ആർ എസ് എസ് സ്ഥാപിച്ചത് 1925-ലാണ്. അഞ്ചാളുകൾ ചേർന്നാണ് അതുണ്ടാക്കിയത്. ഹെഡ്ഗെവാർ, ബി എൻ മുൻജെ, ബാബു റാവു സവർക്കർ (വി ഡി സവർക്കറുടെ അനുജൻ), ഡോ എൽ വി പരാഞ്ജപെ, ഡോ: ബി ബി ഥാൽക്കർ എന്നിവരായിരുന്നു. ഹിന്ദുമഹാസഭ, ആര്യസമാജ് മുതലായ സംഘടനകളുമായി ബന്ധം സ്ഥാപിച്ച ആർ എസ് എസിന് അതിവേഗതയിലുള്ള വളർച്ചയുണ്ടായി. 1940-ൽ എം എസ്



ഗോൾവാൾക്കർ ആർ എസ് എസിന്റെ സർസംഘ് ചാലക് ആയി നിയമിത നായി. ഹിന്ദുത്വ രാഷ്ട്രത്തിന്റെയും വർഗീയതയുടെയും പൊതുനിലപാടുകൾ ഗോൾവാൾക്കറുടെ വാക്കുകളെ കേന്ദ്രീകരിച്ചായിത്തീർന്നു. ഹിറ്റ്ലറുടെ *മെയിൻ കാംഫ്* പോലെ ഇന്ത്യൻ ഫാഷിസത്തിന്റെ പ്രമാണമാണ് ഗോൾവാൾക്കറുടെ *വിചാരധാര (ബഞ്ച് ഓഫ് തോട്ട്സ്).* 1966-ലാണ് ഇത് ഇറങ്ങിയത്. ഗോൾവാൾക്കർ പറഞ്ഞു: കഴിവും പാരമ്പര്യവുമുള്ള രാഷ്ട്രങ്ങളുടെ അനുഭവം ഉൾക്കൊണ്ട് ഹിന്ദുസ്ഥാനിലെ അഹിന്ദുക്കൾ ഹിന്ദുസംസ്കാരവും ഭാഷയും സ്വീകരിക്കണം. ഹിന്ദുമതത്തെ ആദരിക്കുകയും ആരാധിക്കുകയും വേണം. ഹിന്ദു രാഷ്ട്രത്തിന്റെ മഹ്ത്വവൽക്കരണമൊഴിച്ച് മറ്റൊരാശയവും അവരിലുണ്ടാകരുത്. ഹിന്ദു രാഷ്ട്രത്തിന് പൂർണ്ണമായി കീഴ്പ്പെട്ട്, ഒന്നും അവകാശപ്പെടാതെ ഒരു ആനുകൂല്യവും ചോദിക്കാതെ, ഒരു തരത്തിലുള്ള മുൻഗണനയ്ക്കും അവകാശമില്ലാതെ പൗരാവകാശംപോലുമില്ലാതെ അവർക്കിവിടെ ജീവിക്കാം. (വിചാരധാര, പേജ് : 52)

അഹിന്ദുക്കളെ തകർക്കാനായി ഹിന്ദുക്കളോട് സൈനികപരിശീലനം നടത്താൻ ഗോൾവാൾക്കർ ആവശ്യപ്പെട്ടു. 1945-ൽ ഹിന്ദുമഹാസഭയുടെ പ്രസിഡന്റായിരുന്ന സവർക്കർ ഒരു മുദ്രാവാക്യമുയർത്തി: രാഷ്ട്രീയത്തെ ഹിന്ദുവൽക്കരിക്കുക! ഹിന്ദുരാജ്യത്തെ സൈനികവൽക്കരിക്കുക!!

1939-ൽ പ്രസിദ്ധീകരിച്ച 'നാം നമ്മുടെ ദേശീയത നിർവ്വചിക്കുന്നു' എന്ന ഗ്രന്ഥത്തിലൂടെ ഗുരു ഗോൾവാൾക്കർ സാംസ്കാരിക ദേശീയതയെന്ന സവർക്കറുടെ സങ്കൽപം വിപുലീകരിച്ചു. സാംസ്കാരിക പൈതൃകത്തിന്റെ ഉയർത്തെഴുന്നേൽപ്പിന് ആർ എസ് എസും സവിശേഷ അവകാശങ്ങൾ നൽകുന്ന രാഷ്ട്രീയ വ്യവസ്ഥയുടെ സ്ഥാപനത്തിന് ഹിന്ദുമഹാസഭയും പിന്നീട് ജനസംഘവും തുടർന്ന് ബി ജെ പിയും രംഗത്തെത്തുകയായിരുന്നു. 1925 മുതൽ സജീവമായിരുന്ന ആർ എസ് എസിന്റെ സ്വാധീനം സവർണ്ണ ജാതികൾക്കപ്പുറത്തേക്ക് ഉണ്ടായിരുന്നില്ല. ഹിന്ദുമഹാസഭ അപ്രസക്തമായി. ജനസംഘത്തിനും ചലനമുണ്ടാക്കാനായില്ല. ആർ എസ് എസ് നിരവധി തന്ത്രങ്ങൾ പയറ്റി. ഹിന്ദുക്കളെ പ്രവർത്തനസജ്ജമാക്കാനും ഭൂരിപക്ഷ ജനങ്ങളെ ഹിന്ദുത്വവാദികളാക്കാനും ത്രിശൂലം പോലുള്ള മതചിഹ്നങ്ങൾ ഉപയോഗപ്പെടുത്തി. രാമജന്മഭൂമിക്കുവേണ്ടി ഹിന്ദുക്കൾ എഴുപത്താറ് യുദ്ധങ്ങൾ ചെയ്തുവെന്നും അതിലെല്ലാമായി മൂന്നു ലക്ഷം പേർക്ക് ജീവൻ നഷ്ടപ്പെട്ടുവെന്നും പ്രചാരണം നടത്തി. (ഓർഗനൈസർ 1989 - ഒക്ടോബർ 8)

പ്രധാനമായും രണ്ട് ചരിത്ര നിർമ്മിതികളാണ് ഇന്ത്യ ഹിന്ദുത്വ രാഷ്ട്രമായി അവതരിപ്പിക്കുന്നതിനു പിന്നിലെ യുക്തിയായി ഉയർത്തിക്കാണിക്കപ്പെട്ടത്.

ഒന്ന്, വേദകാലം മുതലുള്ള അനുസ്യൂതമായ ഒരു ചരിത്രപാരമ്പര്യത്തിന്റെ അവകാശികളാണ് തങ്ങളെന്ന വാദം. രണ്ട്, മറ്റു മതവിഭാഗങ്ങളിൽപ്പെട്ടവരെല്ലാം വിദേശങ്ങളിൽനിന്ന് കുടിയേറിയവരോ വൈദേശിക വിശ്വാസങ്ങളിലേക്ക് പരിവർത്തനം ചെയ്തവരോ ആയതിനാൽ അവർ രാഷ്ട്രത്തിന്റെ ഭാഗമല്ല എന്ന ജൽപനം. ഇവ രണ്ടും തെറ്റായ വാദഗതികളായിരുന്നു. അങ്ങനെ ഹിന്ദുത്വവാദികൾ വിദേശമതങ്ങളെ നേരിടാൻ ഹിന്ദുക്കളെ മതത്തിന്റെ പേരിൽ അക്രമാസക്തരാക്കി. കരുണയുടെ പ്രതീകമായ രാമനെപ്പോലും ധ്വംസകനാക്കി അവതരിപ്പിച്ചു. പ്രശാന്തിയും പുഞ്ചിരിയും തൂകുന്ന ദൈവാവതാരത്തിൽനിന്ന് അമ്പും വില്ലുമായി ആക്രമണാത്മകമായ ഒരു യോദ്ധാവിന്റെ ഭാവത്തിലേക്ക് ശ്രീരാമനെ മാറ്റുന്ന പുനരുത്ഥാനവിഗ്രഹശാസ്ത്രം പുതിയ സൈനിക ആത്മീയതയുടെ അടയാളമാക്കി.

രണ്ടാം ലോക മഹായുദ്ധത്തിൽ ബ്രിട്ടീഷുകാർ അഡോൾഫ് ഹിറ്റ്ലറുമായി ജീവൻ മരണ പോരാട്ടം നടത്തുമ്പോൾ ആർ എസ് എസ് ഗ്രന്ഥമായ *നാം അല്ലെങ്കിൽ നമ്മുടെ രാഷ്ട്രം നിർണ്ണയിക്കപ്പെട്ടിരിക്കുന്നു* എന്നതിൽ ഹിറ്റ്ലർ മഹത്വവൽക്കരിക്കപ്പെട്ടിട്ടു പോലും ബ്രിട്ടീഷുകാർ അതിനെ നിരോധിക്കാതിരുന്നത് ആർ എസ് എസ് ബ്രിട്ടീഷ് ബന്ധത്തിന്റെ ഫലമാണ്.

ഇളം വിദ്യാർത്ഥികളുടെ മനസ്സിൽ വിദ്വേഷത്തിന്റെ കനൽകട്ടകൾ കോരിയിട്ടു. ഇതിനായി രാജ്യത്ത് 65000 ത്തോളം സ്കൂളുകൾ സംഘ് പരിവാർ സ്ഥാപിച്ചു. ഹിന്ദുത്വപുനരുത്ഥാന പരിപാടിയായിരുന്നു ഈ സ്കൂളിലെ കരിക്കുലത്തിന്റെ അടിസ്ഥാനം. അതിനപ്പുറം അധികാരത്തിലെത്തുമ്പോൾ പൊതുവിദ്യാഭ്യാസത്തിന്റെ പാഠപുസ്തകങ്ങൾ മാറ്റിയെഴുതിയും സിലബസ് മാറ്റിയും വിദ്യാഭ്യാസം കാവിവത്ക്കരിച്ചു. *നമ്മളും നമ്മുടെ വിദ്യാർത്ഥികളും* എന്ന എം എസ് ഗോൾവാൾക്കറുടെ ലേഖനത്തിലെ കാഴ്ചപ്പാടായിരുന്നു ഈ കാവിവൽക്കരണം. വിദ്യാഭ്യാസം, ചരിത്രം, പുരാവസ്തു പഠനം, സംഗീതം, മാധ്യമം എന്നിവിടങ്ങളിലൊക്കെ സംഘം സ്വാധീനമുറപ്പിക്കാൻ ശ്രമിച്ചു. എല്ലാ ഭാഷകളിലും പ്രസിദ്ധീകരണങ്ങളുണ്ട്. എല്ലാ ജില്ലകൾക്കും ചരിത്രമെഴുതാൻ പ്രത്യേകം കമ്മിറ്റികളുണ്ട്. സാഹിത്യസംഘടനകൾ, നാടക ക്ലബ്ബുകൾ, നിരവധി ഗ്രാമങ്ങളിൽ അതിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രപുനരുദ്ധാരണ കമ്മിറ്റികൾ

എല്ലാമുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ്, ഇന്ത്യൻ കൗൺസിൽ ഫോർ സോഷ്യൽ സയൻസ് റിസർച്ച്, ഇന്ത്യൻ കൗൺസിൽ ഫോർ ഫിലോസഫിക്കൽ റിസർച്ച്, അബ്ദുൽ കലാം ആസാദ് സെന്റർ ഫോർ സെൻട്രൽ ഏഷ്യൻ സ്റ്റഡീസ് എന്നിങ്ങനെ നിരവധി വിദ്യാഭ്യാസ ധനസഹായ സ്ഥാപനങ്ങളുടെ നിയന്ത്രണം സംഘ് പരിവാർ കയ്യടക്കിക്കഴിഞ്ഞു. ചരിത്രത്തെ പരിവാർ വക്രീകരിച്ചു. അഖണ്ഡഭാരതത്തിന്റെ ഭൂപടത്തിൽ പാക്കിസ്ഥാനും ബംഗ്ലാദേശും ഭൂട്ടാനും നേപ്പാളും തിബറ്റും മ്യാൻമാറും ചേർന്നതാണ്. ഭൂമിശാസ്ത്ര നാമങ്ങൾ പോലും ഹൈന്ദവത ധ്വനിപ്പിക്കുംവിധം മാറ്റിമറിക്കുന്നു. ഇന്ത്യൻ മഹാസമുദ്രം ഹിന്ദുമഹാസാഗരവും അറബിക്കടൽ സിന്ധുസാഗരവും ബംഗാൾ ഉൾക്കടൽ ഗംഗാസാഗരവുമാക്കുന്നു.

*ഇന്ത്യാ ചരിത്രത്തിലെ ആറ് സുവർണ്ണയുഗങ്ങൾ* എന്ന വി ഡി സവർക്കറുടെ പുസ്തകത്തിലെ ആശയപ്രകാരം ചരിത്രത്തെ വക്രീകരിക്കുകയായിരുന്നു ബി ജെ പി സർക്കാറുകൾ. ആശയപരമായി വർഗീയവും സ്വഭാവത്തിൽ ജനാധിപത്യവിരുദ്ധവും പ്രയോഗരീതികളിൽ ഫാസിസ്റ്റുമായ ബി ജെ പി അധികാരത്തിൽ വന്ന് പല അപകടങ്ങളും വരുത്തി. ആർ എസ് എസ് നേതാവ് മുൻജേയും ഹെഡ്ഗേവാറും ലാലു ഗോഖലയും തമ്മിൽ നടത്തിയ ഒരു കൂടിക്കാഴ്ചയെക്കുറിച്ച് മുൻജേയുടെ 1934 മാർച്ച് 31-ലെ ഡയറിക്കുറിപ്പിൽ അദ്ദേഹം പറയുന്നു: പഴയ ശിവജിയെയോ വർത്തമാനകാലത്തെ ഇറ്റലിയിലെ മുസോളിനിയെയോ ജർമ്മനിയിലെ ഹിറ്റ്ലറെയോ പോലുള്ള ഒരു ഹിന്ദു ഏകാധിപതിയുള്ള നമ്മുടെ സ്വന്തം സ്വരാജ് ഉണ്ടാവാത്തിടത്തോളം ആ ആശയം സഫലീകരിക്കാനാവില്ല. എന്നാൽ അത്തരമൊരു ഏകാധിപതി ഇന്ത്യയിൽ ഉയർന്നുവരുന്നതുവരെ നാം കയ്യും കെട്ടിയിരിക്കണമെന്ന് അതിനർത്ഥമില്ല.

സ്വതന്ത്ര ഇന്ത്യയോ ജനാധിപത്യ സംവിധാനമോ ആർ എസ് എസ് ആശയത്തിലില്ല. ബ്രിട്ടീഷ് വിരുദ്ധ സമരത്തിൽ യാതൊരു പങ്കും പരിവാർ വഹിച്ചില്ല. 1920-കളുടെ അന്ത്യത്തിലെ ആർ എസ് എസിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഔദ്യോഗികരേഖകളിൽ ബ്രിട്ടീഷ് വിരുദ്ധമായ യാതൊരു പരാമർശവുമില്ല. സ്വാതന്ത്ര്യസമരത്തിൽ ആർ എസ് എസ് പങ്കുള്ള രേഖയടങ്ങുന്ന ഒരൊറ്റ ഗ്രന്ഥംപോലും ആ സംഘടന എഴുതിയിട്ടില്ല. പലപ്പോഴും സ്വാതന്ത്ര്യസമരത്തെ ഒറ്റിക്കൊടുക്കുകയാണുണ്ടായത്. രണ്ടാം ലോക മഹായുദ്ധത്തിൽ ബ്രിട്ടീഷുകാർ അഡോൾഫ് ഹിറ്റ്ലറുമായി ജീവൻ മരണ പോരാട്ടം നടത്തുമ്പോൾ ആർ എസ് എസ് ഗ്രന്ഥമായ *നാം അല്ലെങ്കിൽ നമ്മുടെ രാഷ്ട്രം നിർണ്ണയിക്കപ്പെട്ടിരിക്കുന്നു* എന്നതിൽ ഹിറ്റ്ലർ മഹത്വവൽക്കരിക്കപ്പെട്ടിട്ടു പോലും ബ്രിട്ടീഷുകാർ അതിനെ നിരോധിക്കാതിരുന്നത് ആർ എസ് എസ് ബ്രിട്ടീഷ് ബന്ധത്തിന്റെ ഫലമാണ്. 1937-ൽ അഹമ്മദാബാദിൽ വെച്ച് ഹിന്ദുമഹാസഭയുടെ 19-ാമത് സമ്മേളനത്തിൽ അധ്യക്ഷപ്രസംഗത്തിൽ ദ്വിരാഷ്ട്രവാദം ഉന്നയിക്കുകയും ചെയ്തു സവർക്കർ.

സ്വതന്ത്ര ഇന്ത്യയല്ല ഏകാധിപത്യ രാഷ്ട്രമാണ് പരിവാറിന്റെ ലക്ഷ്യം. പക്ഷേ, രാഷ്ട്രം ഹിന്ദുത്വത്തിന് വഴങ്ങിയില്ല എന്നത് ആശ്വാസകരമാണ്. 1963-ൽ ഡൊണാൾഡ് യൂജിൻ സ്മിത് എന്ന അമേരിക്കൻ രാഷ്ട്രീയ ശാസ്ത്രജ്ഞൻ എഴുതി: ഭാവിയിൽ ഇന്ത്യ ഒരു ഹിന്ദുരാഷ്ട്രമാകുമോ എന്നത് ഇപ്പോഴേ തള്ളിക്കളയാവുന്ന

**സ്വതന്ത്ര ഇന്ത്യയല്ല ഏകാധിപത്യ രാഷ്ട്രമാണ് പരിവാറിന്റെ ലക്ഷ്യം. പക്ഷേ, രാഷ്ട്രം ഹിന്ദുത്വത്തിന് വഴങ്ങിയില്ല എന്നത് ആശ്വാസകരമാണ്. 1963-ൽ ഡൊണാൾഡ് യൂജിൻ സ്മിത് എന്ന അമേരിക്കൻ രാഷ്ട്രീയ ശാസ്ത്രജ്ഞൻ എഴുതി: ഭാവിയിൽ ഇന്ത്യ ഒരു ഹിന്ദുരാഷ്ട്രമാകുമോ എന്നത് ഇപ്പോഴേ തള്ളിക്കളയാവുന്ന സാധ്യതയല്ല. എന്തായാലും ആ സാധ്യത ഇപ്പോൾ വളരെ ശക്തമല്ല. മതനിരപേക്ഷ ഇന്ത്യക്ക് അതിജയിക്കാനുള്ള സാധ്യത കൂടുതലാണ്.**



സാധ്യതയല്ല. എന്തായാലും ആ സാധ്യത ഇപ്പോൾ വളരെ ശക്തമല്ല. മതനിരപേക്ഷ ഇന്ത്യക്ക് അതിജയിക്കാനുള്ള സാധ്യത കൂടുതലാണ്. (ഇന്ത്യ എ സെക്യുലാർ സ്റ്റേറ്റ്, പ്രിൻസ്റ്റൺ, പേജ് 501. ഉദ്ധരണം: ഡോ: കെ എൻ പണിക്കർ. ഇരുൾ വീഴും മുൻപേ, പേജ്: 68) ഈ പ്രസ്താവന വന്ന് നാലരപ്പതിറ്റാണ്ടാകുന്ന ഘട്ടത്തിലും മതേതര ഇന്ത്യക്ക് അതിജീവിക്കാനാകുന്നു. പല മേഖലകളിലും മുടന്തിയാണെങ്കിലും കഴിഞ്ഞ ആറു പതിറ്റാണ്ടായി ഇന്ത്യയിൽ മതേതരത്വവും ജനാധിപത്യവും നിലനിൽക്കുന്നു. എന്നാൽ, ഗുജറാത്തുപോലുള്ള സമീപകാല തെരഞ്ഞെടുപ്പുകൾ ഫാഷിസം ജനാധിപത്യത്തിൽ മേൽകൈനേടുന്നത് രാഷ്ട്ര നിലനിൽപ്പിൻമേൽ സംശയത്തിന്റെ കരിനിഴൽ വീഴ്ത്തുകയാണ്. അവസരവാദത്തിന്റെയും കൈയ്യൂക്കിന്റെയും രാഷ്ട്രീയം മേൽകൈ നേടുന്നത് രാഷ്ട്രത്തിന്റെ ഭാവിയെ ആശങ്കപ്പെടുത്തുന്നു. ഭീകരസ്ഫോടനങ്ങളും കലാപങ്ങളും നടത്തി സംഘ്പരിവാർ രൗദ്രഭാവം പൂണ്ടെത്തുന്നതിന്റെ വർത്തമാനങ്ങളാണ് ഇപ്പോൾ കൂടുതൽ പുറത്തുവന്നുകൊണ്ടിരിക്കുന്നത്. അടുത്തകാലത്ത് രാജ്യത്ത് നടന്ന ഈ നാലു സ്ഫോടനങ്ങളിലും തനിക്കും സംഘ്പരിവാർ നേതാക്കൾക്കും പങ്കുണ്ടെന്ന് ഇപ്പോൾ ആർ എസ് എസ് നേതാവ് സ്വാമി അസിമാനന്ദ കുറ്റസമ്മതം നടത്തിയിരിക്കുന്നു. സി ബി ഐയുടെ പ്രത്യേക കോടതിയിലാണ് കുറ്റസമ്മതം. ആർ എസ് എസിന് പുറമെ ബജ്റംഗ്ദൾ, വിശ്വഹിന്ദു പരിഷത്ത്, അഭിനവ് ഭാരത്, ജയ്‌വന്ദേമാതരം, വനവാസി കല്യാൺ ആശ്രമം എന്നിവക്കും പങ്കുണ്ടെന്നാണ് സ്വാമിയുടെ വെളിപ്പെടുത്തൽ. ഈ വെളിപ്പെടുത്തലിലൂടെ ഞെട്ടിക്കുന്ന വിവരങ്ങളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ആർ എസ് എസ് ആസൂത്രണത്തിൽ നടന്ന സ്ഫോടനങ്ങൾ മറച്ചുവെക്കാൻ കൂടുതൽ സ്ഫോടനങ്ങൾ നടന്നതായി രാജസ്ഥാൻ ഭീകര വിരുദ്ധ സ്കോഡ് കണ്ടെത്തി. ആർ എസ് എസ് സ്ഫോടനങ്ങളുടെ ചുമതലയുണ്ടായിരുന്ന പ്രചാരക് സുനിൽ ജോഷിക്ക്



*ഗോൾവാൾക്കർ, ഹിറ്റ്ലർ, വിഡി സവർക്കർ, ബാൽതാക്കറെ*

**ജിഹാദ് ഇസ്‌ലാമിലെ മൗലിക തത്ത്വങ്ങളിൽ പെട്ടതാണ്. ആത്മസംസ്കരണം മുതൽ ജീവത്യാഗം വരെ നീളുന്ന പ്രക്രിയയാണത്. നാവും അക്ഷരങ്ങളും തൂലികയും കടലാസും വാളും തോക്കുമൊക്കെ അതാത് ഘട്ടങ്ങളിൽ ആയുധമാകും. മക്കാജീവിതത്തിൽ പ്രവാചകന്റെ ജിഹാദ് സഹനസമരമായിരുന്നു. ബദ്റ്, ഉഹ്ദ് പോർക്കളങ്ങളും ജിഹാദ് തന്നെ. സ്വലാഹുദ്ദീൻ അയ്യൂബി നടത്തിയ ഖുദ്സിന്റെ മോചനസമരം ജിഹാദായിരുന്നപോലെ ഖുദ്സിന്റെ മോചനത്തിന് ഫലസ്തീനികൾ ഇപ്പോൾ നടത്തുന്നതും ജിഹാദ് തന്നെ. ജീവിതത്തിൽ ആയുധമെടുക്കാതെ ഇമാം ഗസാലി(റ) നടത്തിയ പരിവർത്തനവും ജിഹാദാണ്.**

പുറമെ അയാളുടെ സുഹൃത്തും മധ്യപ്രദേശിലെ ആർ എസ് എസ് പ്രവർത്തകനുമായ രാംജി (രാമപ്രസാദ് കലോഡ)യും കൊല്ലപ്പെട്ടു. അജ്മീർ സ്ഫോടനത്തിനുള്ള ബോംബുകൾ സുനിൽ ജോഷിക്ക് വിതരണം ചെയ്തത് രാംജിയായിരുന്നു. അസിമാനന്ദയുടേയും ഇന്ദ്രേഷ്കുമാറിന്റെയും പങ്കാളിത്തം മറച്ചുവെക്കാൻ ജോഷിയെയും രാംജിയേയും അവരുടെ തന്നെ ആളുകൾ ഇല്ലായ്മചെയ്തെന്നാണ് രാജസ്ഥാൻ എൻ ടി എസ് കരുതുന്നത്.

മലേഗാവിലെ ബോംബ് സ്ഫോടനത്തിന്റെ ശില്പി പ്രജ്ഞാസിംഗ് താക്കൂറും ശ്രീകാന്ത് പ്രസാദ് പുരോഹിതും പിടിക്കപ്പെട്ടപ്പോൾ ഭീകരവിരുദ്ധ സ്കോഡ് തലവൻ ഹേമന്ദ് കർക്കറെ വൻസ്രാവുകളെക്കുറിച്ച് ചില സൂചനകൾ നൽകിയിരുന്നു. ബാൽതാക്കറെ, തൊഗാഡിയ പോലുള്ളവരിലേക്കായിരുന്നു അത് നീണ്ടത്. കുറഞ്ഞനാളുകൾക്കകം ഭീകരർ കർക്കറയെ വെടിവെച്ചുകൊന്നു. പാക്കിസ്ഥാൻ ചാരസംഘടനയായ ഐ എസ് ഐലേക്കാണ് അന്വേഷണം നീങ്ങിയത്. എന്നാൽ ഐ എസ് ഐയുമായുള്ള ആർ എസ് എസ് ബന്ധം കൂടുതൽ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ഹിന്ദുത്വ ഭീകരർക്ക് കേരളവുമായി ബന്ധമുണ്ടെന്നാണ് പുറത്തുവരുന്ന വിവരം. ഹിന്ദുത്വ താൽപര്യ സംരക്ഷണത്തിന് സ്ഫോടനങ്ങൾ വേണമെന്ന് വിശ്വസിക്കുന്ന സനാതൻസംസ്ഥ, ധർമ്മശക്തി സേന, ഹിന്ദുജന ജാഗ്രതാസമിതി തുടങ്ങിയ സംഘടനകൾക്ക് കേരളത്തിൽ യൂണിറ്റുകളുണ്ടത്രെ. ധർമ്മശക്തി സേനയുടെ പരിശീലന ക്യാമ്പ് 2008 മെയ് 25-ന് കാസർക്കോട് നടന്നിരുന്നു. ആർ എസ് എസിന്റെ ഹിന്ദുത്വവത്ക്കരണത്തിന്റെ രാക്ഷസീയത കേരളത്തിൽ വ്യാപകമാകാതിരിക്കുന്നത് മുസ്‌ലിംകളുടെ തീവ്രവാദരഹിത സമീപനമാണ്.

പകരം വീട്ടാൻ തീവ്രവാദത്തിനും മതരാഷ്ട്രവാദത്തിനും മെനക്കെടുന്നത് സംഘ് പരിവാറിനെ സുഖിപ്പി

ക്കുകയേയുള്ളൂ. അല്ലാഹുവിന്റെ ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധിയായ മനുഷ്യൻ ദൈവിക വ്യവസ്ഥ നടപ്പാക്കാനുള്ള സംവിധാനത്തിനുവേണ്ടി സമരം ചെയ്യണമെന്നും മറ്റു വ്യവസ്ഥിതികൾ അംഗീകരിക്കുന്നത് ബഹുദൈവവിശ്വാസമാണെന്നുമുള്ള മൗദൂദിയൻ മതരാഷ്ട്രവാദമാണ് ഹിന്ദുത്വത്തെ കൂടുതൽ ചൊടിപ്പിച്ചത്. മതതീവ്രവാദിയുടെ പ്രതിരോധവാദം അൽപജ്ഞാനത്തിന്റേതുമാണ്. പരിവാറിനെ പ്രതിരോധിക്കാൻ തീവ്രവാദികളാവുന്നത് ആത്മഹത്യാപരം എന്ന തിരിച്ചറിവ് വിവേകത്തിന്റേതാണ്. തീവ്രവാദിയും വർഗീയവാദിയും ചെയ്തികൾ മറച്ചുവെക്കാനും സ്വയം രക്ഷപ്പെടാനും നിർവചനങ്ങൾ തേടിപ്പോവാറുണ്ട്. എന്നാൽ ഒരു സാമൂഹ്യ പ്രതിഭാസത്തെ നിർവചിക്കേണ്ടതില്ല. കാര്യം മനസ്സിലാക്കുന്നതിന് നിർവചനങ്ങൾ പലപ്പോഴും പ്രതിബന്ധങ്ങളാണ് സൃഷ്ടിക്കുന്നത്. സങ്കീർണ്ണമായ അനുഭവങ്ങളെ സജാതീയവത്ക്കരിക്കാനാണ് നിർവചനങ്ങൾ ശ്രമിക്കുക.

മതം സമാധാനവും സുരക്ഷിതത്വവും നൽകുമ്പോൾ തീവ്രവാദം ദുഃഖവും ഭയവുമാണ് സൃഷ്ടിക്കുന്നത്. തീവ്രവാദം അതിന്റെ അനുയായികളിൽതന്നെ ആദ്യം ഭയവും ഭീരുത്വവുമാണ് നൽകുന്നത്. ശത്രുവിന്റെ ശക്തിയും സന്നാഹങ്ങളും അതിശയോക്തിപരമായി അവതരിപ്പിച്ചും ശത്രു ചെയ്തുകൊണ്ടിരിക്കുന്ന ദ്രോഹങ്ങളുടെ കഥകൾ പറഞ്ഞു ഫലിപ്പിച്ചും അനുയായികളെ അരക്ഷിതബോധത്തിലും ശത്രുഭയത്തിലും മരണാഭിമുഖ്യത്തിലുമെത്തിക്കുകയാണ് തീവ്രവാദം ചെയ്യുന്നത്. പിന്നീട് രക്തസാക്ഷിത്വത്തിന്റെ മേന്മകൾ പറഞ്ഞും മത സായുധപോരാട്ടത്തിനാണ് മറ്റെല്ലാറ്റിനേക്കാളും പ്രാധാന്യം നൽകിയിട്ടുള്ളതെന്ന് സ്ഥാപിച്ചും അനുയായികളെ സ്വർഗ്ഗത്തിന് വേണ്ടി ആത്മഹത്യ ചെയ്യുകയെന്ന വികൃതവും നിരർത്ഥകവുമായ സ്ഥിതിയിൽ എത്തിക്കുന്നു. അരക്ഷിതബോധം, ശത്രുഭയം, നിരാശ, ദു:ഖം, അവസാനം ആത്മഹത്യ ഇതാണ് തീവ്രവാദിയുടെ പരിണാമവ്യവസ്ഥകൾ.

ആർ എസ് എസിന് ബദലായി വന്ന പോപ്പുലർ ഫ്രണ്ടും ഐ എസ് എസും ഈ ബോധമാണ് യുവാക്കളിൽ സൃഷ്ടിക്കുന്നത്. സംഘ് പരിവാറിന് അന്നവും വെള്ളവും നൽകുകയാണ് തീവ്രവാദികൾ ചെയ്യുന്നത്. ഇസ്‌ലാമിനെയും വേദഗ്രന്ഥങ്ങളെയും ഇതിന്നായി ഉപയോഗപ്പെടുത്തുന്നത് ഹൈന്ദവതയെ ഉപയോഗപ്പെടുത്തുന്ന പരിവാറിന്റെ തന്ത്രം തന്നെയാണ്. എന്നാൽ ഇസ്‌ലാമിൽ ജിഹാദുണ്ട്. ഇസ്‌ലാം ജിഹാദ് കൽപിച്ചിട്ടുമുണ്ട്. അത് ഒരു മുസ്‌ലിമിന് ഒഴിവാക്കാനാവില്ല. നിങ്ങളുടെ ശരീരത്താലും സമ്പത്തിനാലും ദൈവമാർഗത്തിൽ ജിഹാദ് നടത്തുക. അതാണ് നിങ്ങൾക്കുത്തമം. (ഖുർആൻ 61: 11). ഉപരിപ്ലമായി ലാഘവബുദ്ധിയോടെ വിലയിരുത്തേണ്ടതല്ല ഇസ്‌ലാമിലെ ജിഹാദിന്റെ സാധുതയും പ്രായോഗികതയും. ഓറിയന്റലിസ്റ്റുകളും സയണിസ്റ്റുകളും ഖുർആനിലെ ജിഹാ



ദിന്റെ സൂക്തങ്ങൾ സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്ത് ദുർവ്യാഖ്യാനം ചെയ്യാനും ഇസ്‌ലാമിനെ ഭീകരവാദമാക്കി ചിത്രീകരിക്കാനും ശ്രമിക്കുമ്പോൾ അത്തരം തെറ്റിദ്ധാരണകൾക്ക് വളംവെക്കുകയാണ് ഇന്നത്തെ തീവ്രവാദികളുടെ സായുധ പ്രതിരോധത്തിനും പ്രത്യാക്രമണത്തിനും തെളിവായി ജിഹാദിനെ സമർപ്പിക്കുന്നവർ ചെയ്യുന്നത്.

രക്തസാക്ഷിത്വത്തിനു വേണ്ടി യുവാക്കളെ സജ്ജമാക്കുന്നവർ സ്വീകരിക്കുന്നത് സയണിസ്റ്റുകളും ഫാസിസ്റ്റുകളും സ്വീകരിച്ച അതേ ഖുർആൻ വ്യാഖ്യാനരീതി തന്നെയാണെന്നത് വ്യക്തമാണ്. മെഴുകുതിരിയുടെ ചുറ്റുമിരുന്ന് കാലിന്റെ ചുവപ്പ് മാറാത്ത കുട്ടികളോട് വിശുദ്ധ ഖുർആനിലെ ജിഹാദിന്റെ സൂക്തങ്ങളുദ്ധരിച്ച് സായുധവിപ്ലവം പ്രായോഗികമാക്കുന്നതിന് ഒരുങ്ങിയിരിക്കാൻ ആഹ്വാനം ചെയ്യുന്നവർ ഇസ്‌ലാംവിരുദ്ധരുടെ ആരോപണങ്ങൾ സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുകയാണ് ചെയ്യുന്നത്. ഹിന്ദുത്വ ഫാഷിസം വിജയിപ്പിക്കുന്നതും ഇവിടെത്തന്നെ.

ജിഹാദ് ഇസ്‌ലാമിലെ മൗലിക തത്ത്വങ്ങളിൽ പെട്ടതാണ്. ആത്മസംസ്കരണം മുതൽ ജീവത്യാഗം വരെ നീളുന്ന പ്രക്രിയയാണ് ജിഹാദ്. നാവും അക്ഷരങ്ങളും തൂലികയും കടലാസും വാളും തോക്കുമൊക്കെ അതാത് ഘട്ടങ്ങളിൽ ആയുധമാകും. മക്കാജീവിതത്തിൽ പ്രവാചകന്റെ ജിഹാദ് സഹനസമരമായിരുന്നു. ബദ്റ്, ഉഹ്ദ് പോർക്കളങ്ങളും ജിഹാദ് തന്നെ. സ്വലാഹുദ്ദീൻ അയ്യൂബി നടത്തിയ ഖുദ്സിന്റെ മോചനസമരം ജിഹാദായിരുന്നപോലെ ഖുദ്സിന്റെ മോചനത്തിന് ഫലസ്തീനികൾ ഇപ്പോൾ നടത്തുന്നതും ജിഹാദ് തന്നെ. സ്പെയിനിലെ മുസ്‌ലിംകളുടെ വൈജ്ഞാനിക വിപ്ലവവും ജിഹാദായിരുന്നു. ജീവിതത്തിൽ ആയുധമെടുക്കാതെ ഇമാം ഗസാലി (റ) നടത്തിയ പരിവർത്തനവും ജിഹാദാണ്. ജിഹാദിന്റെ നാനാർത്ഥങ്ങളിൽ ഇന്ത്യയെ പോലെയുള്ള ജനാധിപത്യ, മതേതര രാജ്യത്ത് സാധ്യ

തയും സാധുതയും പ്രായോഗിക തയും ആയിത്തീരുന്നത് ഏതാണ് എന്നതാണ് തീരുമാനിക്കപ്പെടേണ്ടത്. ജനാധിപത്യം നിലനിൽക്കുകയും മത സ്വാതന്ത്ര്യം അനുവദിക്കപ്പെടുകയും ചെയ്യുന്ന ഇന്ത്യപോലുള്ള രാഷ്ട്രങ്ങ ളിൽ പ്രസ്തുത സ്വാതന്ത്ര്യം നിലനിർത്താനാവശ്യമായ പ്രക്രിയക ളാണ് ജിഹാദ് കൊണ്ട് വിവക്ഷിക്കപ്പെ ടേണ്ടത്. ഇന്ത്യയിൽ ഇസ്‌ലാമിനെ വളർത്താൻ അനുയോജ്യമാണ് എന്ന തിനാലാണ് അതിനെ തെറ്റിദ്ധരിപ്പി ക്കാൻ ഫാഷിസ്റ്റുകൾ ശ്രമിക്കുന്നത്. ഈ ആസൂത്രിത ശ്രമത്തെ പരാജ യപ്പെടുത്താനും തെറ്റിദ്ധാരണകൾ ദൂരീകരിക്കാനും ഇസ്‌ലാമിന്റെ ഉദാത്ത മായ ദർശനവും സഹിഷ്ണുതാമു ഖവും ജനഹൃദയങ്ങളിലേക്ക് എത്തി ക്കുന്നതിനും വേണ്ടിയുള്ള പ്രവർത്ത നങ്ങളിലേർപ്പെടുകയാണ് ഇന്ത്യയിൽ നടത്തേണ്ട ജിഹാദ്.

ഇന്ത്യയിലെ ഭൂരിപക്ഷം ജന ങ്ങളും ഹിന്ദുത്വ ഫാഷിസത്തിനെതി രാണ്. വിശിഷ്യാ കേരളത്തിൽ ഇത്തരം സന്ദർഭങ്ങളിൽ ജിഹാദിലെ സായുധപ്രതിരോധം നിരന്തരമായ കുഴപ്പങ്ങൾക്കാണ് കാരണമാവുക. ഒന്നാമതായി സായുധ പ്രതിരോധം ഹിന്ദുത്വഭീകരതയെ ശക്തിപ്പെടു ത്തും. ഇസ്‌ലാമിക പ്രബോധനത്തിന് പ്രതിപക്ഷബഹുമാനവും സഹനമന സ്കതയും ആവശ്യമാണെങ്കിൽ പ്രതി രോധം പ്രതിയോഗിയോട് പ്രബോ ധനം നടത്തുക പ്രയാസമാക്കും. ഇസ്‌ലാം ഭീകരതയാണ് എന്ന സയ ണിസ്റ്റ് ഫാഷിസ്റ്റ് പ്രചരണം പ്രബോ ധിത ജനതയിൽ ഇസ്‌ലാമിനെക്കു റിച്ച് ഉണ്ടാക്കിത്തീർത്ത മറ പ്രതിരോ ധംകൊണ്ട് നീക്കിയെടുക്കാൻ സാധി ക്കാതെവരും. ഇത്തരം ഘട്ടങ്ങളി ലൊന്നും ഇസ്‌ലാം സായുധവിപ്ലവം അനുവദിക്കുന്നില്ല. സങ്കുചിത ദേശീ യതയിൽ രാഷ്ട്രം നിർമ്മിക്കാൻ പാടു പെടുന്ന സംഘ്പരിവാർ ഇതിഹാസ കഥകളും യുദ്ധങ്ങളും ദേവന്മാരുടെ ധീരതകളും പ്രതിയോഗികളുടെ അധർമ്മവും ക്രൂരതയുമാണ് അണി കളെ സജ്ജമാക്കാൻ പ്രയോഗിക്കുന്ന ത്. ഇപ്രകാരം പ്രതിരോധത്തിന്റെ പേരിൽ അരാചകത്വം സൃഷ്ടിക്കുന്ന തീവ്രവാദിയും ബദറും ഉഹ്ദുമാണ് അണികളെ ധരിപ്പിക്കുന്നത്. എന്നാൽ, മഹാഭാരതത്തിലെ കൗരവരും രാമായ ണത്തിലെ രാവണനും മുസ്‌ലിംകളാ യിരുന്നില്ല എന്ന് പരിവാറും മക്കത്തെ മുശ്‌രിക്കുകൾ കേരളത്തിലെ ഹിന്ദുക്കളല്ല എന്ന് തീവ്രവാദികളും ഓർക്കണം.

നാനാത്വത്തിൽ ഏകത്വമെന്ന മുദ്രാവാക്യത്തിൽ തന്നെ ഇന്ത്യ നില നിൽക്കണം. മുസ്‌ലിം ന്യൂനപക്ഷം പിന്തള്ളപ്പെട്ടവരാണെന്ന് സച്ചാർ നേരിന്റെ കണ്ണാടിവെക്കുമ്പോൾ അത് രാഷ്ട്രവും രാഷ്ട്രീയക്കാരും തിരിച്ചറി യണം. സർവ്വോപരി സ്വയം തിരിച്ച റിവ് മുസ്‌ലിംകൾക്ക് വേണം. ഇനിയും പിന്നാക്കത്തിന്റെ ഭാണ്ഡം ഏന്താതെ സർവ്വസജ്ജരാവണം മുസ്‌ലിംകൾ. അവരെ കൈപ്പിടിച്ചു യർത്തുന്നവരാണ് സഹവാസി. രാഷ് ട്രത്തിന്റെ രക്ഷയും ഭാവിയും സൗഹൃ ദത്തിന്റെ കൂട്ടായ്മയിലാണ് എന്നതാണ് തിരിച്ചറിവിന്റെ പാഠം.




ദാമ്പത്യ ജീവിതം പരാജയമോ? പ്രയാസം വേണ്ട!

സ്നേഹം പിടിച്ചു വാങ്ങാനാവില്ല. ജീവിതപങ്കാളിയുടെ സ്നേഹം നേടിയെടുക്കാൻശരീരംകൊണ്ടും മനസ്സുകൊണ്ടും സ്നേഹിക്കുകയേ മാർഗ്ഗമുള്ളൂ. ശാരീരിക പ്രശ്നങ്ങൾ സ്നേഹ ത്തിനുതടസ്സമാവുന്നുവെങ്കിൽ ഉടൻ ചികിത്സ തേടൂ. അല്ലെങ്കിലതുനിങ്ങളുടെ ജീവിതം തന്നെ തകർത്തേക്കാം. പ്രശ്നം ദാമ്പത്യമെങ്കിൽ പരീക്ഷണത്തിനു സമയമി ല്ല.ദാമ്പത്യത്തെ ബാധിക്കുന്ന വിവിധ തരം രോഗങ്ങൾക്ക് പാർശ്വഫലങ്ങളി ല്ലാത്ത മരുന്നുകൾകൊണ്ട് നിരവധി പേർക്ക് ആശ്വാസമേകിയ പാരമ്പര്യ വൈദ്യൻ സി.പി.സുലൈമാൻ വൈദ്യരുടെ അജന്ത ആയുർവേദ ക്ലിനിക്കിൽ പ്രത്യേക ചികിത്സ ലഭിക്കുന്നു.

ശീഘ്രസ്ഖലനം, താൽപര്യക്കുറവ്, സ്വപ്നസ്ഖലനം, ശക്തിക്കുറവ്, തൃപ്തിയില്ലായ്മ, ബീജാണുക്കൾ കുറവ്, നാഡീതളർച്ച, കൈകാൽ വിറയൽ, ഭയം, ഉദ്ധാരണമില്ലായ്മ, വലിപ്പക്കുറവ് തുടങ്ങിയ എല്ലാ രഹസ്യരോഗങ്ങൾക്കും ചികിത്സ ലഭിക്കുന്നു.സ്ത്രീക ളിലെ അസ്ഥിയുരുക്കം, മൂത്രാശയ രോഗങ്ങൾ, ചൊറിച്ചിൽ, ആർത്തവ ക്രമക്കേടുകൾ തുടങ്ങിയ എത്രപഴ ക്കമുള്ള രോഗങ്ങൾക്കും പാർശ്വഫല ങ്ങളില്ലാത്ത ചികിത്സ ലഭ്യമാണ്.അർശസ്, ഫൈൽസ്, പ്രമേഹത്താലുള്ള ലൈംഗിക പ്രശ്നങ്ങൾ എന്നിവയ്ക്കും സന്താന ലബ്ധിക്കും ചികിത്സിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് നേരിൽ ബന്ധപ്പെടുക.

ശരീരം തടിക്കുവാനും ആരോഗ്യത്തിനും പ്രത്യേക ചികിത്സ

സി.പി.സുലൈമാൻ വൈദ്യർ
അജന്ത ആയുർവേദിക് ക്ലിനിക്ക്
E.M.S പാർക്കിന് മുൻവശം, ഏഴൂർ റോഡ്, തിരൂർ-676 101
എല്ലാ ദിവസവും 9 മുതൽ 7 വരെ, ഞായർ ഒഴിവ്
Ph :0494-2421563, 9947005000



# ഐക്യചർച്ചകളിലെ മുൻഗണനാക്രമങ്ങൾ

● പിണങ്ങോട് അബൂബക്കർ

ഡിസംബർ, ജനുവരി മാസങ്ങളിൽ മാത്രം ചർച്ചക്ക്വരുന്ന ഒരു പ്രതിഭാസമായി 'സുന്നി ഐക്യം' കഴിഞ്ഞ കുറെ കാലങ്ങളായി നിലനിൽക്കുന്നുണ്ട്. കാരന്തൂർ മർക്കസ് സമ്മേളന പ്രചരണായുധമാക്കുകയാണ് 'ഐക്യം' എന്നു തോന്നുന്നു. മർക്കസ് സമ്മേളനത്തിലെ ജനപ്രാതിനിധ്യത്തിൽ വന്നുകൊണ്ടിരിക്കുന്ന ഇടിവ് നികത്തലാവാം എ.പി വിഭാഗത്തിന്റെ ലക്ഷ്യം. പുതിയൊരു വിവാദമാക്കേണ്ടതല്ല ഈ കാര്യങ്ങൾ. എൺപതുകളിൽ സസ്തയിൽ ചിലർ കൊണ്ടുവന്ന ആശയമാണ് രാഷ്ട്രീയ സാധ്യതകൾ ഉപയോഗപ്പെടുത്തണമെന്നത്. ഭൗതികരംഗത്ത് അനന്ത സാധ്യതകളുള്ള മേഖലയാണല്ലോ രാഷ്ട്രീയം. ഈ ആശയം ജമാഅത്തെ ഇസ്‌ലാമിയിൽനിന്ന് കടം കൊണ്ടതാണെന്നുവേണം കരുതാൻ. ഭാവിയിൽ കാന്തപുരം ഗ്രൂപ്പ് ഒരു രാഷ്ട്രീയപ്പാർട്ടിയായി രൂപപരിണാമം വന്നാലും അത്ഭുതപ്പെടാനില്ല. ഭരണം, അധികാരം, സൗകര്യങ്ങൾ, അംഗീകാരങ്ങൾ, പബ്ലിസിറ്റി തുടങ്ങിയ രംഗങ്ങളിൽ ചിലർക്കുള്ള താൽപര്യങ്ങളും ആഗ്രഹങ്ങളുമാവാം രാഷ്ട്രീയമനസ്സ് രൂപപ്പെടാൻ കാരണമായത്.

ഈ ആവശ്യം ഒരു പ്രമേയം മുഖേന സുന്നി യുവജനസംഘം ബഹുമാനപ്പെട്ട സമസ്ത കേരള ജംഇയ്യത്തുൽ ഉലമാക്ക് മുമ്പിൽ സമർപ്പിച്ചു. അത് ഇപ്രകാരമായിരുന്നു: "സുന്നികൾക്ക് സ്വന്തമായി ഒരു രാഷ്ട്രീയപ്പാർട്ടി രൂപീകരിക്കുകയോ, സുന്നി യുവജനസംഘത്തെ രാഷ്ട്രീയപ്പാർട്ടിയായി മാറ്റുകയോ ചെയ്യുക." കാന്തപുരം

എ.പി. അബൂബക്ർ മുസ്‌ലിയാരുടെ നേതൃത്വത്തിലായിരുന്നു ഈ ആവശ്യം ഉന്നയിച്ചത്. 1925-ൽ രൂപം കൊണ്ട സമസ്തയുടെ പ്രഖ്യാപിത നയത്തിൽ രാഷ്ട്രീയമില്ലാത്ത തിനാലും സുന്നത്ത്ജമാഅത്തിന്റെ പ്രചരണവും സംസ്ഥാപനവും ലക്ഷ്യ മാക്കിയതിനാലും ബഹു. മുശാവറ മേൽകാര്യം ചൂണ്ടിക്കാണിച്ച് എ.പി യുടെ ആവശ്യം നിരാകരിച്ചു.
തുടർന്ന് സംഘടനക്കകത്ത് പലപ്പോ ഴായി ഉരുണ്ടുകൂടിയ അകൽച്ചകൾ, പരസ്പര വിശ്വാസമില്ലായ്മ, രാഷ്ട്രീയപക്ഷാരോപണം ഇതൊക്കെ വലിയ അളവിൽ സംഘടനയെ നിഷ്ക്രിയമാക്കി. ബിദഈ പ്രസ്ഥാന ങ്ങൾക്ക് നല്ല മൈലേജുണ്ടാക്കാൻ ഈ കാലഘട്ടം അവരുപയോഗപ്പെടു ത്തുകയും ചെയ്തു. വഹാബി പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞ മുക്കാൽ നൂറ്റാണ്ടിനിടയിൽ ഏറെ മുന്നേറാൻ അവസരം സൃഷ്ടിച്ചത് കാന്തപുരം വിഭാഗത്തിന്റെ അപക്വമായ നിലപാടു കളും അവരുടെ പ്രഭാഷകരുടെ കാടു കയറിയ പ്രസംഗങ്ങളും കാടടച്ച നില പാടുകളുമായിരുന്നുവല്ലോ. വഹാബി കൾക്കാവാത്തത് കാന്തപുരം നേടിക്കൊടുത്തു എന്ന് ചരിത്രം സാക്ഷിപറയുമെന്ന കാര്യത്തിൽ രണ്ടുപക്ഷമുണ്ടോ?! ആഭ്യന്തര ഐക്യം നിലനിർത്താൻ ഉലമാക്കൾ അങ്ങേയറ്റം ശ്രമിച്ചു. തദാവശ്യാർത്ഥം ഒരു ഘട്ടത്തിൽ സി.എച്ച്. ഹൈദ്രോസ് മുസ്‌ലിയാരുടെ നേതൃത്വത്തിൽ കോട്ടുമല ബാപ്പു മുസ്‌ലിയാർ, പി.പി. മുഹമ്മദ് ഫൈസി തുടങ്ങിയവർ കാരന്തൂരി ലേക്ക് മലപ്പുറത്ത് നിന്നും കാറിൽ പുറപ്പെടുമ്പോൾ ഹൈദ്രോസ് മുസ്‌ലിയാർ സഹയാത്രികർക്ക് നൽകിയ നിർദേശം ഇപ്രകാരമായിരു ന്നു: "നിങ്ങൾ യാസീൻ സൂറത്ത് അവിടെ എത്തുന്നതു വരെ ഓതുക, അദ്ദേഹം മസ്‌ലഹത്തിന് മാനസിക മായി തയ്യാറാവാൻ പ്രാർത്ഥിക്കുക." ഐക്യത്തിന് എത്ര മാത്രം ഉലമാ ക്കൾ വിലകൽപ്പിച്ചിരുന്നു എന്ന് ഇതിൽനിന്നും നാമറിയുന്നു.
രണ്ടു ബാലിശമായ കാര്യങ്ങൾ പറ ഞ്ഞാണ് കാന്തപുരം അബൂബക്ർ മുസ്‌ലിയാർ കലഹമുണ്ടാക്കിയത്. ഒന്ന്: സമസ്ത രാഷ്ട്രീയപക്ഷം പിടി ക്കുന്നു. ഡോക്ടർ എം.കെ. മുനീറിന് യുവജനയാത്രയ്ക്കിടയിൽ വടകര ചോറോട് ഗെയ്റ്റിനടുത്ത് വെച്ച് ശംസുൽ ഉലമ ഓറഞ്ച് നൽകിയതും മുതലക്കുളത്ത് ശരീഅത്ത് സമ്മേളന ത്തിൽ ശംസുൽ ഉലമ നദ്‌വി സാഹി ബുമൊത്ത് പങ്കെടുത്തതുമാണ് നയ വ്യതിയാനമായി കാന്തപുരവും അനു യായികളും വിശദീകരിച്ചത്.
സുന്നിസം അപകടത്തിലായെന്നും മുസ്‌ലിം ലീഗിനുവേണ്ടി ശംസുൽ ഉലമയും കണ്ണിയത്ത് ഉസ്താദും(ന.മ) സുന്നിസം കയ്യൊഴിഞ്ഞെന്നും പ്രചരി പ്പിച്ചു. ധാരാളമാളുകൾ തെറ്റിദ്ധരിപ്പി ക്കപ്പെട്ടു. ഗ്രാമങ്ങളിലെ ചില സുമന സ്സുകൾ ഈ പ്രചാരണത്തിൽ വീണു കടുത്ത ലീഗ്‌വിരോധികളും സമസ്ത വിരോധികളുമായി മാറി. പിന്നീടു ണ്ടായ സംഗതികളൊക്കെ ചരിത്ര ത്തിന്റെ ഭാഗം. മുൻസിഫ് കോടതി മുതൽ സുപ്രീം കോടതി വരെ നൂറുക്കണക്കായ വ്യവഹാരങ്ങൾ കൊടുത്തു. കോടികളും മറ്റും അതിനുവേണ്ടി സമുദായം ചെലവഴി ക്കേണ്ടിവന്നു. കുണ്ടൂർ, കുറ്റിമൂച്ചി, വാരാമ്പറ്റ എന്നിവിടങ്ങളിൽ മൂന്ന് കൊലകൾ നടന്നു. വാരാമ്പറ്റിൽ ബലിപെരുന്നാൾ ദിവസം അറുത്ത ഉള്ഹിയത്ത് മൃഗം (പോത്ത്) പിറ്റേ ദിവസം വെള്ളമുണ്ട പോലീസെത്തി കുഴിച്ചിടേണ്ടിവന്നു. ഏതാണ്ട് നൂറ് പള്ളികൾ പൂട്ടി. അതിൽ രണ്ട് പള്ളി കൾ ഇപ്പോഴും തുറന്നിട്ടില്ല. ചിതല രിച്ചു നിലംപതിച്ചു. ഇരുന്നൂറിലധികം മദ്റസകൾ താൽക്കാലികമായി അട ച്ചിട്ടു. ഇപ്പോഴും പത്തോളം മദ്റസ കൾ പൂട്ടിക്കിടക്കുന്നു. ഒരേ ആശയമാ ണെന്നവകാശപ്പെടുന്നവർ ഒരേ മദ്റ സയുടെ നടുവിൽ ചുമരോ കർട്ടണോ ഇട്ട് ഭിന്നിപ്പിച്ചു. മദ്റസകൾ സ്വന്തം സ്വത്ത് പോലെ ഓഹരി ആവശ്യപ്പെ ട്ടു.... ഇങ്ങനെ വിശുദ്ധ ഇസ്‌ലാമിന്റെ ഏറ്റവും വലിയ സംസ്കാരത്തിലൊ ന്നായ 'കൂട്ടായ്മ'യുടെ മുഖത്ത് കരി വാരിത്തേക്കപ്പെട്ടു.
ജ്യേഷ്ഠാനുജൻമാരും പിതാവും പുത്രനും അയൽക്കാരും പരസ്പരം സംസാരിക്കാതെ പകയിലും ശത്രുത യിലുമകപ്പെട്ടു. 1925 മുതൽ, ദീനാ ദഅ്‌വത്ത് മാത്രം ലക്ഷ്യമാക്കി ഒരു കടുക് മണിയുടെ കളങ്കംപോലും കാണിക്കാത്ത ഉഖ്റവിയായ ഉലമാക്ക ളാൽ സ്ഥാപിതമായി നടന്നുവരുന്ന സമസ്ത കേരള ജംഇയ്യത്തുൽ ഉല മയെ തകർക്കാൻ ഏതറ്റംവരെ പോകാനും നിർഭാഗ്യവശാൽ കാന്ത പുരം തയ്യാറായി. സ. നായനാരുടെ നേതൃത്വത്തിൽ വന്ന കമ്മ്യൂണിസ്റ്റ് മന്ത്രിസഭ പ്രത്യക്ഷമായും പരോക്ഷ മായും കാന്തപുരം ഗ്രൂപ്പിനെ സഹാ യിച്ചു, പ്രോത്സാഹിപ്പിച്ചു. 'അരി വാൾസുന്നി'യെന്ന പേരിൽ ഇവരറിയ പ്പെടാൻ ഇതു കാരണമായി. 'സുന്നി കൾക്ക് കമ്മ്യൂണിസ്റ്റാവാം' എന്ന് ഇ വർ പരസ്യമായി പ്രസ്താവനയിറക്കി. ഈ ഘട്ടത്തിലെല്ലാം ബഹുമാനപ്പെട്ട ഉലമാക്കൾ മസ്‌ലഹത്തു സാധ്യത കൾ പരിശോധിക്കുകയും സഹകരി ക്കുകയും ചെയ്തു. മർഹൂം കെ.എ സ്. അബ്ദുല്ല സാഹിബ് ഉൾപ്പെടെ നിരവധി ഉമറാക്കൾ തദ്‌വിഷയ കമായി പലപ്പോഴായി ശ്രമങ്ങൾ നട ത്തി. പല ഘട്ടങ്ങളിലും ഉഭയകക്ഷി ചർച്ചകൾ നടന്നു. എല്ലായ്പ്പോഴും കാന്തപുരം അബൂബക്ർ മുസ്‌ലിയാ രുടെ ഭാഗത്തുനിന്ന് സഹകരണം ഉണ്ടായില്ല. ഐക്യചർച്ചകൾ അനന്ത മായി നീളുന്നത് അതുകാരണം തുടർക്കഥയായി.
ചില ഘട്ടങ്ങളിൽ ചർച്ചക്ക് നിശ്ചയിച്ച ദിവസം അദ്ദേഹം പല കാരണങ്ങൾ പറഞ്ഞ് ഒഴിഞ്ഞുമാറി. ഗൾഫ് യാത്ര, ചില പത്രവാർത്തകൾ ഇങ്ങനെ തികച്ചും അമാന്യമായ കാര്യങ്ങൾ പറഞ്ഞദ്ദേഹം ചർച്ചക്കെത്തിയവരെ നിരാശപ്പെടുത്തി. 'മസ്‌ലഹത്ത്', എന്താണതിനിത്ര കടമ്പകൾ എന്നറി യില്ല. 'ഐക്യമാണ് ലയനമല്ലെ'ന്ന പരാമർശം പോലും വസ്തുതയുടെ സ്പിരിറ്റും മെറിറ്റും അദ്ദേഹം ഉൾകൊള്ളുന്നില്ലെന്ന് ബോധ്യപ്പെടു ത്തുന്നു. ഒരു കുടുംബത്തിലായാൽ പോലും ഭിന്നിപ്പുണ്ടായാൽ മസ്‌ലഹ ത്താക്കണമെന്നാണല്ലോ വിശുദ്ധ ഇസ്‌ലാമിന്റെ പ്രഖ്യാപിത നയവും ലക്ഷ്യവും. അനൈക്യം ഉണ്ടാ ക്കിയവർ അതിൽനിന്ന് പിന്തിരിയുക, അനൈക്യം ഉണ്ടാക്കാൻ പറഞ്ഞ കാര്യങ്ങൾ തിരുത്തുക. എത്ര ലളിതമാണ് വിഷയം. പക്ഷേ, അതു ണ്ടായില്ല. ഉറങ്ങുന്നവരെയല്ലേ വിളി ച്ചുണർത്താനാവൂ, ഉറങ്ങാതെ കണ്ണ ടച്ചു കിടന്നു ഉറക്കമഭിനയിക്കുന്ന വരെ ആർക്കുണർത്താനാവും?!

അവർ ഉണർന്നാണിരിക്കുന്നതെന്നറിയാതെ വിളിക്കുന്നവർ വിഡ്ഢിയാവുകയാണ്. യഥാർത്ഥ കാരണം, സ്വദേശ സ്വയംഭരണ സ്ഥാപനത്തിലെ സ്ത്രീ സംവരണംപോലെ കാന്തപുരം ഫിഫ്റ്റി ഫിഫ്റ്റിയാണ്- അമ്പത് ശതമാനം മതം, അമ്പത് ശതമാനം ഭൗതികം.

കഴിഞ്ഞ 22 വർഷത്തിനിടയിൽ കാന്തപുരം ഗ്രൂപ്പുകാർ ബഹുമാനപ്പെട്ട സമസ്തക്കെതിരിൽ കൊടുത്ത 27 കേസുകളിൽ 24-ലും അവർ പരാജയപ്പെട്ടു. അവശേഷിക്കുന്നത് മൂന്ന് കേസുകളാണ് . തെറ്റിദ്ധാരണ മൂലം പ്രവർത്തനം നിലച്ച ഇരുന്നൂറിലധികം മദ്റസകൾ തിരിച്ചുവന്നു. പുതുതായി 2814 മദ്റസകൾ രജിസ്റ്റർ ചെയ്യപ്പെട്ടു. ഭിന്നിപ്പുകാലത്ത് 6194 മദ്റസകളാണുണ്ടായിരുന്നത്. ഇപ്പോഴത് 9008 ആയി ഉയർന്നു. എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെ നിരവധി സ്ഥാപനങ്ങൾ ഉണ്ടായി. കേരളത്തിൽ പ്രഥമ ഇസ്‌ലാമിക യൂണിവേഴ്സിറ്റി സ്ഥാപിക്കപ്പെട്ടു. മതഭൗതിക വിദ്യാഭ്യാസ സമന്വയ ശ്രംഖലകൾ ഉണ്ടായി. ജാമിഅ നൂരിയ്യ, നന്തി ദാറുസ്സലാം, കടമേരി റഹ്മാനിയ്യ തുടങ്ങിയ ഉന്നത സ്ഥാപനങ്ങൾ അത്ഭുതപൂർവ്വമായ വളർച്ച നേടി. കേരളീയരുടെ വായനാമുറിയിലെ ഏറ്റവും വലിയ പ്രസിദ്ധീകരണങ്ങൾ സമസ്ത കുടുംബത്തിൽ നിന്നിറങ്ങുന്ന അവസ്ഥയോളം വളർന്നു. ഈ ആകാശത്തോളമുള്ള വളർച്ചക്കിടയിലും ബഹു. സമസ്ത മസ്‌ലഹത്തിന്റെ വാതിൽ അടച്ചതേയി ല്ല. 22 വർഷത്തിനിടയിൽ നാല് തെരഞ്ഞെടുപ്പുകൾ വന്നു. എല്ലാ ഘട്ടത്തിലും കാന്തപുരം വിഭാഗം പരസ്യമായി ഇടതുപക്ഷത്തും ലീഗ് വിരുദ്ധ പക്ഷത്തും നിലകൊണ്ടു. ഒരു ഘട്ടത്തിൽ അവരുടെ സ്ഥാനാർത്ഥിയെ തന്നെ നേരിട്ടിറക്കി (ഡോക്ടർ ഹുസൈൻ രണ്ടത്താണി). വിവിധ മുസ്‌ലിം ഗ്രൂപ്പുകളെ സംയോജിപ്പിച്ചു മുസ്‌ലിം രാഷ്ട്രീയ ശക്തി ക്ഷയിപ്പിക്കാൻ ശ്രമിച്ചു. ഇതെല്ലാം അവർ പോലും നിരാക്ഷേപം അംഗീകരിക്കുന്ന വസ്തുതകൾ മാത്രം. മുസ്‌ലിംകൾക്കിടയിൽ ഛിദ്രത അരോചകമായി അനുഭവപ്പെടുന്ന മനസ്സുകൾ തീർച്ചയായും സുമനസ്സുകളാണ്. അത് എല്ലാവരും അംഗീകരിക്കുന്നു; ബഹുമാനിക്കുന്നു; അവരുടെ ശ്രമങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുന്നു. സമുദായം ശക്തിപ്പെട്ടുകാണാനുള്ള അവരുടെ ആഗ്രഹം മാനിക്കപ്പെടണം. ഐക്യത്തിനുവേണ്ടി അധികാരംപോലും വിട്ടൊഴിഞ്ഞ മഹാനായ ഹസൻ ബിൻ അലി(റ) ചരിത്രപുരുഷനായി വാഴ്ത്തപ്പെട്ടിട്ടുണ്ട്. 'ആമുൽ ജമാഅ' (ഐക്യവർഷം) എന്നാണ് ആ ചരിത്രവർഷത്തെ ഇസ്‌ലാമിക ഗ്രന്ഥങ്ങൾ വിശദീകരിച്ചത്. അതുകൊണ്ട് തന്നെ ഐക്യശ്രമം ആര് നടത്തിയാലും മാനിക്കപ്പെടേണ്ടതാണ്. അത് സമസ്ത എക്കാലവും ഉയർത്തിപ്പിടിച്ച സന്ദേശമാണ്. 'ഐക്യസംഘ' മെന്ന പേരിൽ അനൈക്യമുണ്ടാക്കാൻ ശ്രമിച്ചപ്പോഴാണല്ലോ ഉഖ്റവിയായ ഉലമാക്കൾ 'സമസ്ത' ഉണ്ടാക്കി കേരള മുസ്‌ലിംകളെ ഐക്യപ്പെടുത്തിയത്.

ഏതൊരു സത്യവിശ്വാസിയെയും വേദനിപ്പിക്കുന്നതും നിരാശപ്പെടുത്തുന്നതുമായി. ഒന്ന്: ശംസുൽ ഉലമയുടെ ശിഷ്യരടങ്ങിയ എട്ടംഗസംഘം വരക്കൽ മഖാമിൽ വന്നിട്ട് ശംസുൽ ഉലമയുടെ മഖ്ബറ സിയാറത്ത് ചെയ്യാതെ അവഗണിച്ചു. പിന്നീട് നൽകിയ വിശദീകരണം നീട്ടി സലാം പറഞ്ഞിട്ടുണ്ടെന്നാണ്. ഐക്യം മനസ്സുകൊണ്ടാഗ്രഹിക്കുന്നുവെങ്കിൽ ശംസുൽ ഉലമയെ വേദനിപ്പിച്ചവരെന്ന നിലക്കും കാലഘട്ടത്തിന്റെ മുജദ്ദിദായ ശംസുൽ ഉലമയുടെ മഹത്വം മാനിച്ചും മാന്യമായി അവിടെ കയറി സലാം പറഞ്ഞ് ഫാത്തിഹ വിളിച്ചു സിയാറത്ത് ചെയ്യേണ്ടതല്ലേ. ളുഹ്ർ നിസ്കാര സമയത്ത് പള്ളിയിലുണ്ടായിരുന്ന ഒരാൾ പോലും എട്ടംഗസംഘത്തിന്റെ ചെയ്തി അംഗീകരിച്ചില്ല. എന്തുകൊണ്ടത് ഉണ്ടായില്ല. ഈ വേദനയും ദുഃഖവും പ്രതിഷേധവും സുന്നി കൈരളിക്ക് പ്രകടിപ്പി

**മർക്കസ് പ്രചരണാർത്ഥം ചില പ്രഭാഷകർ നടത്തിയ പ്രസംഗങ്ങൾ സമസ്തയെ നിസ്സാരമാക്കിയും ഐക്യനീക്കത്തെ ദൗർബല്ല്യവുമായിട്ടായിരുന്നില്ലേ. ഒരു കാര്യം ഉറപ്പ്- സമസ്ത കേരള ജംഇയ്യത്തുൽ ഉലമ മുബാറക്കായ പ്രസ്ഥാനം. അതിന്റെ വാക്കും നോക്കും പ്രവൃത്തിയും ഹഖിൽ മാത്രമേ സംഭവിക്കുകയുള്ളൂ. അതാണ് ദൈനംദിനം കേട്ടുകൊണ്ടിരിക്കുന്ന എല്ലാ വാർത്തകളും നൽകുന്ന ഗുണപാഠം. ഇരുപത്തിരണ്ടു വർഷത്തിനിടയിൽ നിരവധി പള്ളികളും സ്ഥാപനങ്ങളും എ.പി വിഭാഗം സ്ഥാപിച്ചു എന്നാണ് പറയപ്പെടുന്നത്. അത് അനിവാര്യമായ ഇടങ്ങളിലാണോ, യഥാർത്ഥ ദീനീ ദഅ്‌വത്ത് അതിലൂടെ നടക്കുന്നുണ്ടോ? കാലം തീരുമാനിക്കട്ടെ.**

ഐക്യചർച്ചകളിൽ പലർക്കും വിശ്വാസമില്ലാത്തതിന് രണ്ടു കാരണങ്ങളാണുള്ളത്. ഒന്ന്: കാന്തപുരത്തിനും അദ്ദേഹത്തിനൊപ്പമുള്ള ചിലർക്കും അതിലൊട്ടും താൽപര്യമില്ല. രണ്ട്: ഐക്യപ്പെടാനുള്ള വിശുദ്ധി അദ്ദേഹത്തിനവകാശപ്പെടാനാവില്ല. ഈ ന്യായങ്ങൾ നിരാകരിക്കാനെളുപ്പമാണ്. എന്നാൽ അത് വസ്തുതയല്ലാതാവുന്നില്ലല്ലോ? ഏതായാലും വീണ്ടുമൊരു ഐക്യനീക്കം വളരെ ഭംഗിയായും വ്യവസ്ഥാപിതമായും നടന്നു. അത്രയും സന്തോഷകരംതന്നെ. ഈ നല്ല നീക്കത്തിനിടയിലും അദ്ദേഹം സ്വീകരിച്ച നിലപാടുകൾ ക്കാതിരിക്കാനാവുമോ? ഈ പ്രസ്ഥാനം തകർക്കാൻ ശ്രമിച്ചപ്പോൾ ഖാഫ്മല പോലെ നിലകൊണ്ട് പ്രസ്ഥാനത്തെ രക്ഷപ്പെടുത്തിയ ശംസുൽ ഉലമയോട് ആര് അനാദരവ് കാണിച്ചാലും 'മുഅ്മിനീങ്ങൾ' പ്രതികരിക്കും.

രണ്ട്: ഈജിപ്തിലെ ഗ്രാന്റ് മുഫ്തിയെ ജാമിഅ നൂരിയ്യ സമ്മേളനത്തിൽ പങ്കെടുക്കുന്നതിൽനിന്ന് വിലക്കി. ഇരു സമ്മേളനവും ഒരു ദിവസമായപ്പോൾ ജാമിഅ സമ്മേളനം മർക്കസ് സമ്മേളനത്തിനുവേണ്ടി തിയ്യതി മാറ്റിയത് ജാമിഅ കമ്മിറ്റിയായിരുന്നുവല്ലോ. മസ്‌ലഹത്തിന്റെ

ഉയർന്നതലം ബഹുമാനപ്പെട്ട സമസ്ത നേതാക്കൾ സ്വീകരിച്ചു എന്നല്ലേ ഇതു നൽകുന്ന പാഠം? എന്തുകൊണ്ട് ഈ വിശാലതയും സൗഹൃദാന്തരീക്ഷവും എ.പി വകവെച്ചില്ല, മാനിച്ചില്ല? ഐക്യം നാവിൻ തുമ്പിനപ്പുറത്തില്ലെന്നല്ലേ ഇതു കൊണ്ട് ഏതൊരാൾക്കും മനസ്സിലാവുക.

മുസ്‌ലിംലീഗ് നേതാക്കളിൽ ചിലർക്ക് മർക്കസ് സമ്മേളനത്തിൽ പങ്കെടുക്കാനുള്ള അഭിപ്രായം ലീഗ് നേതാക്കൾ സമസ്ത ഉലമാക്കളോട് ആരാഞ്ഞപ്പോൾ അനുകൂല നിലപാടായിരുന്നു ഉലമാക്കൾ സ്വീകരിച്ചത്.

മൂന്ന്: സമസ്തയുടെ ഏതെങ്കിലുമൊരു ഘടകത്തെ മാത്രം പേരെടുത്തുപറഞ്ഞു വിമർശിക്കാനും അവരാണ് യോജിപ്പിന് തടസ്സമെന്ന് പറയാനും എ.പിയെ പ്രേരിപ്പിച്ചത് കുറുക്കന്റെ ബുദ്ധിയാണെന്ന് നിഷ്പക്ഷമതികൾ വിലയിരുത്തും. നേരത്തെ സമസ്തയെ തകർക്കാൻ നടത്തിയ നീക്കങ്ങൾ പരാജയപ്പെട്ടത് മനസ്സിൽ വെച്ച് ഇപ്പോൾ സമസ്തയിൽ ഭിന്നാഭിപ്രായമുണ്ടാക്കാനാവുമോ എന്ന നിഗൂഢലക്ഷ്യമാണിത് സൂചിപ്പിക്കുന്നതെന്ന് സംശയിച്ചാൽ ഒഴിഞ്ഞു മാറാൻ എന്താണ് ന്യായമുള്ളത്? സമസ്ത കേരള ജംഇയ്യത്തുൽ ഉലമ ആധികാരിക സഭയാണ്. ആ പണ്ഡിതസഭയുടെ ഏത് തീരുമാനവും ദീനിന്റെ പേരിലാണുണ്ടാവുക. അത് നടപ്പിലാക്കുകയാണ് കീഴ്ഘടകങ്ങൾ. ഒരുനിലക്ക് മുശാവറയുടെ പ്രവൃത്തികളും തീരുമാനങ്ങളും താഴെ തലംവരെ എത്തിക്കുന്നവരാണവർ. തീരുമാനങ്ങൾ എടുക്കുന്ന ബോഡി മുശാവറയും നടപ്പിലാക്കുന്നത് കീഴ്ഘടകങ്ങളുമാണ്. ഇതിൽ എസ്.വൈ.എസിനെയോ എസ്.കെ.എസ്.എസ്.എഫിനെയോ വേറിട്ട് വിമർശിക്കാനും കുറ്റപ്പെടുത്താനും എ.പിയെ പോലെ ആ വിഭാഗത്തിലെ സമുന്നതനായ നേതാവ്, അതും ഐക്യചർച്ചകൾ നടക്കുന്ന ഘട്ടത്തിൽ മുന്നോട്ടുവന്നത് യാദൃച്ഛികമാണോ? കാന്തപുരം ഗ്രൂപ്പിന്റെ നിലപാടുകളും നയങ്ങളും തീരുമാനങ്ങളും ഒരുപക്ഷേ അദ്ദേഹത്തിന്റെ സ്വന്തമാവാം. എന്തുകൊണ്ടെന്നാൽ അദ്ദേഹം അദ്ദേഹത്തിനു വേണ്ടി സ്ഥാപിച്ചു നടത്തിവരുന്നതാണല്ലോ അദ്ദേഹത്തിന്റെ പണ്ഡിതസഭയും കീഴ്ഘടകങ്ങളും പ്രസിദ്ധീകരണങ്ങളും സ്ഥാപനങ്ങളുമെല്ലാം. എന്നാൽ, സമസ്ത വ്യവസ്ഥാപിതമായി 1934-ൽ രജിസ്റ്റർ ചെയ്ത ഭരണഘടനക്ക് വിധേയമായി വളരെ ആഴത്തിൽ വേരുകളുള്ള പ്രസ്ഥാനത്തെയും കീഴ്ഘടകങ്ങളെയും വലിച്ചിഴച്ചുകൊണ്ടുവന്നു എഴുതുകയും പ്രസംഗിക്കുകയും ചെയ്തു. സി.എം. ഇബ്രാഹീമിനെ പോലുള്ളവരുടെ മാർക്കസ് പ്രസംഗം ആരെയാണ് ഉന്നം വെച്ചത്. എന്താണ് ലക്ഷ്യമാക്കിയത്. മർക്കസ് പ്രചരണാർത്ഥം ചില പ്രഭാഷകർ നടത്തിയ പ്രസംഗങ്ങൾ സമസ്തയെ നിസ്സാരമാക്കിയും ഐക്യനീക്കത്തെ ദൗർബല്ല്യവുമായിട്ടായിരുന്നില്ലേ.  ലീഗ് മുസ്‌ലിംകളുടെ പൊതുപ്ലാറ്റ്ഫോമാണ്. നിരവധി നന്മകൾ ചെയ്ത അനിവാര്യമായ സംഘകൂട്ടായ്മ. ആ പ്രസ്ഥാനത്തെ ദുർബലപ്പെടുത്താനുള്ള ഏത് നീക്കവും ആത്മഹത്യാപരമാണ്. ഒരു കാര്യം ഉറപ്പ്- സമസ്ത കേരള ജംഇയ്യത്തുൽ ഉലമ മുബാറക്കായ പ്രസ്ഥാനം. അതിന്റെ വാക്കും നോക്കും പ്രവൃത്തിയും ഹഖിൽ മാത്രമേ സംഭവിക്കുകയുള്ളൂ. അതാണ് ദൈനംദിനം കേട്ടുകൊണ്ടിരിക്കുന്ന എല്ലാ വാർത്തകളും നൽകുന്ന ഗുണപാഠം. ഇരുപത്തിരണ്ടു വർഷത്തിനിടയിൽ നിരവധി പള്ളികളും സ്ഥാപനങ്ങളും എ.പി വിഭാഗം സ്ഥാപിച്ചു എന്നാണ് പറയപ്പെടുന്നത്. അത് നിഷേധിക്കുന്നില്ല. സ്ഥാപനങ്ങളും പള്ളികളും അനിവാര്യമായ ഇടങ്ങളിലാണോ, യഥാർത്ഥ ദീനീ ദഅ്‌വത്ത് അതിലൂടെ നടക്കുന്നുണ്ടോ എന്നൊക്കെ കാലം തീരുമാനിക്കട്ടെ. കാഴ്ചക്കാരും അനുഭവസ്ഥരും വിധിപറയട്ടെ. എന്നാൽ, ഈ കാലയളവിൽ മലയാളി മുസ്‌ലിംകൾക്കിടയിൽ സ്ഥാപിച്ച ഫിത്നകളുടെ ആഴവും പെരുപ്പവും വണ്ണവും വിലയിരുത്തിനോക്കിയിട്ടുണ്ടോ? ലോകചരിത്രത്തിൽതന്നെ ഇതിനെ വെല്ലുന്ന ഫിത്ന ഉണ്ടായിട്ടുണ്ടോ? അല്ലാഹുവിനെ സൂക്ഷിക്കുക. അതാണ് മസ്‌ലഹത്തിന്റെ വാതിൽ തുറക്കാനുള്ള ഓരേയൊരു വഴി. അതിന്നല്ലാഹു അനുഗ്രഹിക്കട്ടെ.

മസ്‌ലഹത്ത് സമസ്തയുടെ പ്രാഖ്യാപിത നയമാണ്. അക്കാര്യത്തിൽ ഒരു സംശയവും ഒരാൾക്കുമുണ്ടാവില്ല. ഐക്യം ആരാഗ്രഹിക്കുന്നു ആരാഗ്രഹിക്കുന്നില്ല എന്നു പ്രബുദ്ധസമൂഹത്തിനു ബോധ്യമായിട്ടുണ്ട്.  വ്യാപാരവത്കരിക്കപ്പെട്ട മതസ്ഥാപനങ്ങളും സംഘടനകളും സംവിധാനങ്ങളും നിലനിർത്താനുള്ള ശ്രമം മാത്രമാണ് കാന്തപുരത്തിന്റെ ഐക്യപ്രസ്താവനകൾ എന്ന് പറയുന്നത് അനാദരവായി കണക്കാക്കരുത്.


**ഫലപ്രദമായ ചികിത്സ**



സ്ത്രീപുരുഷൻമാർ പുറത്തുപറയാൻ മടിക്കുന്ന രഹസ്യ രോഗങ്ങൾ, ലൈംഗിക ക്ഷീണം, ബലക്കുറവ്, വലിപ്പക്കുറവ്, ശ്രീഘ്രസ്ഖലനം, സന്താനമില്ലായ്മ (വന്ധ്യത), സ്ത്രീകളുടെ വെള്ളപോക്ക്, മെലിച്ചിൽ, സ്തനരോഗങ്ങൾ, മൂത്രാശയ രോഗങ്ങൾ, മൂലക്കുരു, വെള്ളപ്പാ ്, സോറിയാസിസ് എന്നിവയ്ക്ക് ഫലപ്രദമായ യൂനാനി ചികിത്സ. 35 വർഷത്തെചികിത്സാ പരിജ മുള്ള **ഹക്കീം കെ.ഇ. ഇബ്രാഹിമി**നെ നേരിൽ കാണുക. വിദേശത വർ രോഗവിവരം കത്ത് മുഖേനഅറിയിക്കുക. പ്രവർത്തനം ബ വ്യാഴം, വെള്ളി മാത്രം.

**അൽ – അമീൻ** കാട്ടുങ്ങൽ കോംപ്ലക്സ്, ജുമാമസ്ജിദിന് മുൻവശം, ഊട്ടി റോഡ്, പെരിന്തൽമണ്ണ. Ph: 04933 227984, 9847103

**ശനി മുതൽ ചൊവ്വ വരെ എറണാകുളം P.N.**
ഹോസ്പിറ്റലിൽ രോഗികളെ പരിശോധിക്കുന്നു. Ph: 0484 239

# സ്വൂഫിയായ ജ്ഞാനസേവകൻ




മൗലാനാ ചീക്കിലോട്ട്; നവോത്ഥാനത്തിന്റെ യുഗപ്പിറവി/രണ്ട്

● ഉമർ റഹ്മാനി പുല്ലൂർ

**ഏ**ത് നേട്ടങ്ങൾക്കും നഷ്ടങ്ങൾക്കും കാരണം ഉണ്ടാകുന്നതിനു പിന്നിൽ അല്ലാഹുവിന്റെ കയ്യുണ്ട്. അവൻ പ്രയാസത്തോടൊപ്പമാണ് എളുപ്പത്തെ സംവിധാനിച്ചത്. കടമേരി നാട്ടിലെ ജ്വലിച്ചുകൊണ്ടിരുന്ന ദർസിന്റെ തിളക്കം മങ്ങാൻ തുടങ്ങിയത് 1970-കളിലായിരുന്നു. അറിവിനെ പുനരുജ്ജീവിപ്പിക്കലും ദർസ് പാരമ്പര്യം കാത്തുസൂക്ഷിക്കലും വലിയ കടമയായി വന്നു.

അതിനിടക്കാണ് ഇസ്‌ലാമിനെ 'നന്നാക്കാൻ' പുറപ്പെട്ട ബിദ്അത്തുകാർ വടകര താലൂക്കിൽ പൊതുവിലും കടമേരിയിൽ വിശേഷിച്ചും കൈവെക്കാൻ തുടങ്ങിയത്. ഇസ്‌ലാമിക ശരീഅത്തിനെ സ്വന്തം ആവശ്യത്തിന് വെട്ടിച്ചുരുക്കലും വലിച്ചു നീട്ടലുമായിരുന്നു അവരുടെ പണിയും പതിവും. ആസ്പത്രിയിലേക്ക് വിളിച്ച് ആശയം പുരട്ടിത്തരുന്ന ക്രിസ്ത്യാനികളെ പോലെ ഒരു സാധു സംരക്ഷണ സമിതിയുണ്ടാക്കി അതിനു മറവിൽ ബിദ്അത്തിന്റെ വല വിരിച്ചു അവർ.

ഒരു കാലത്തിനും സമൂഹത്തിനും ആവശ്യമായ നിർമാണ നീക്കങ്ങൾ നടത്തലാണ് എക്കാലത്തും നവോത്ഥാനത്തിന്റെ നിർവചനം. ഇസ്‌ലാമിക ദർശനപ്രകാരം ഓരോ നിമിഷവും നവോത്ഥാനം സംഭവിക്കണമെന്നാണ്. ധർമം വളർത്തലാണ് നവോത്ഥാനത്തിന്റെ ദൗത്യം. ഇന്നലെയെക്കാൾ ഇന്ന് നമുക്ക് നന്മയിലേക്ക് മുന്നിട്ടുനിന്നതാകണമെന്ന് ഇസ്‌ലാം സിദ്ധാന്തിക്കുന്നു. വിചാരിക്കുന്നതോ പ്രവർത്തിക്കുന്നതോ ആയിട്ട് ഓരോ നിമിഷവും കഴിഞ്ഞ നിമിഷത്തേക്കാൾ മികച്ചു നിൽക്കണമെന്നർത്ഥം.

മൗലാനാ ചീക്കിലോട്ട് നടത്തിയത് ഈ ദർശനത്തിന്റെ പ്രയോഗമാണ്. തന്റെ നാട്ടിലും ചുറ്റുപാടും അറ്റമില്ലാത്ത ഒരു കാലത്ത് തുടങ്ങിപ്പോന്ന വിശ്വാസവും സംസ്കാരവും ആചാരവും മുസ്‌ലിം ഉമ്മത്ത് ലോകമാകെ നിവർത്തിവെച്ച സത്യന്യായ



*റഹ്മാനിയ്യ അറബിക് കോളേജ്, കടമേരി*

ങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. പുണ്യനബി പുകഴ്ത്തിപ്പറഞ്ഞ പവിത്രമായ നീണ്ട കാലത്തിന്റെ കയ്യൊപ്പ് അതിനുമേലുണ്ട്. നബിമാരുടെ കാലശേഷം അവർ പറഞ്ഞു കാണിച്ചതിനെ, മഹാത്മാക്കൾ ചിട്ടപ്പെടുത്തി രൂപമാക്കിയ ഈ സംഗതിയെ 'അഹ്‌ലുസുന്നത്തി വൽജമാഅ' എന്നു വിളിച്ചത് സൗകര്യപൂർവ്വമായിരുന്നു. അഥവാ, സുന്നത്ത് ജമാഅത്ത് എന്നത് പുതിയ ഒരു തിയ്യതിയുടെയോ കാലത്തിന്റെയോ സൃഷ്ടിപ്പല്ലെന്നർത്ഥം.

ഇതിനെ വലിച്ചു ചീന്തലായിരുന്നു 'സാധു സംരക്ഷണ സമിതി'യുടെ താൽപര്യം. മനുഷ്യരിൽ 'സ്വതന്ത്രയുക്തി' ഇറക്കിവെച്ച് 'യൂറോ ചിന്ത'കൾ എടുത്ത് വെക്കുകയെന്ന ഇവരുടെ പണി സാധാരണ ജനങ്ങൾക്ക് സഹിക്കാനാവുന്നതിലുമപ്പുറത്തായിരുന്നു. അല്ലാഹു എന്ന തമ്പുരാൻ പ്രപഞ്ചത്തിന്റെയും മനുഷ്യരുണ്ടാക്കിവെച്ചതിന്റെയും അപ്പുറം മനുഷ്യന്റെ ബുദ്ധിയുടെയും കൂടി ഉടമയാണെന്ന് ഉമ്മത്തിനെ ബോധിപ്പിക്കലായിരുന്നു മൗലാനാ ചീക്കിലോട്ടിന് ശ്രമകരമായി ചെയ്യാനുണ്ടായിരുന്നത്.

കാര്യങ്ങളെ ദീർഘിച്ചു കാണാൻ ശേഷിയുണ്ടായിരുന്ന ആ മഹാത്മാവ് തന്റെ നവോത്ഥാന നീക്കങ്ങൾക്ക് ആമുഖമായി വടക്കേ മലബാറിൽ ഒരു വിദ്യാപഠന കേന്ദ്രം ഉണ്ടാക്കാനാണ് തീരുമാനിച്ചത്. ഇരുട്ടിന്റെ ശക്തികൾക്കെതിരെ അറിവുള്ള ഒരു തലമുറയുടെ പ്രകാശബോധനങ്ങൾക്ക് മികച്ചു നിൽക്കാൻ കഴിയുമെന്ന് ആ വലിയ മനസ്സ് സ്വപ്നം കാണുകയായിരുന്നു.

പുത്തൻവാദികളുടെ ബോധനങ്ങൾ ആധുനികമായ ഒരുക്കങ്ങൾ ഉൾകൊണ്ടിരുന്നു. അതിനെ ഫലപ്രദമായി പ്രതിരോധിക്കാൻ വ്യവസ്ഥാപിതമായ ഒരു അറബി കോളേജ് സംവിധാനം വേണമായിരുന്നു. നിലവിലുള്ള പള്ളിദർസ്ശീലങ്ങളിൽ നിന്നു മാറി നൂതനമായ കോളേജ് സമ്പ്രദായം ഒരുക്കുന്നതിന്റെ നിർബന്ധ ആവശ്യം നൂനതയെ തീർത്തും ഗൗരവപൂർവ്വം ബോധിപ്പിക്കേണ്ടതായി വന്നു.

നാട്ടിലെ പണ്ഡിതൻമാരോടും പൗരപ്രധാനികളോടും തന്റെ ബന്ധുക്കളോടും ഒരു കാലത്തിന്റെ അത്യാവശ്യമായി മനസുണർന്നു വന്ന ഈ ആഗ്രഹം അറിയിച്ച് വടകര താലൂക്ക് കേന്ദ്രീകരിച്ച് മുസ്‌ലിം നേതാക്കന്മാരുടെയും കാരണവന്മാരുടെയും വിപുലമായ കൺവൻഷൻ വിളിച്ചു ചേർക്കുക എന്ന് മഹാനവർ മനസ്സിലുറപ്പിച്ചു. 'ദീനീ സ്നേഹികളെ ഇതിലെ ഇതിലെ' എന്ന തലക്കെട്ടിൽ ലഘുലേഖ കൊടുത്ത് ആളുകളെ ക്ഷണിക്കാമെന്നായിരുന്നു അദ്ദേഹം മനസ്സിൽ കണ്ടത്. കടമേരി ജുമുഅത്ത് പള്ളിയിൽ പതിനഞ്ചോളം വർഷം ദർസ് നടത്തി ജ്ഞാനപ്രഭ ചൊരിഞ്ഞ മഹാപണ്ഡിതനും വലിയ്യുമായ ചിറക്കൽ അബ്ദുറഹിമാൻ മുസ്‌ലിയാരും കീഴന കുഞ്ഞബ്ദുല്ല മുസ്‌ലിയാരും ലഘുലേഖക്ക് താഴെ പേരു ചേർത്ത് ഒപ്പിട്ടിരുന്നു.

ഒരു വലിയ കാലത്തെ പ്രശ്നങ്ങൾക്കൊക്കെയും അലിവിന്റെ മഹാപരിഹാരങ്ങൾ കടമേരി നാട്ടുകാർക്ക് ഉണ്ടാക്കി കൊടുത്തവരായിരുന്നു ചിറക്കൽ അബ്ദുറഹിമാൻ മുസ്‌ലിയാർ. വടക്കേ മലബാറിന്റെ ജ്ഞാനനേതൃത്വമായിരുന്ന നാദാപുരം ജുമുഅത്ത് പള്ളിയിൽ കിതാബുകളിലെ ജ്ഞാനപ്പൊട്ടുകൾ മുറിച്ചുകൊടുത്തിരുന്നത് അന്ന് കീഴന കുഞ്ഞബ്ദുല്ല മുസ്‌ലിയാരുമായിരുന്നുവെന്ന് പ്രത്യേകം ഓർക്കണം. അലംഭാവം വെടിഞ്ഞ് സമുദായത്തിന്റെ നന്മക്കും രക്ഷക്കും ഉണർന്നു നീങ്ങണമെന്ന് ലഘുലേഖയിൽ വ്യക്തമാക്കുന്നുണ്ട്.

കടമേരി നാട്ടുകാരും അയൽ പ്രദേശക്കാരുമായ പ്രമുഖർ കൺവൻഷന്റെ വിജയത്തിന് നല്ല വണ്ണം പണിയെടുത്തു. 1972 ജനുവരി 30-നു കടമേരി ജുമുഅത്ത് പള്ളിയിൽ വെച്ച് അത് നടന്നു. വടകര താലൂക്കിലെ 130 മഹല്ലിൽ നിന്നുള്ള പണ്ഡിതൻമാരും സയ്യിദൻമാരും കാരണവൻമാരും യോഗത്തിൽ എത്തിച്ചേർന്നു. മൗലാനയുടെ വന്ദ്യഗുരു കോട്ടുമല ഉസ്താദായിരുന്നു യോഗം എല്ലാ നിലക്കും നിയന്ത്രിച്ചത്. മഹാനവർ നടത്തിയ രണ്ടു മണിക്കൂർ നീണ്ട പ്രസംഗത്തിൽനിന്ന് സംഗതിയുടെ ഗൗരവം ബോധ്യപ്പെട്ടു. വന്നവർക്കൊക്കെയും മനസ്സൊന്നിച്ചുള്ള വലിയ ദൃഢനിശ്ചയത്തിനു വഴിയൊരുക്കി അത്.

തിളക്കം മങ്ങിക്കൊണ്ടിരിക്കുന്ന ദർസിന് അറബി കോളേജിലൂടെയേ ബദൽ സംവിധാനം കണ്ടെത്താനാകൂ എന്ന് ആ ജനത ഒന്നായി മനസ്സിലാക്കി. കടമേരിയുടെ ചരിത്രത്തിൽ ആദ്യമാണ് ഇങ്ങനെയൊരു ഉലമ-ഉമറ സംഗമം വിപുലമായി നടക്കുന്നത്. കൺവൻഷനിലേക്കെത്തിയവരെ ഈ നാട്ടുകാർ ഇളനീർ നൽകിയാണ് സ്വീകരിച്ചതെന്ന് പഴമക്കാർ പറഞ്ഞുതരും.

ഈ കൺവൻഷനോടെ മൗലാനാ ചീക്കിലോട്ടിന്റെ ആശയങ്ങൾക്ക് ആധികാരികമായ കയ്യൊപ്പ് ചാർത്തപ്പെട്ടു. അമ്പത് തികഞ്ഞ ആ വലിയ മനസ്സ് ഈ ആശയപൂർത്തീകരണത്തിനു വേണ്ടി ആലോചിച്ചു. ഇസ്‌ലാ

മിന്റെ ഇസ്സത്ത് നിവർത്തിപ്പിടിക്കാൻ അതു കാരണമാകുമായിരുന്നു. മൗലാനയുടെ നവോത്ഥാന നീക്കങ്ങളുടെ ആമുഖത്തിന് ഇതോടെ റഹ്മാനിയ്യഃ എന്നു പേരുവിളിച്ചു.

1972 മെയ് 1-നു പൂക്കോയ തങ്ങൾ അതിന്റെ ശിലാസ്ഥാപനം നിർവഹിച്ചു. 1972 നവംബർ 22-നു കണ്ണിയത്ത് ഉസ്താദ് കോളേജ് പഠനത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം കടമേരി പള്ളിയിൽ വെച്ച് നടത്തി. അന്ന് 33 വിദ്യാർത്ഥികളുണ്ടായിരുന്നു.

കോളേജ് എന്നായി പിന്നെ മൗലാനയുടെ മനസ്സിൽ നിറയെയും. റഹ്മാനിയ്യഃക്ക് വേണ്ടി കരുതിവെച്ച പണം എവിടെ ഉണ്ടെന്നറിഞ്ഞാലും അവിടെയെത്താൻ അദ്ദേഹത്തിനു യാതൊരു ബുദ്ധിമുട്ടുമുണ്ടായിരുന്നില്ല. പരിഹസിക്കുന്നവരും പാരവെക്കുന്നവരും ഉണ്ടായിരുന്നിട്ടും ആ മനസ്സ് തളർന്നില്ല.

അതിരാവിലെ ഒരു ഗ്ലാസ് ചായയും കുടിച്ച് ആരാന്റെ വാതിൽ മുട്ടാൻ ഇറങ്ങി ആ പ്രൗഢിയുടെ സമ്പന്ന തറവാട്ടിലെ കാരണവർ. റസീറ്റ് ബുക്കും കിട്ടുന്ന കാശ് സൂക്ഷിക്കാൻ ഒരു ബാഗും അരി, നെല്ല്, തേങ്ങ തുടങ്ങിയവ നിക്ഷേപിക്കാൻ നാല് സഞ്ചികളും കയ്യിൽ പിടിച്ച് തലയിൽ തൊപ്പിയും തോളിൽ ഷാളും ഇടർത്തി ഇട്ട് വെള്ള വസ്ത്രധാരിയായി നടക്കുന്ന ആ മഹാമനുഷ്യന്റെ മനസ്സിലെ വെള്ളക്കുപ്പായം ആരെയും സമ്മതിക്കാൻ നിർബന്ധിക്കുംവിധമായിരുന്നു. പൂള കച്ചവടക്കാരിൽ നിന്ന് പൂളയും അരിക്കച്ചവടക്കാരിൽ നിന്ന് അരിയും പിരിച്ച് ആ മഹാത്മാവ് മുന്നോട്ട് കാൽവെച്ചത് നവോത്ഥാനത്തിന്റെ യുഗപ്പിറവിയിലേക്കായിരുന്നു.

കാണുന്നവരോടൊക്കെ കോളേജിനെ കുറിച്ചായിരുന്നു പറയാനുണ്ടായിരുന്നത്. ഒരുപാട് നാടുകളിൽ മൊബൈൽ വഅ്ളുകൾ സംഘടിപ്പിച്ചു. കരുതിയുറപ്പിച്ച ഒരു കാര്യം തെളിഞ്ഞ മനസ്സോടെയാണെങ്കിൽ തമ്പുരാന്റെ നിത്യമായ ബലം കൂടെയുണ്ടാകുമെന്ന് അവിടെന്ന് ഉറപ്പിച്ചു. 1978-ൽ അജ്മീറിൽ പോയി ദിവസങ്ങളോളം പ്രാർത്ഥനയിൽ മുഴുകി സങ്കടം കണ്ണീരായി ഒഴുകിയപ്പോൾ "നിങ്ങൾ വിഷമിക്കേണ്ട' എന്ന് സ്വപ്നദർശനത്തിൽ അനുഭവമായ ആ വാക്ക് അറ്റമില്ലാത്ത നിലക്ക് തന്റെ കൂടെയുണ്ടാകുമെന്ന് ആ നല്ല വിശ്വാസി കണക്കാക്കി. ഇങ്ങനെ മഹാത്മാക്കൾ ഒരുപാട് ഈ വലിയ മനുഷ്യന്റെ ദൗത്യത്തെ അംഗീകരിക്കാനുണ്ടായിരുന്നു.

## ധനികനായ ഫഖീർ

കുഞ്ഞഹമ്മദ് മുസ്‌ലിയാരെ സംബന്ധിച്ച് 'ധനികനായ ഫഖീർ' എന്നത് വളരെ പൂർണമാണ്. വലിയ കുലീന തറവാട്ടിലെ അംഗമായിരുന്നു. റഹ്മാനിയ്യ എന്ന ഒരു സമൂഹത്തിന്റെ അറിവും സംസ്കാരവും നുമായതോടൊപ്പമാണ് കുഞ്ഞഹമ്മദ് മുസ്‌ലിയാരുടെ സാമൂഹിക പ്രവർത്തനം ഇങ്ങനെ ഉണർന്നുവന്നതെന്നോർക്കണം. അദ്ദേഹം സ്വന്തം ജീവിതത്തിൽ പാലിച്ച സൂക്ഷ്മത അളവറ്റതായിരുന്നു. എത്ര വൈകി വീട്ടിലെത്തിയാലും കുളിച്ച് ഭക്ഷണം കഴിച്ച് ഉറങ്ങും. സുബ്ഹിക്ക് മുമ്പ് തന്നെ എഴുന്നേറ്റ് കുളിക്കും. തഹജ്ജുദ് പതിവായി നിസ്കരിക്കും. വീട്ടുകാർക്ക് തങ്ങളുടെ ഉപ്പയെ കുറിച്ച് പറയാനുള്ളതാണിത്. മൗലാനാ ചീക്കിലോട്ട് ആ താറവാട്ടിന്റെ മാത്രം പിതാവല്ല, ഒരു ജനതയുടെ തന്നെ പിതാവും ചോദിക്കാനും പറയാനുമുള്ള ആളാകാൻ ഇഖ്‌ലാ

> അതിരാവിലെ ഒരു ഗ്ലാസ് ചായയും കുടിച്ച് ആരാന്റെ വാതിൽ മുട്ടാൻ ഇറങ്ങി ആ പ്രൗഢിയുടെ സമ്പന്ന തറവാട്ടിലെ കാരണവർ. റസീറ്റ് ബുക്കും കിട്ടുന്ന കാശ് സൂക്ഷിക്കാൻ ഒരു ബാഗും അരി, നെല്ല്, തേങ്ങ തുടങ്ങിയവ നിക്ഷേപിക്കാൻ നാല് സഞ്ചികളും കയ്യിൽ പിടിച്ച് തലയിൽ തൊപ്പിയും തോളിൽ ഷാളും ഇടർത്തി ഇട്ട് വെള്ള വസ്ത്രധാരിയായി നടക്കുന്ന ആ മഹാമനുഷ്യന്റെ മനസ്സിലെ വെള്ളക്കുപ്പായം ആരെയും സമ്മതിക്കാൻ നിർബന്ധിക്കുംവിധമായിരുന്നു.

നിർണയിക്കുന്ന സ്വപ്നത്തിന്റെ പുലർച്ചക്ക് എല്ലാ തറവാട്ടു പ്രൗഢിയും മഹിമയും അദ്ദേഹം പിന്നോട്ടുവച്ചു. ഒരു കാലത്ത് മുന്തിയ ഇനം അരിയുടെ ചോറ് മാത്രം ഭക്ഷിച്ചിരുന്ന ആ മഹാൻ റഹ്മാനിയ്യയെ മനസ്സിൽ കയറ്റിവെച്ചപ്പോൾ അരപ്പട്ടിണിയിൽ അഭിമാനിച്ച് പൂർണമായും ഫഖീറിന്റെ വേഷമണിഞ്ഞ് ഇറങ്ങി വന്നു.

മനസ്സിന്റെ നന്മ തെളിഞ്ഞുവന്നവർ അങ്ങനെയായിരിക്കും. അവർക്ക് സ്വന്തമായി ഒന്നുമുണ്ടാവില്ല. സമുദായത്തിനുവേണ്ടി അധ്വാനിച്ച് വിയർപ്പ് സുഗന്ധമാക്കും. അവർ തന്നെ സമൂഹത്തിന്റെ പൊതുസ്വത്താകും. ബന്ധുക്കൾ പോലും ഒരുവേള പിന്തിരിപ്പിക്കാൻ നോക്കിയെങ്കിലും ആ മഹാമനസ്സിന്റെ മുമ്പിൽ അവരൊക്കെ തോറ്റുപോവുകയായിരുന്നു.

വലിയ ഭക്തനും മഹാപണ്ഡിതസോടെ ജീവിതത്യാഗം ചെയ്തവരായിരുന്നു. ഒരുനേരത്തെ ഭക്ഷണം അടുത്ത ഭക്ഷണ സമയമാകുംവരെ വരുന്നവർക്ക് കൊടുക്കാൻ വീട്ടിൽ കരുതിവെക്കണമെന്ന് അദ്ദേഹം പറയുമായിരുന്നു. ആ മഹാത്മാവിനെ ആശ്രയിച്ച് കഴിയുന്ന ഒരു സംഘം തന്നെ ഉണ്ടായിരുന്നുവത്രെ!!

പത്തുവർഷത്തെ ആ നിരന്തര ത്യാഗം ഊണും ഉറക്കും പാതിയായതായിരുന്നു. ഇതൊക്കെ ആ ശരീരത്തെ ക്ഷീണിപ്പിച്ചു. അഞ്ചു വർഷത്തോളം രോഗപരീക്ഷണം ആ ദേഹത്തിൽ നടന്നു. എന്നാലും 1987 സെപ്തംബർ 25നു (1408 സഫർ 2) വെള്ളിയാഴ്ച രാത്രി വിടപറയുംവരെ തന്റെ സമൂഹത്തിന്റെ ഗതിയോർത്ത് കണ്ണുതുറന്നു നിന്നു.

വിയോഗത്തിന്റെ ഏതാനും ദിവസങ്ങൾക്കു മുമ്പാണ് തളർന്നു കിടപ്പിലായത്. തന്റെ അവസാന നാളുക

ളിൽ രോഗം മൂർഛിച്ച് വീട്ടിൽ കഴിയു മ്പോൾ കോളേജിനു വേണ്ടി ഇപ്പോൾ നടക്കാൻ ആകില്ലെങ്കിലും ആ വലിയ ദൗത്യത്തെ തന്റെ മനസ്സിലേക്ക് എടുത്തുവെക്കുകയായിരുന്നു ആ മഹാൻ. അന്ന് സ്വന്തം വീടിന് തീപി ടിച്ചപ്പോൾ ആശ്വസിപ്പിക്കാനെത്തിയ ചാലിൽ അബ്ദുറഹിമാൻ മുസ്‌ലി യാരെ കണ്ടപാടെ മൗലാനാ പറഞ്ഞ വാക്ക് കേട്ടവരുടെ കണ്ണ് നനച്ചിരിക്ക ണം. "നമ്മുടെ കോളേജ് ലക്ഷ്യത്തി ലെത്തി, നാം വിജയിച്ചിരിക്കുന്നു." ശരീരം തളർന്നെങ്കിലും ആഹ്ലാദം കൊള്ളുന്ന ആരോഗ്യമുള്ള മന സ്സിന്റെതാണീ വാക്ക്.

## ബാനീ ഹസ്‌റത്തും ബശീർ മുസ്‌ലിയാരും

ഉന്നതമായ വിദ്യാഭ്യാസ കരിക്കുല മായിരുന്നു മൗലാന മുന്നിൽ കണ്ടത്. നിലവാരമുള്ള, വ്യവസ്ഥപ്പെടുത്തിയ വിദ്യാഭ്യാസ സമുച്ചയം. പൂർവ്വികർ കൊണ്ടുനടന്നതിന് ആധുനികമായി ശാസ്ത്രീയ രീതി വരുത്തുക. ഇതു മനസ്സിൽ നിറഞ്ഞുനിന്ന ബാനീ ഹസ്‌റത്തിന്റെ കൂട്ടിനു വന്നത് തികച്ചും യോഗ്യനായ എം.എം. ബഷീർ മുസ്‌ലിയാരായിരുന്നു. രണ്ടു പേരും കോട്ടുമല ഉസ്താദിന്റെ ശിഷ്യൻമാർ. കാര്യങ്ങളെ ഉയർന്ന് ആലോചിക്കുന്ന ഉസ്താദിന്റെ ഗുരു ത്തഫലം നിറഞ്ഞവർ. അക്കാലത്ത് ജീവിച്ചിരുന്ന പണ്ഡിതനിരയിൽ കാര്യ ങ്ങളെ ദീർഘിച്ചുകാണുന്ന പരി ഷ്കർത്താവും ചിന്തകനുമായിരുന്നു ബഷീർ മുസ്‌ലിയാർ. ആ ധിഷണാ ശാലിയായ പണ്ഡിതനാണ് റഹ്മാനി യ്യയെ പുതിയ രീതിയിൽ സംവിധാനി ക്കാൻ മുന്നിലുണ്ടായത്.

മൗലാനയുടെ ദൃഢമായ മനസ്സും ബഷീർ മുസ്‌ലിയാരുടെ ആലോചനാ ശേഷിയും ഒത്തുവന്നപ്പോൾ മഹാചരി ത്രത്തിന്റെ പിറവിയുണ്ടായി. 1973-ൽ പ്രിൻസിപ്പൽ പദവിയിലെത്തിയ ബഷീർ മുസ്‌ലിയാർ ആദ്യം വരുത്തിയ പരിഷ്കരണം തന്നെ അന്നുവരെ അറബിക് കോളേജു കൾക്ക് പരിചയമില്ലാത്തതായിരുന്നു. പള്ളിമുറ്റത്ത് കെട്ടിയുണ്ടാക്കിയ ഷെഡ്ഡിൽ ബെഞ്ചും ഡസ്കും ബ്ലാക് ബോർഡും സംവിധാനിച്ച് ക്ലാസുകൾ ചിട്ടപ്പെടുത്തി. ഉസ്താദുമാർക്ക് ഒപ്പ് പട്ടികയും ക്ലാസിൽ ഹാജർ പട്ടികയും അന്ന് ഏർപ്പെടുത്തുകയുണ്ടായി. കേര ളത്തിന് ഇത് ആദ്യാനുഭവമായിരുന്നു. പലരും ബഷീർ മുസ്‌ലിയാരെയും റഹ്മാനിയ്യയെയും വിമർശിച്ചെങ്കിലും പിൽക്കാലത്ത് റഹ്മാനിയ്യയെ മോഡ ലാക്കാൻ അവരൊക്കെ മുന്നിലുണ്ടാ യി എന്നതാണ് വിചിത്രം. അരീക്കൽ അബ്ദുറഹ്മാൻ മുസ്‌ലിയാർ, ചേറൂർ കെ. അഹ്മദ് മുസ്‌ലിയാർ, ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി കൂരിയാട് തുടങ്ങിയവർ ബഷീർ മുസ്‌ലിയാർക്ക് പിന്തുണയായുണ്ടായി രുന്ന സഹാധ്യാപകരാണ്.

## റഹ്മാനിയ്യയുടെ അർത്ഥം

മൗലാനാ ചീക്കിലോട്ട് കണ്ട റഹ്മാനിയ്യ കലാലയം ഇനിയും ഒരു പാട് കാലം മുന്നിലേക്ക് നോക്കിയാ യിരുന്നു. തികഞ്ഞ വിദ്യാഭ്യാസ പരി ഷ്കർത്താവിനെയാണ് അതിൽ നിന്ന് മനസ്സിലാക്കിതരുന്നത്. അന്നത്തെ പ്രഗത്ഭ പണ്ഡിതൻമാരെ മുൻനിർത്തി യാണ് ആ മഹാത്മാവ് ഇങ്ങനെ ഒരു രൂപം ദീർഘിച്ചു കാണുന്നതെന്ന് ഓർക്കണം. പുരാതന അറബി കിതാ ബുകൾക്ക് പുറമെ അറബി, ഉർദു, ഇംഗ്ലീഷ് ഭാഷകൾ കൂടി റഹ്മാനിയ്യ യുടെ കരിക്കുലത്തിലുൾപ്പെടുത്താൻ അന്ന് ത്യാഗം ചെയ്തത് സമ്മതിക്കേ ണ്ടത് തന്നെ.

റഹ്മാനിയ്യയിലെ ഭാഷാപഠനം വിമർശിക്കാൻ ആളുകൾ ഏറെയായി രുന്നു. ഇന്നു കാലം തെളിയിച്ചത് മൗലാനയുടെ ദീർഘവീക്ഷണത്തെയാ ണ്. സത്യത്തിൽ 'കുഞ്ഞമ്മദ് മുസ്‌ലി യാർ-ബഷീർ മുസ്‌ലിയാർ" എന്ന ആ കൂട്ടുകെട്ടിൽ വിരിയുന്ന റഹ്മാനിയ്യ ഇനിയും ഒരുപാട് അപ്പുറത്താണ്. ഇതര ഭാഷകൾക്കു പുറമെ ഗണിത ശാസ്ത്രവും മലയാളവും ഇവിടെ പഠിപ്പിക്കണമായിരുന്നു. 1972-ൽ ദർസിൽ ഓതിക്കൊടുക്കൽ നിർത്തിയ ബശീർ മുസ്‌ലിയാരുടെ ബുദ്ധിപരീ ക്ഷണത്തിന്റെ ഇടം പിന്നെ റഹ്മാനി യ്യയായിരുന്നു.

മൗലാനയുടെ സ്വപ്നങ്ങൾ വിദ്യാർത്ഥികളെ ബഹുമുഖ പ്രതിഭ യാക്കാൻ പോന്നതായിരുന്നു. കസേര മുടച്ചിൽ, ടൈലറിംഗ്, ടൈപ്പ്റൈറ്റിംഗ് തുടങ്ങിയവ അക്കാലത്ത് തന്നെ റഹ്മാനിയ്യയിൽ സംവിധാനിച്ചു നൽകി. ഇതോടൊപ്പം ഡ്രൈവിംഗും ആശാരിപ്പണിയും മെക്കാനിക്കു മെല്ലാം റഹ്മാനിയ്യ വിദ്യാർത്ഥികൾക്ക് പഠിപ്പിക്കണമെന്ന് അദ്ദേഹം ഉയർന്നു ആഗ്രഹിച്ചു.

മൗലാനാ ചീക്കിലോട്ട് സംവിധാ നിച്ച റഹ്മാനിയ്യയുടെ അർത്ഥം ഇനിയും നീളുന്നതാണ്. സ്ഥാപന ത്തിനു കീഴിൽ ഒരു ഹൈസ്കൂൾ എന്ന സ്വപ്നം ആ സൗഭാഗ്യം നിറഞ്ഞ ആയുസിൽ തന്നെ (01/08/ 1983-ൽ) സാക്ഷാൽകരിക്കപ്പെട്ടു. ആസ്പത്രി, എല്ലാവർക്കും വരാവുന്ന ഒരു ജനകീയ സ്റ്റോർ, പോസ്റ്റ് ഓഫീ സ്, ഫ്ളോർമിൽ എന്നൊക്കെ റഹ്മാ നിയ്യയുടെ അർത്ഥമായി ആ മഹാൻ വ്യാഖ്യാനിച്ചു.

## ചാലിലകത്തും ചീക്കിലോട്ടും

കേരളത്തിൽ പൊതുവെയും വടക്കേ മലബാറിൽ പ്രത്യേകിച്ചും വിശ്രുതമായ രണ്ടു പേരുകളാണ് ചാലിലകത്തും ചീക്കിലോട്ടും. ഇത് രണ്ടും കുടുംബ പേരുകളാണ്. ഒന്ന് കേരളത്തിൽ പൊതുവെയും രണ്ടാമ ത്തേത് വടക്കേ മലബാറിലും കേളി നിറഞ്ഞവർ.

ഒരുപാട് സമാനതകൾ ഒരു പോലെ ഒന്നിക്കുന്ന ഈ രണ്ടു പേരും ത്യാഗം ചെയ്തത് ഒരു സമൂഹ ത്തിന്റെ ഉയർച്ചക്കു വേണ്ടി. വിദ്യാ ഭ്യാസ കാര്യത്തിലാണ് ചാലിലകത്തി ന്റെയും ചീക്കിലോട്ടിന്റെയും സാന്നിധ്യം നിറഞ്ഞുനിൽക്കുന്നത്. എന്നാൽ ചാലിലകത്തിനെ ചീക്കിലോട്ടിനേക്കാൾ പ്രശസ്തമാ ക്കിയ ഘടകം സുപരിചിതവും നിശ്ചി തവുമാണ്.

കുഞ്ഞഹമ്മദ് എന്ന പേരുള്ള രണ്ടു പേരും പ്രാദേശികമായി ഒരു സമൂഹത്തിന്റെ അറിവിന്റെ വഴിയും വിചാരവും പുതിയ രീതിയിൽ ഉയർത്തിക്കൊണ്ടുവരാൻ പണിയെടു ത്തുവെന്ന് തന്നെയാണ് സത്യം. മൗലാന ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി മലപ്പുറം ജില്ലയിലെ വാഴക്കാട് ദാറുൽ ഉലൂം കേന്ദ്രീകരിച്ചും മൗലാനാ ചീക്കിലോട്ട് കുഞ്ഞഹമ്മദ് മുസ്‌ലിയാർ വടക്കേ മലബാറിലെ

കടമേരി റഹ്മാനിയ്യ കേന്ദ്രീകരിച്ചുമാണ് തങ്ങളുടെ ആലോചനകൾക്ക് പ്രായോഗിക രൂപം വരുത്താൻ അധ്വാനിച്ചത്.

കാലവ്യത്യാസങ്ങളും ഇതിൽ വായിക്കാനുണ്ട്. 1909-ലാണ് ചാലിലകത്ത് ദാറുൽ ഉലൂമിലെത്തി തന്റെ നവോത്ഥാന നീക്കങ്ങൾ ആരംഭിക്കുന്നത്. മൗലാന ചീക്കിലോട്ടിന്റെ ഈ രംഗത്തെ ശ്രമങ്ങൾ 1972-ലുമാണ്. ചാലിലകത്ത് തന്റെ പഠനകാലത്ത് വെല്ലൂരിലെ ബാഖിയാത്തിൽ നിന്നും ലത്വീഫിയ്യയിൽ നിന്നും ആവാഹിച്ച വിദ്യാപഠനത്തിന്റെ ഉയർന്ന രീതികളെ കേരളീയതനിമയിലേക്ക് മൊഴിമാറ്റം ചെയ്യുകയായിരുന്നു. ഇതിന് ചരിത്രത്തിൽ മഖ്ദൂമിന്റെ അഭിമാനം തുടിക്കുന്ന മാതൃകയുണ്ട്. പൊന്നാനി ജുമുഅത്ത് പള്ളി കേന്ദ്രീകരിച്ച് ഒരു വിജ്ഞാന ഉത്ഥാനത്തിന് മഖ്ദൂമിൽ ത്യാഗബോധമുണ്ടാക്കിയത് ഈജിപ്തിലെ അൽഅസ്ഹർ സർവ്വകലാശാലയാണെന്നുണ്ട്.

അതിലുമപ്പുറം ചാലിലകത്തിലും ചീക്കിലോട്ടിലും വായിക്കാവുന്ന കൗതുകം വേറെയാണ്. രണ്ടു പേരെയും അതതു കാലത്ത് തങ്ങളുടെ അറിവുപഠനത്തിന്റെ പുതുമകൾ സമർപ്പിച്ചപ്പോൾ അന്നുള്ളവർ വിമർശിച്ചിരുന്നു. മാലാനാ ചാലിലകത്തിന്റെ കാലത്തും വിർശനമുണ്ടായി. ഏകദേശം ആറരപ്പതിറ്റാണ്ടിനപ്പുറത്ത് മൗലാനാ ചീക്കിലോട്ടിനും എതിർപ്പ് ഏൽക്കേണ്ടിവന്നു.

ഈ രണ്ടു സംഗതിയിലും പക്ഷെ ഒരു സമൂഹത്തിന്റെ അറിവിനോടും ഉയർച്ചയോടുമുള്ള പുറംതിരിഞ്ഞു നിൽപാണെന്ന് മനസ്സിലാക്കൽ അബദ്ധമാണ്. അറിവുരംഗത്തെ ഈതരം പുതുമകൾ അന്നുവരെ മികച്ചുനിന്നിരുന്ന മനുഷ്യനിലെ ബുദ്ധിയുള്ള വ്യക്തിത്വത്തെ ഉണർത്താനും ഉയർത്താനും പാകമായ ആത്മീയജ്ഞാന താവഴികൾക്ക് തളർച്ചവരുമോയെന്നു ഭയക്കുന്ന ആലോചനയായിരുന്നു ഇതിനു പിന്നിലുണ്ടായതെന്ന് യഥോചിതം തിരിച്ചറിയേണ്ടതുണ്ട്.

സർസയ്യിദ് അലീഗർ മുസ്‌ലിം യൂണിവേഴ്സിറ്റി സ്ഥാപിച്ചപ്പോഴുള്ള അനുഭവം ഇവിടെ വിലയിരുത്തേണ്ടതാണ്. അന്നത്തെ പശ്ചാത്തലത്തിൽ മുസ്‌ലിംകളുടെ പൊതുവായുള്ള പ്രതികരണത്തെ ഊന്നി ഒരു സംഭവം മനസ്സിലാക്കാനുണ്ട്. ഉത്തരേന്ത്യയിലെ പണ്ഡിതൻമാർ തന്നെ എല്ലാ ഭാഗത്തേക്കും ഫത്‌വകളെഴുതി അയച്ചിരുന്നു. പണ്ഡിതൻമാരുടെ ശക്തമായ എതിർപ്പ് അഹ്മദ്ഖാനെതിരെയുണ്ടായി. കാലങ്ങൾക്ക് ശേഷം പിന്നീട്, ഫറങ്കിമഹൽ പണ്ഡിതൻമാരിൽ പ്രധാനിയായ സൂഫി ശൈഖായിരുന്ന മൗലാനാ അബ്ദുൽബാരി തന്റെ രണ്ടു മക്കളെ അലീഗറിലേക്ക് പഠിക്കാൻ പറഞ്ഞയച്ചു. സയ്യിദ് അഹ്മദ് ഖാന്റെ മതത്തിലുള്ള വികല ആലോചനകൾ അലീഗറിൽ ഇപ്പോൾ പഠിപ്പിക്കുന്നില്ലെന്നും തന്റെ ശിഷ്യൻമാരാണ് അവിടുത്തെ മതകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതെന്നും അദ്ദേഹം ഇതിന് സത്യന്യായമായി പറഞ്ഞു. ഇവിടെ ഒരുകാര്യം പുറത്തു വരുന്നു. പണ്ഡിതൻമാർക്ക് ഭൗതികതയോടല്ല എതിർപ്പ്, മറിച്ച് ആത്മീയത അടച്ചുവച്ച് നവോത്ഥാനത്തിന്റെ പേരിൽ ഉയർത്തിക്കൊണ്ടുവരുന്ന ആശയഗതികളോടാണ്. പുതിയ സംഗതികൾ കൊണ്ടുവരുമ്പോൾ ആദ്യം ആശങ്കയോടെ ശ്രദ്ധിക്കുകയും സൂക്ഷിച്ച് മാത്രം അതിനെ ഉൾകൊള്ളുകയും ചെയ്യുക എന്നത് ആത്മാവിന്റെ ബലവും വലിപ്പവും മനസ്സിലാക്കിയ പണ്ഡിതൻമാരുടെ ലക്ഷണങ്ങളായിരുന്നു.

മൗലാനാ ചീക്കിലോട്ടിനേക്കാൾ മൗലാന ചാലിലകത്തിന് മുന്നിലേക്ക് വായിക്കാനുണ്ടായ കാരണം വേറെയുമുണ്ട്. വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്കപ്പുറം അദ്ദേഹം മുന്നോട്ടു വച്ച ചില വാദങ്ങൾ കേരള പണ്ഡിതൻമാർക്കിടയിലാകെ ചർച്ചയും സംവാദവുമുണ്ടാക്കാൻ കാരണമായി എന്നതാണ്.



ഖിബ്‌ല തർക്കവും ഖാദിയാനി വിവാദവും അതിൽ പ്രധാനമാണ്. അതോടൊപ്പം പണ്ഡിത കുടുംബത്തിൽ ജനിച്ച് മഹാപണ്ഡിതനായ ചാലിലകത്ത് ഒരുപാട് കാലം കിതാബ് ഓതിക്കൊടുത്തതോടൊപ്പം രചനകളും നടത്തിയിട്ടുണ്ട്. ചീക്കിലോട്ടിനെ സംബന്ധിച്ചിടത്തോളം പണ്ഡിതനും പണ്ഡിത കുടുംബവുമായെങ്കിലും രചനകൾ നടത്തിയിട്ടില്ലെന്നാണ് കിട്ടിയ അറിവ്. ഒരു ജനതക്ക് ഓതിപ്പഠിക്കാനുള്ള സംവിധാനത്തിന് ത്യാഗം ചെയ്തു അദ്ദേഹം. മൗലാനാ ചാലിലകത്തിനെ കേരളത്തിൽ മൊത്തമായി അനുഭവിച്ചപ്പോൾ മൗലാനാ ചീക്കിലോട്ട് വടക്കേ മലബാറിൽ സ്വന്തമായി അറിയപ്പെടുകയും ചെയ്തു. പക്ഷേ, മൗലാന ചീക്കിലോട്ടിന്റെ മഹാത്യാഗ ഫലങ്ങൾ ഇന്നും സമൂഹം കുളിരോടെ അനുഭവിക്കുന്നു.

# മറ്റൊരാളുടെ നന്മയാണ് കാര്യം

തിരുമൊഴി

● **ജലീൽ ഫൈസി പുല്ലങ്കോട്**

**ഉ**ഖ്ബത്തിന്റെ മകൾ ഉമ്മുകുൽസൂം (റ) പറയുന്നു: "മൂന്നു വ്യക്തികൾ പറയുന്ന കാര്യങ്ങളിലല്ലാതെ കളവ് പറയുന്നതിൽ അല്ലാഹുവിന്റെ റസൂൽ(സ) വിട്ടു വീഴ്ച നൽകുന്നത് ഞാൻ കേട്ടിട്ടില്ല. അവരെ കള്ളം പറയുന്നവരായി ഞാൻ കണക്കാക്കുന്നില്ലെന്ന് നബി(സ) പറയുമായിരുന്നു. ആളുകൾക്കിടയിൽ മസ്‌ലഹത്തുണ്ടാക്കൽ മാത്രം ഉദ്ദേശിച്ചുള്ള സംസാരം, യുദ്ധ കാര്യത്തിൽ അമീർ നടത്തുന്ന സംസാരം, ഭാര്യ ഭർത്താവിനോടോ ഭർത്താവ് ഭാര്യയോടോ (മസ്‌ലഹത്തിന്നു വേണ്ടി) പറയുന്ന വാക്കുകൾ (ഇവയാണ് പ്രസ്തുത മൂന്നു കാര്യങ്ങൾ) (അബൂദാവൂദ്).

കള്ളം പറയൽ ഇസ്‌ലാമിക ദൃഷ്ട്യാ കുറ്റകരമാണ്. യഥാർത്ഥത്തിലുള്ളതിന്നെതിരെ സംസാരിക്കുന്നതാണല്ലോ കളവ് പറയൽ. "അല്ലാഹുവിന്റെ ആയത്തുകളെ വിശ്വസിക്കാത്തവരാണ് വ്യാജം കെട്ടിച്ചമക്കുന്നവർ. അവർ തന്നെയാണ് കള്ളം പറയുന്നവർ" എന്ന് ഖുർആൻ വ്യക്തമാക്കുന്നു. സദാ കള്ളം പറയുന്നത് മുനാഫിഖിന്റെ (കപട വിശ്വാസിയുടെ) ലക്ഷണമാണെന്ന് നബി(സ) പറഞ്ഞിട്ടുണ്ട്. മാന്യതക്കും മനുഷ്യന്റെ നല്ല സംസ്കാരത്തിനും യോജിച്ചതല്ല കള്ളം പറയൽ എന്ന് എല്ലാവരും അംഗീകരിക്കുന്നു. നാവ് കൊണ്ടുണ്ടാകുന്ന വിപത്തുകളിൽ



ഗുരുതരമായ ഒരു വിപത്തായി കളവ് പറയുന്നതിനെ മഹാന്മാർ വിവരിച്ചിട്ടുണ്ട്.

എന്നാൽ, കള്ളം പറയുന്നത് നല്ല കാര്യമായി പരിഗണിക്കപ്പെടുന്ന ഏതെങ്കിലും സാഹചര്യമുണ്ടോ? ഉണ്ടെന്നാണ് ഉദ്ധൃത തിരുവാക്യം ഉണർത്തുന്നത്. ഒരു സമൂഹത്തിന്റെ, ഒരു രാജ്യത്തിന്റെ, ഒരു കുടുംബത്തിന്റെ സുരക്ഷിതത്വം, കെട്ടുറപ്പ്, സ്വസ്ഥത, സാഹോദര്യബന്ധം എന്നിത്യാദി പൊതുനന്മകളുമായി ബന്ധപ്പെട്ടു കളവ് പറഞ്ഞാൽ മാത്രമേ കൈവരൂ എന്ന സ്ഥിതിവിശേഷം സംജാതമാകുന്ന പ്രത്യേക സാഹചര്യത്തിൽ പ്രസ്തുത നന്മയുടെ സംസ്ഥാപനത്തെ ഉദ്ദേശിച്ച് കളവ് പറയുന്നതിനെ വിട്ടു വീഴ്ചാമനോഭാവത്തോടെ ഇസ്‌ലാം നോക്കിക്കാണുന്നു. അതൊരു 'റുഖ്സ:'യാണ്. സാധാരണ സ്ഥിതിയിൽ അനുവദനീയമല്ലാത്ത ഒരു കാര്യം അനിവാര്യ(ളറൂറത്തിന്റെ) ഘട്ടത്തിൽ അനുവദിച്ചുകൊടുക്കുന്നതിനെയാണ് സാങ്കേതികമായി 'റുഖ്സ' എന്ന് പറയുന്നത്.

രണ്ടു വ്യക്തികൾക്കിടയിലെ, കുടുംബത്തിന്നിടയിലെ ഭിന്നിപ്പുകളും അസ്വാരസ്യങ്ങളും പറഞ്ഞു തീർത്ത് അവർക്കിടയിൽ സൗഹൃദ ബന്ധം പുനഃസ്ഥാപിക്കുന്നത് പുണ്യകർമ്മമാണ്. "നിങ്ങൾക്കിടയിലെ ഭിന്നിപ്പുകൾ നിങ്ങൾ മസ്‌ലഹത്താക്കുക" എന്നാണ് ഖുർആൻ ആജ്ഞ. മസ്‌ലഹത്ത് ശ്രമത്തിൽ അല്ലാഹുവിന്റെ പ്രത്യേക പരിഗണനയുണ്ടാകുമെന്നും ഖുർആൻ പരാമർശത്തിൽനിന്ന് മനസ്സിലാക്കാം. അങ്ങനെയൊരു പുണ്യകർമം വിജയകരമായി പര്യവസാനിക്കണമെങ്കിൽ കക്ഷികൾ പരസ്പരം പറഞ്ഞ പല കാര്യങ്ങളും മറച്ചു വെക്കേണ്ടിവരും. പറഞ്ഞത് പറഞ്ഞിട്ടില്ല എന്നു പറയേണ്ടിവരും. മധ്യസ്ഥനാണ് യുക്തിപോലെ അതൊക്കെ ചെയ്യേണ്ടത്. ആത്മാർത്ഥമായ രഞ്ജിപ്പ് കക്ഷികൾക്കിടയിൽ ഉണ്ടാകണമെന്നു സദുദ്ദേശ്യത്തോടെ ഇത്തരം ഘട്ടങ്ങളിൽ അങ്ങനെ ചെയ്യാവുന്നതാണ്. ദുരുദ്ദേശ്യമോ സ്വാർത്ഥതാൽപര്യമോ മധ്യസ്ഥർക്കുണ്ടാവാൻ പാടില്ല.

ഒരു സേനാധിപൻ, യുദ്ധനായകൻ എതിർസൈന്യത്തിന്റെ നീക്കങ്ങളെ കുറിച്ചും അവരുടെ ആയുധ ശക്തിയെ കുറിച്ചും അംഗത്വബലത്തെ കുറിച്ചും സ്വന്തം സൈന്യത്തിനും ജനങ്ങൾക്കും തെറ്റായ വിവരങ്ങൾ നൽകുന്നത്, തന്ത്രപരമായ നീക്കങ്ങൾ മറച്ചു വെച്ച് മറ്റൊന്ന് പരസ്യമാക്കുന്നത് തുടങ്ങിയ കാര്യങ്ങളൊക്കെ യുദ്ധവിജയത്തിന് ആവശ്യമാകുന്ന സാഹചര്യത്തിൽ അങ്ങനെ ചെയ്യുന്നത് കുറ്റകരമല്ല. സ്വന്തം അണികൾക്ക് ആത്മവിശ്വാസവും വിജയപ്രതീക്ഷയും പ്രദാനം ചെയ്യാൻ അതുപകരിക്കും. യുദ്ധം തന്നെ ഒരു ചതിയാണെന്ന് നബി(സ) പറഞ്ഞിട്ടുണ്ട്. യുദ്ധ പരാജയം സൈന്യത്തെ മാത്രമല്ല പ്രതികൂലമായ ബാധിക്കുക, രാജ്യത്തിനും ജനങ്ങൾക്കും അത് കഷ്ടപ്പാട് വരുത്തും. അങ്ങനെ വരാതിരിക്കാൻ പരമാവധി ശ്രമിക്കേണ്ടത് സേനാധിപന്റെയും ഭരണകർത്താവിന്റെയും ബാധ്യതയാണ്.

ദാമ്പത്യജീവിതം സുദൃഢവും സുഖദായകവുമായിരിക്കണം. കുടുംബ ജീവിതത്തിന്റെ അസ്ഥിവാരം ദാമ്പത്യബന്ധമാണ്. ദമ്പതികൾക്കിടയിലുണ്ടാകുന്ന അസ്വാരസ്യങ്ങളും ഭിന്നിപ്പുകളും കുടുംബ ജീവിതത്തിന്റെ ഭദ്രതയ്ക്ക് വിഘ്നം വരുത്തും. ദമ്പതികൾക്കിടയിൽ രഞ്ജിപ്പ് നഷ്ടപ്പെടാൻ പലപ്പോഴും കാരണമാകുന്നത് പരസ്പരമുള്ള വിശ്വാസമില്ലായ്മയും തെറ്റിദ്ധാരണയുമാണ്. ഭർത്താവിന്റെ നീക്കങ്ങളിൽ ഭാര്യക്കും ഭാര്യയുടേതിൽ ഭർത്താവിനും സംശയങ്ങൾ ഉണ്ടാകുക സ്വാഭാവികമാണ്. ക്രമേണ സംശയങ്ങൾ തുറന്നുപറയാനും അത് പരസ്പര വഴക്കിനും ഇടവരുത്തും. അനന്തരഫലം ദാമ്പത്യബന്ധത്തിന്റെ വിഛേദനമായിരിക്കും. ഈ ദുരവസ്ഥ ഒഴിവാക്കാൻ യാഥാർത്ഥ്യം മറച്ചു വെച്ച് സംസാരിക്കുന്നത് പ്രയോജനപ്പെടുമെങ്കിൽ അത് അനുവദനീയമാണ്.

> കുടുംബ ജീവിതത്തിന്റെ അസ്ഥിവാരം ദാമ്പത്യബന്ധമാണ്. ദമ്പതികൾക്കിടയിലുണ്ടാകുന്ന അസ്വാരസ്യങ്ങളും ഭിന്നിപ്പുകളും കുടുംബ ജീവിതത്തിന്റെ ഭദ്രതയ്ക്ക് വിഘ്നം വരുത്തും. ദമ്പതികൾക്കിടയിൽ രഞ്ജിപ്പ് നഷ്ടപ്പെടാൻ പലപ്പോഴും കാരണമാകുന്നത് പരസ്പരമുള്ള വിശ്വാസമില്ലായ്മയും തെറ്റിദ്ധാരണയുമാണ്. ഭർത്താവിന്റെ നീക്കങ്ങളിൽ ഭാര്യക്കും ഭാര്യയുടേതിൽ ഭർത്താവിനും സംശയങ്ങൾ ഉണ്ടാകുക സ്വാഭാവികമാണ്.

ചുരുക്കത്തിൽ, മാനുഷിക നന്മയുടെയും രഞ്ജിപ്പിന്റെയും വെളിച്ചത്തിലേക്ക് ചെന്നെത്താൻ ഏക പോംവഴി യാഥാർത്ഥ്യത്തിന് എതിരെയുള്ള ഒരു വാക്കാണെങ്കിൽ അനിവാര്യഘട്ടമെന്ന നിലയിൽ ബന്ധപ്പെട്ടവർക്ക് അങ്ങനെയാവാം എന്നാണ് ഉപരിസൂചിത തിരുവാക്യത്തിൽ നിന്ന് ലഭിക്കുന്ന ഗുണപാഠം. കള്ളം പറയുന്നതിനെ ഇസ്‌ലാം അനുകൂലിക്കുന്നുവെന്ന് പ്രസ്തുത നബിവാക്യത്തിൽനിന്ന് മനസ്സിലാക്കാൻ ഒരിക്കലും പഴുതില്ല. മൂന്നു ഘട്ടങ്ങളാണ് ഹദീസിൽ വ്യക്തമാക്കി പറഞ്ഞത്. കളവ് പറയുന്ന വ്യക്തിക്കല്ല, മറിച്ച് സമൂഹത്തിന് ഒന്നടങ്കം ഗുണഫലം ലഭിക്കുന്ന സന്ദർഭങ്ങളാണ് അവയോരോന്നുമെന്ന് വളരെ വ്യക്തമാണ്.

## മദ്റസ അധ്യാപക ക്ഷേമനിധി

# തെറ്റിദ്ധാരണപരത്തരുത്: സമസ്ത

**കോഴിക്കോട്**: സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ തീരുമാനിച്ച മദ്റസാ അധ്യാപക ക്ഷേമനിധി പലിശയധിഷ്ഠിതമായതിനാലാണ് ഇതുവരെ മുഅല്ലിംകൾ അപേക്ഷ നൽകാത്തതെന്ന് സമസ്ത കേരള ഇസ്ലാം മത വിദ്യാഭ്യാസ ബോർഡ് സെക്രട്ടറി കോട്ടുമല ടി.എം. ബാപ്പു മുസ്ലിയാർ പ്രസ്താവിച്ചു. സംസ്ഥാനത്തിൽ നിലവിലുള്ള ഇതര ക്ഷേമപദ്ധതികൾപോലെ മുഅല്ലിംകൾക്കും ക്ഷേമപദ്ധതി നടപ്പിലാക്കാൻ സംസ്ഥാന സർക്കാറിനോട് സമസ്ത കേരള ഇസ്ലാംമത വിദ്യാഭ്യാസ ബോർഡ് നിവേദനം മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാർ അത് ചെവിക്കൊണ്ടില്ല.

കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ സംസ്ഥാന സർക്കാറും, മുഅല്ലിംകളും മാനേജിംഗ് കമ്മിറ്റിയും നിക്ഷേപിക്കുന്ന തുകയുടെ പലിശ(അംശാദായം)ത്തിൽ നിന്നാണ് മുഅല്ലിം ക്ഷേമനിധി നൽകുന്നതിന് സംസ്ഥാന സർക്കാർ രൂപരേഖ തയ്യാറാക്കിയത്. ഇത് വൻ പാപമായതിനാൽ (പലിശ) ഇസ്ലാമിന് യോചിക്കാനാവില്ല. നിർദ്ദിഷ്ട രണ്ട് രൂപക്കുള്ള റേഷൻ അരി, മുഅല്ലിം സർവ്വീസ് രജിസ്തർ ലഭിച്ച മുഴുവൻ അധ്യാപകർക്കും നൽകുകയും കേരളത്തിൽ നിലവിലുള്ള ഇതര ക്ഷേമനിധികൾ പോലെ സർക്കാർ ഫണ്ട് ഉപയോഗിച്ച് പലിശരഹിതമായി ക്ഷേമനിധി ഏർപ്പെടുത്തുകയും ചെയ്യണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ക്ഷേമനിധി സംബന്ധിച്ച് വിശദമായി പഠിക്കാതെ ചില സംഘടനകൾ നടത്തുന്ന പരാമർശങ്ങളിൽ ആരും വഞ്ചിതരാകരുതെന്നും അദ്ദേഹം പറഞ്ഞു.

ജംഇയ്യത്തുൽ മുഫത്തിശീൻ ജനറൽ കൗൺസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇമ്പിച്ചി അഹമ്മദ് ഹാജി അദ്ധ്യക്ഷതവഹിച്ചു. കെ.പി. അബ്ദുറഹ്മാൻ മുസ്ലിയാർ, എൻ. അലവി മുസ്ലിയാർ, കെ.സി. അഹ്മദ് കുട്ടി മുസ്ലിയാർ, മൊയ്തീൻ ഫൈസി സംസാരിച്ചു.

### എസ്‌വൈഎസ് മെമ്പർഷിപ്പ് ക്യാമ്പയിൻ

## ആലപ്പുഴ ജില്ലയിൽ 5,000 സജീവ അംഗങ്ങൾ

**ആലപ്പുഴ:** എസ്.വൈ.എസ്. മെമ്പർഷിപ്പ് ക്യാമ്പയിന്റെ ഭാഗമായി 5,000 സജീവ അംഗങ്ങളെ തെരഞ്ഞെടുക്കുവാൻ എസ്‌വൈഎസ് ആലപ്പുഴ ജില്ലാ കൺവൻഷൻ തീരുമാനിച്ചു.

പ്രസിഡന്റ് മൂസൽ ഫൈസി അധ്യക്ഷതവഹിച്ചു. ജില്ലാ റിട്ടേണിംഗ് ഓഫീസർ ടി.കെ.മുഹമ്മദ്കുട്ടി ഫൈസി പട്ടാമ്പി മുഖ്യപ്രഭാഷണം നടത്തി. ജില്ലാ ജനറൽ സെക്രട്ടറി സൈത് മുഹമ്മദ് മാസ്റ്റർ സ്വാഗതവും വർക്കിംഗ് സെക്രട്ടറി കെ.എസ്.മുഹമ്മദ് ശാഫി മുസ്ലിയാർ നന്ദിയും പറഞ്ഞു.

ഇ.എൻ.എസ്.നവാസ്(കായംകുളം), എ.എം.നവാബ് കാക്കാഴ(മാന്നാർ), ഇ.കെ. അബ്ദുറഹിമാൻ(ഹരിപ്പാട്), എ.അബ്ദുറഹിമാൻ ഫൈസി(അമ്പലപ്പുഴ), കെ.എസ്.മുഹമ്മദ് ശാഫി മുസ്ലിയാർ(ആലപ്പുഴ), വി.കെ.ബശീരൽ സഫ(മണ്ണഞ്ചേരി), യു.അഷ്‌റഫ്(ചന്ദിരൂർ ) എന്നിവരെ മേഖല റിട്ടേണിംഗ് ഓഫിസർമാരായി തെരഞ്ഞെടുത്തു.

## ഐ എൽ എസ് പഠന ക്യാമ്പ്

**പട്ടാമ്പി:** മണ്ഡലം സുന്നി യുവജനസംഘം കമ്മിറ്റിക്ക് കീഴിലുള്ള ഇസ്ലാമിക് ലേണിംഗ് സ്കൂളിന്റെ ഈ വർഷത്തെ പുതിയ ബാച്ചിന്റെ ക്ലാസ് ഉദ്ഘാടനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പഠനക്യാമ്പ് സമാപിച്ചു. സമസ്ത മുശാവറ അംഗം സയ്യിദ് കെ.പി.സി. തങ്ങൾ ഉദ്ഘാടനം ചെയ്തു. എസ്.വൈ.എസ്. മണ്ഡലം ജനറൽ സെക്രട്ടറി ടി.കെ. മുഹമ്മദ് കുട്ടി ഫൈസി അധ്യക്ഷതവഹിച്ചു.

പി.വി. സാലിഹ് അൻവരി, ജി.എം. സലാഹുദ്ദീൻ ഫൈസി, അബ്ദുറഹിമാൻ ഫൈസി കൊടുമുടി എന്നിവർ വിഷയമവതരിപ്പിച്ചു.

നമ്മുടെ ആദർശം എന്ന വിഷയത്തിൽ നടന്ന മുഖാമുഖത്തിന് എം.ടി. മുസ്തഫ അശ്റഫിയും പ്രഭാഷക ശിൽപശാലക്ക് കെ.പി.എ. സമദ് മാസ്റ്റർ, എം.എം. ബശീർ മാസ്റ്റർ, ടി.അബ്ദുറശീദ് മാസ്റ്റർ നേതൃത്വം നൽകി. പി.കെ.മുഹമ്മദ് കുട്ടി മുസ്ലിയാർ, മലപ്പുറം മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ സി.യു. മുജീബ്, എം.കെ.മാനു മുസ്ലിയാർ നേതൃത്വം നൽകി. കെ.പി.മുനീർ അൻവരി, പി.ഉമർ, കെ.ആരിഫ് ഫൈസി, പി.പി.ഇബ്രാഹീം കുട്ടി ഫൈസി, എം.കെ.ഉമർ ഫാറൂഖ്, കെ.നിശാദ് സംബന്ധിച്ചു. ഡയറക്ടർ എ.അബ്ദുറഹിമാൻ മഖ്തൂർ സ്വാഗതവും ടി.അബ്ദുറശീദ് മാസ്റ്റർ നന്ദിയും പറഞ്ഞു.

## ആറ് മദ്റസകൾക്ക് സമസ്ത അംഗീകാരം നൽകി

**കോഴിക്കോട്:** സമസ്ത കേരള ഇസ്ലാം മത വിദ്യാഭ്യാസ ബോർഡ് നിർവ്വാഹകസമിതി കോഴിക്കോട് സമസ്ത കോൺഫറൻസ് ഹാളിൽ പ്രസിഡണ്ട് ടി.കെ.എം. ബാവ മുസ്ലിയാരുടെ അദ്ധ്യക്ഷതയിൽ ചേർന്നു. ജനറൽ സെക്രട്ടറി പി.കെ.പി. അബ്ദുസ്സലാം മുസ്ലിയാർ സ്വാഗതം പറഞ്ഞു. പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു.

മദീന നഗർ തഖ്‌വിയ്യത്തുൽ ഇസ്ലാം മദ്റസ, കാഞ്ചിനട്ക്ക സാജിപ്പനാട് ഇർശാദുസിബ്‌യാൻ മദ്റസ, ബിലിയാർ ഇസ്സത്തുൽ ഇസ്ലാം മദ്റസ (കർണാടക), കവിണിശേരി നൂറുൽ ഇസ്ലാം മദ്റസ (കണ്ണൂർ), പന്നൂർ മുഹമ്മദിയ്യ സെക്കണ്ടറി മദ്റസ (കോഴിക്കോട്), കുമ്പളക്കാട് അൻസാരിയ്യ പബ്ലിക് സ്കൂൾ മദ്റസ (വയനാട്) എന്നീ ആറ് മദ്റസകൾക്ക് അംഗീകാരം നൽകി. ഇതോടെ സമസ്ത കേരള ഇസ്ലാം മതവിദ്യാഭ്യാസ ബോർഡിന്റെ അംഗീകൃത മദ്റസകളുടെ എണ്ണം 9008 ആയി ഉയർന്നു.

ചെറുശ്ശേരി സൈനുദ്ദീൻ മുസ്ലിയാർ, പ്രൊ.കെ. ആലിക്കുട്ടി മുസ്ലിയാർ, കോട്ടുമല ടി.എം.ബാപ്പു മുസ്ലിയാർ, ഡോ.എൻ.എ.എം.അബ്ദുൽഖാദിർ, വി.ഇ. മോയിമോൻ ഹാജി, എം.പി.എം.ഹസ്സൻശരീഫ് കുരിക്കൾ, എം.സി.മായിൻ ഹാജി, ഹാജി. കെ.മമ്മദ് ഫൈസി, എം.എ.ചാസിം മുസ്ലിയാർ കാസർഗോഡ്, എം.കെ.എ. കുഞ്ഞിമുഹമ്മദ് മുസ്ലിയാർ തൃശൂർ, ഡോ. ബഹാഉദ്ദീൻ നദ്‌വി, കെ.എം.അബ്ദുല്ല മാസ്റ്റർ കൊട്ടപ്പുറം, എം.എം. മുഹിയദ്ദീൻ മൗലവി ആലുവ, കെ.ടി.ഹംസ മുസ്ലിയാർ വയനാട്, ഒ. അബ്ദുൽഹമീദ് ഫൈസി അമ്പലക്കടവ് ചർച്ചയിൽ പങ്കെടുത്തു. മാനേജർ പിണങ്ങോട് അബൂബക്കർ നന്ദിപറഞ്ഞു.

## വാർത്ത

# മദ്റസാ ഗ്രാന്റ് വിതരണം

## നടപടി വേണം: എസ്.വൈ.എസ്.

**കോഴിക്കോട്:** കേന്ദ്രസർക്കാർ ആവിഷ്കരിച്ചു സംസ്ഥാന സർക്കാർ മുഖേന നടപ്പിലാക്കിവരുന്ന മദ്റസാ നവീകരണ ഗ്രാന്റ് തുടർനടപടികൾ സ്വീകരിക്കാതെ സംസ്ഥാന സർക്കാർ താമസിപ്പിക്കുകയാണെന്ന് സുന്നി യുവജനസംഘം നേതാക്കൾ പറഞ്ഞു.

വിവിധ ജില്ലകളിൽ ഡി.ഡി. മുഖേന അപേക്ഷ സമർപ്പിച്ച ആയിരക്കണക്കിന് മദ്റസാ കമ്മിറ്റികളുടെ അപേക്ഷകൾ പരിശോധനകൾ പൂർത്തിയാക്കി ഗ്രാന്റിന് ശുപാർശ ചെയ്യാതെ സംസ്ഥാന സർക്കാർ കുറ്റകരമായ അനാസ്ഥ തുടരുകയാണ്.

കഴിഞ്ഞ വർഷങ്ങൾ ഇങ്ങനെ അപേക്ഷ നൽകിയ ആയിരക്കണക്കായ മദ്റസകളുടെ അപേക്ഷകൾ സംബന്ധിച്ച് യാതൊരു തീരുമാനവും സംസ്ഥാന സർക്കാർ ഇതുവരെ കൈക്കൊണ്ടിട്ടില്ല. കണക്ക്, സയൻസ്, ഇംഗ്ലീഷ്, ഹിന്ദി, സാമൂഹ്യപാഠം എന്നീ വിഷയങ്ങൾക്ക് മികച്ച ട്യൂഷൻ മുസ്‌ലിം കുട്ടികൾക്ക് മദ്റസകളിൽനിന്ന് തന്നെ ലഭ്യമാക്കി മത്സരപ്പരീക്ഷകൾക്ക് യോഗ്യത നേടാൻ കേന്ദ്രസർക്കാർ കൊണ്ടുവന്ന മുസ്‌ലിം ന്യൂനപക്ഷ വികസന പദ്ധതി സംസ്ഥാന സർക്കാർ ബോധപൂർവ്വം അട്ടിമറിക്കുകയാണ്. അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്ന് എസ്.വൈ.എസ്. സംസ്ഥാന സെക്രട്ടറിമാരായ പിണങ്ങോട് അബൂബക്കർ, ഹാജി കെ. മമ്മദ് ഫൈസി, അബ്ദുസ്സമദ് പൂക്കോട്ടൂർ, അബ്ദുൽഹമീദ് ഫൈസി അമ്പലക്കടവ്, കെ. മോയിൻകുട്ടി മാസ്റ്റർ, കെ.എ. റഹ്മാൻ ഫൈസി, ഉമർ ഫൈസി മുക്കം എന്നിവർ പുറപ്പെടുവിച്ച സംയുക്ത പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

## എസ്.വൈ.എസ് മലപ്പുറം ജില്ലാ കമ്മിറ്റി നിവേദനം നൽകി

**മലപ്പുറം:** കേന്ദ്രസർക്കാർ കേരളത്തിലെ മദ്റസകൾക്ക് നൽകിവരുന്ന മദ്റസ നവീകരണ ഗ്രാന്റ് വിതരണത്തിലെ കാലതാസമം ഒഴിവാക്കി സമയബന്ധിതമായി വിതരണം ചെയ്യാൻ നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് എസ്.വൈ.എസ് ജില്ലാ കമ്മിറ്റി നിവേദനം നൽകി.

കെ.എ. റഹ്മാൻ ഫൈസി അധ്യക്ഷതവഹിച്ചു. ഹാജി കെ. മമ്മദ് ഫൈസി, വാക്കോട് മൊയ്തീൻകുട്ടി ഫൈസി, ഹസൻ സഖാഫി പൂക്കോട്ടൂർ, ചെറുകുളം അബ്ദുല്ല ഫൈസി, അബ്ദുൽ ഖാദർ അൽഖാസിമി, ടി.പി.എം. ബശീർ ഫൈസി, എ. അശ്റഫ് മുസ്‌ലിയാർ, പി.കെ.എ. ലത്തീഫ് ഫൈസി, സി.എ.കബീർ മുസ്‌ലിയാർ, സി.എം. കുട്ടി സഖാഫി, പാതിരമണ്ണ അബ്ദുറഹിമാൻ ഫൈസി, എ.കെ. അബ്ദുൽ ഖാദർ മുസ്‌ലിയാർ, ജാഫർ ഫൈസി പഴമള്ളൂർ, ഖാസിം ഫൈസി പോത്തന്നൂർ, കെ. അലവി മുസ്‌ലിയാർ, സി. അബ്ദുല്ല മൗലവി, സലീം എടക്കര സംബന്ധിച്ചു.

ജില്ലയിൽനിന്ന് കഴിഞ്ഞ വർഷം ഗ്രാന്റിന് അപേക്ഷിച്ചവരുടെ സംഗമം മലപ്പുറം സുന്നി മഹലിൽ നടന്നു. സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡ് സെക്രട്ടറി കോട്ടുമല ടി.എം.ബാപ്പു മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. എസ്.വൈ.എസ്. സംസ്ഥാന സെക്രട്ടറി ഹാജി കെ. മമ്മദ് ഫൈസി അധ്യക്ഷതവഹിച്ചു. ഷാഹുൽ ഹമീദ് മേൽമുറി, സലീം എടക്കര, എം.എ. ചേളാരി, പി.കെ.എ. ലത്തീഫ് ഫൈസി പ്രസംഗിച്ചു. ഹസൻ സഖാഫി പൂക്കോട്ടൂർ സ്വാഗതവും റഹ്മാൻ മൗലവി നന്ദിയും പറഞ്ഞു.

## സയ്യിദ് ഉമറലി ശിഹാബ് തങ്ങൾ സ്മാരക അവാർഡ് ടി.കെ. മുഹമ്മദ്കുട്ടി ഫൈസിക്ക്

**പട്ടാമ്പി:** പാലക്കാട് ജില്ലയിലെ മികച്ച സംഘാടകനായി തെരഞ്ഞെടുക്കപ്പെട്ട എസ്.വൈ.എസ്. ജില്ലാ വർക്കിംഗ് സെക്രട്ടറി ടികെ. മുഹമ്മദ്കുട്ടി ഫൈസിക്ക് ബഹ്റൈൻ കേരള സുന്നി ജമാഅത്ത്, റിയാദ് പാലക്കാട് ജില്ലാ സുന്നി സെന്റർ കമ്മിറ്റികളുടെ സഹായത്തോടെ എസ്.വൈ.എസ്. ജില്ലാ കമ്മിറ്റി ഏർപ്പെടുത്തിയ സയ്യിദ് ഉമറലി ശിഹാബ് തങ്ങൾ സ്മാരക അവാർഡ് എസ്.വൈ.എസ്. ജില്ലാ കമ്മിറ്റി ചെർപ്പുളശ്ശേരിയിൽ സംഘടിപ്പിച്ച ജില്ലാ പ്രതിനിധി സമ്മേളനത്തിൽ പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ നൽകി.



*ബഹ്റൈൻ കേരള സുന്നി ജമാഅത്ത്, റിയാദ് പാലക്കാട് ജില്ലാ സുന്നി സെന്റർ കമ്മിറ്റികളുടെ സഹായത്തോടെ എസ്.വൈ.എസ്. ജില്ലാ കമ്മിറ്റി ഏർപ്പെടുത്തിയ സയ്യിദ് ഉമറലി ശിഹാബ് തങ്ങൾ സ്മാരക അവാർഡ് ടി.കെ. മുഹമ്മദ് കുട്ടി ഫൈസിക്ക് പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ നൽകുന്നു.*

വിചാരപഥം

▸▸ പിണങ്ങോട്

# പൊതുവിചാരം

**2001** മെയ് മാസം മുതലാണീ പംക്തി തുടങ്ങിയത്. 500 ലക്കങ്ങൾ പൂർത്തിയായി. പത്ത് വർഷം പൂർത്തിയായി വരുന്നു. ഒരു നിമിത്തം എന്ന നിലക്ക് ആനുകാലികങ്ങൾ സംഘബന്ധുക്കളിലും പിന്നീട് പൊതുസമൂഹത്തിലുമെത്തിക്കാൻ ഒരു പേജ്. അത്രയേ അതിന്ന് ലക്ഷ്യമുണ്ടായിരുന്നുള്ളൂ.

പറയാൻ നിർബന്ധിതമായ ചില സംഗതികൾ പറയാനറക്കാതെ പറയാൻ ശ്രമിച്ചു എന്ന പേരിൽ ഞാൻ കേട്ട പള്ളിന് 'ഹദ്ദില്ല'. എന്തിനിത്രയധികം ഈ പംക്തി ചിലർ ഭയന്നു എന്നനിക്കറിയില്ല. ചിലർ എന്റെ മാതാപിതാക്കളെ പോലും പിടികൂടി. എന്റെ അറിവിൽ ഒരു കറാഹത്ത് പോലും ചെയ്യാതെ ജീവിച്ചവരാണവർ. എനിക്കാവുന്ന സുകൃതം ഞാനവർക്ക് അവരുടെ ഹയാത്തിലും പിന്നീടും ചെയ്തുപോന്നിട്ടുണ്ട്. എന്റെ നാട്ടുകാരോടന്വേഷിച്ചാൽ ബോധ്യമാവുമത്. പ്രസ്ഥാനബന്ധുക്കളിൽ നിന്നും സുമനസ്സുകളിൽ നിന്നും ലഭിച്ച പ്രോത്സാഹനവും അഭിനന്ദനവും ഈ പംക്തി നിലനിർത്തിയതിലും എന്നെ ആശ്വസിപ്പിച്ചതിലും വഹിച്ച പങ്ക് കൃതജ്ഞതയോടെ ഓർക്കുന്നു.

കാന്തപുരം കടന്നുവരാത്ത ലക്കങ്ങൾ ഇല്ലെന്നു പറഞ്ഞാണ് പള്ള്വിദഗ്ധർ വല്ലാതെ പ്രകോപിതരാവാറുള്ളത്. അദ്ദേഹം അത്രമേൽ 'കാലികനാണ്' എന്നല്ലേ ചിന്തിക്കേണ്ടിയിരുന്നത്. എന്തുകൊണ്ട് കാലികചർച്ചയിൽ ഈ ഗ്രൂപ്പ് പ്രതിസ്ഥാനത്ത് വരുന്നു. എന്ന് ശാന്തമായി വിചാരിച്ചുനോക്കാതെ കണ്ണും ചിമ്മി ചീത്ത വിളിക്കുന്നത് ... നിലവാരം നിലനിർത്തലായി.

സമസ്തയിൽ കാന്തപുരം കുഴപ്പമുണ്ടാക്കാൻ രണ്ടു കാരണങ്ങളാണ് പ്രധാനമായും പറഞ്ഞിരുന്നത്. ചോറോട് റെയിൽവേ ഗെയ്റ്റിൽവെച്ച് യുവജനയാത്ര നയിച്ചുവരുന്ന ഡോ. എം.കെ. മുനീറിന് ശംസുൽഉലമ ഒരു ഓറഞ്ച് നൽകി. ഇത് തെറ്റായി. ഒന്ന് ലീഗിന് അടിമപ്പെടലായി. രണ്ട് സി.എച്ചിന്റെ മകനെ അംഗീകരിക്കലായി. ഈ മഹാ അപരാധം  അഹ്‌ലുസുന്നത്തി വൽജമാഅത്തിന് ക്ഷീണമായി. സമസ്ത പിഴച്ചു ഇതായിരുന്നു പ്രധാന കംപ്ലെയിന്റ്.

രണ്ട്: മുതലക്കുളത്ത് ഡോക്ടർ അലീമിയാൻ നദ്‌വി സാഹിബുമൊത്ത് ശരീഅത്ത് സംരക്ഷണാർത്ഥം ശംസുൽ ഉലമാ വേദി പങ്കിട്ടു. ഇതോടെ 'സുന്നിസം' പരിപൂർണമായി സമസ്ത കൈയ്യൊഴിഞ്ഞു എന്നായി കാന്തപുരം.

ഡോക്ടർ എം.കെ. മുനീർ 33 വർഷത്തിനു ശേഷം മർക്കസിൽ ചെന്ന് എ.പിയുടെ കൂടെ ആഹാരം കഴിച്ചതോടുകൂടി പ്രശ്നം തീർന്നു. ഓറഞ്ച് നൽകിയത് തെറ്റാണെങ്കിൽ വിളിച്ചുകൊണ്ടുപോയി ബിരിയാണിയും അണ്ടിപ്പരിപ്പും ബദാമും നൽകിയത് മഹാതെറ്റാവുമല്ലോ. (ശംസുൽ ഉലമയുടെ കറാമത്ത് അല്ലാതെന്തുപറയാൻ.) അതുവഴി മർക്കസിൽ മഹാസമ്മേളനങ്ങൾ മാത്രമല്ല മഹാതെറ്റും നടക്കുമെന്നാണോ കരുതേണ്ടത്?

ഈ പേരിൽ പള്ളികളെത്ര പൂട്ടി. കേസെത്ര കൊടുത്തു. കുണ്ടൂർ, കുറ്റിമൂച്ചി, വാരാമ്പറ്റ -മൂന്നു കൊലകൾ നടന്നു. എത്ര അടിപിടികൾ, ജനറൽബോഡി കുഴപ്പങ്ങൾ, എപിക്ക് ഉത്തരം പറയാൻ ഉത്തരവാദിത്വമില്ലെന്നറിയാം. മറ്റുള്ളവരങ്ങനെയാണോ? മേപ്പുര ഉള്ളവൻ തീപ്പൊരി ഭയക്കേണ്ടതില്ലേ?

അദ്ദേഹത്തിന്റെ പ്രസ്ഥാനം കേവലം ഒരു 'ധനമിടപാട്' സ്ഥാപനം പോലെ നിലനിർത്താനാവണം അദ്ദേഹത്തിനും അനുയായികൾക്കും താൽപര്യം. മുനീറിനും മുസ്‌ലിംലീഗിനും അങ്ങനെ പറ്റില്ലെന്നാണ് സുമനസ്സുകൾ വിചാരിക്കുന്നതും വിചാരിച്ചതും.

ഈ പംക്തിയിൽ വിചാരണക്ക് വിധേയമായത് തിന്മകൾ മാത്രമാണ്. വ്യക്തികളല്ല. ഒരിക്കലും അങ്ങനെയായിട്ടില്ല. നാം അമേരിക്കൻ മുൻപ്രസിഡന്റ് ജോർജ് ബുഷിനെ പ്രതിക്കൂട്ടിൽ നിർത്തിയത് അദ്ദേഹത്തിന്റെ നയങ്ങളെ ചൊല്ലിയാണ്. അടിയന്തിരാവസ്ഥയെ ചൊല്ലിയാണ് ഇന്ദിരാഗാന്ധി വിമർശിക്കപ്പെട്ടത്. മുസ്‌ലിം വിരുദ്ധ നിലപാട് കാരണമാണ് ഇടതുപക്ഷം പ്രത്യേകിച്ച് അച്ചുതാനന്ദൻ വിമർശിക്കപ്പെട്ടത്. പിണറായി വിജയനല്ല ലാവ്‌ലിനാണ് വിഷയം. ബി.ജെപി. ബാബ്‌രി പള്ളിയുടെ പേരിലാണ് വിചാരണക്ക് വിധേയരായത്.

ശശി തരൂർ എത്രനല്ല മനുഷ്യൻ. ഒന്നിലധികം പെണ്ണ് കെട്ടിയ 'ചൊക ചൊക' നിറമുള്ള, മണിമണിയായി ഇംഗ്ലീഷ് പറയുന്ന തരൂർ കന്നുകാലി ക്ലാസും ക്രിക്കറ്റും കാരണം കസേര പോലും തെറിച്ചു. ഇതൊക്കെ സാധൂകരിക്കുന്നവർ കാന്തപുരത്തിന്റെ രീതികൾ ശരിയല്ലെന്നുപറയുമ്പോൾ അത് പണ്ഡിതഭർത്സനമാണ്, പരലോകത്ത് ഉത്തരം പറയേണ്ടിവരും, ആഖിബത്ത് അപകടത്തിലാവും തുടങ്ങി പിന്നെ കുറെ തെറികളും പറയുന്നതിന്റെ ന്യായമാണ് മനസ്സിലാവാത്തത്.

ശരി പറഞ്ഞാൽ ആഖിബത്ത് മോശമാവുകയും തെറ്റുകൾ ചെയ്താൽ ആഖിബത്ത് നന്നാവുകയും ചെയ്യുമെന്ന് ഏത് കിതാബിൽനിന്നാണവർ പഠിച്ചത്? 22 വർഷം കൊണ്ട് എന്താണുണ്ടാക്കിയത്. ശാന്തമായി വിചാരിച്ചുനോക്കരുതോ?

പരമാവധി മഹല്ലുകൾ ഭിന്നിപ്പിച്ചു, മദ്റസകൾ കയ്യേറി, പള്ളികൾ പൂട്ടിച്ചു, മുസ്‌ലിംകളെ പരസ്പരം ശത്രുക്കളാക്കി, പകനിറച്ചു. കൂട്ടത്തിൽ കുറച്ച് യതീംകുട്ടികളെ തീറ്റിപ്പോറ്റി നാലക്ഷരം പഠിപ്പിച്ചു. പതിനായിരങ്ങളെ പിഴപ്പിച്ചു. പത്താളെ നന്നാക്കിയെന്ന് മേനിപറയുന്നത് ശരിയല്ലെന്ന് ഞാനായിട്ട് പറയുന്നില്ല. സ്വയം ചിന്തിച്ചു നോക്കുക. എന്തിനായിരുന്നു ഇതെല്ലാം. മുസ്‌ലിം ലീഗ് വിരോധമാണെങ്കിൽ അത് തീർന്നില്ലേ. ഫിറോസ് വന്നു. ഇ.ടിയും സമദാനിയും ആശംസിച്ചു. മുനീർ ഭംഗിയായി പ്രസംഗിച്ചു. ഇനി വിരോധവും സ്ഥിരം ഡയലോഗും ഒന്ന് മയപ്പെടുത്തിക്കൂടേ. അതായത് ഞങ്ങളെ സഹായിക്കുന്നവരെ ഞങ്ങളും സഹായിക്കുമെന്ന പ്രലോപനം. സഹായിക്കാൻ എന്താണുള്ളത്? പണമാണോ? കാറാണോ? അതോ വിലപിടിച്ച മൊബൈലുകളോ? വോട്ട് ആണെന്ന് പറയാൻ പറ്റില്ലല്ലോ. ഒന്ന് അതൊരു പൗരാവകാശമാണ്. അത് ഓരോ വ്യക്തികളും സ്വകാര്യമായി ചെയ്യുന്നതാണ്. അതാണ് ഒന്നിച്ച് എ.പി. ബൾക്കായി വിൽക്കുമെന്ന് പറയുന്നത്? കേരളം വെള്ളരിക്കാപട്ടണമാണോ? കൂടെ കൂടി തക്ബീർ വിളിക്കുന്നവർ മൂന്ന് തരക്കാരാണ്. ഒന്ന്: കമ്മ്യൂണിസ്റ്റുകാർ, രണ്ട്: പക്കാ ലീഗ് വിരോധികൾ, മൂന്ന്: ചില്ലറ കാംക്ഷികൾ. ഈ മൂന്നിൽ ആദ്യം പറഞ്ഞ രണ്ടു വിഭാഗം സ്വപ്നത്തിൽ പോലും കോണിക്ക് കുത്തില്ല. മൂന്നാമത് വിഭാഗം കിട്ടേണ്ടത് കിട്ടിയാൽ ചെയ്യേണ്ടത് ചെയ്യും. എ.പി രാഷ്ട്രീയപ്പാർട്ടികളെ പറഞ്ഞാനന്ദിപ്പിക്കുന്നത് ഈ മൂന്നാം വിഭാഗത്തെ വെച്ചാണോ? അത്യപൂർവ്വം ജനാധിപത്യ വിശ്വാസികളുള്ളത് വിസമ്മതിക്കുന്നില്ല.

ജമാഅത്തെ ഇസ്‌ലാമിയെ പോലെ കാന്തപുരം ഗ്രൂപ്പും ഭാവിയിൽ ഒരു രാഷ്ട്രീയ പാർട്ടിയായി രൂപാന്തരപ്പെടും. രാഷ്ട്രീയ സാധ്യതകളും സൗകര്യങ്ങളും ലക്ഷ്യമാക്കുന്നവരുടെ അന്തിമ ഇരിപ്പിടം അവിടെതന്നെയാണ്. എന്നാൽ, ദീനിന്റെ ദഅ്‌വത്ത് അതായത് നന്മകൊണ്ട് ഉപദേശിക്കലും തിന്മകൊണ്ട് വിരോധിക്കലും കടുത്തപാപമാണെന്ന് പറയുകയും ദഅ്‌വത്ത് ചെയ്യുന്നവരെ കണക്കറ്റ് ആക്ഷേപിക്കലും എവിടുത്തെ മര്യാദയാണ്? എന്നെ ഫോണിൽ വിളിച്ചും അല്ലാതെയും ഭീഷണിപ്പെടുത്തിയാലൊന്നും ഈ ദഅ്‌വത്ത് നിർത്താൻ ഉദ്ദേശിക്കുന്നില്ല. ആയുസും ആരോഗ്യവും വകതിരിവുമുള്ള കാലത്തോളം ദഅ്‌വത്ത് തുടരുകതന്നെ ചെയ്യും. അല്ലാഹുവിന്റെ ദീനിന്റെ പ്രചാരണമാണ് ലക്ഷ്യമെങ്കിൽ വരിക, മഹാനായ വരക്കൽ തങ്ങൾ പടുത്തുയർത്തി കണ്ണിയത്ത് ഉസ്താദും ശംസുൽ ഉലമയും സാത്വികരായ ഉലമാക്കളും സാദാത്തുക്കളും വളർത്തിയ സമസ്തയിലേക്ക്. മർഹബ, മർഹബ. അല്ലാഹു അനുഗ്രഹിക്കട്ടെ-ആമീൻ.